


10 മുതൽ 0 വരെ


MALABAR CHRISTIAN COLLEG
EDITORIAL BOARD
STAFF EDITOR
STUDENT EDITOR
SUB EDITOR
MEERA JULIET C
NIHAL VP
SAJAY LAL
AJAY LAL
JAYA SNEHA
NIKHIL ANAND
ATHULYA BS
THASKINA THASNI
AMRUTHA
HELEN GEORGE
SUJITH
HEBI


MALABAR
CHRISTIAN
COLLEGE
ESTD IN 1909 BY BASEL MISSIONARIES
ALABAR CHRISTIAN COLLEGE

## സന്ദേശം



**മീരാജൂലിയറ്റ്.സി.**
സ്റ്റാഫ് എഡിറ്റർ

മലബാർ ക്രിസ്ത്യൻ കോളേജ്, നൂറ്റിയെട്ട് വർഷങ്ങളായി മലബാറിന്റെ മണ്ണിൽ ജാതി-മത-വർണ്ണ-വർഗ്ഗ ഭേദമെന്യേ വിദ്യപകർന്നു നൽകിക്കൊണ്ട് തലയെടുപ്പോടെ നിൽക്കുന്ന കലാലയം. പഠിച്ചിറങ്ങുന്ന വരുടെയെല്ലാം മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്ന വസന്തകാലം ഈ കലാലയത്തിന്റേതു കൂടിയാണ്.

ഒരിക്കൽ നെഞ്ചോടു ചേർത്തുപിടിച്ച ആദർശ ങ്ങളും ആശയങ്ങളും പ്രണയങ്ങളുമല്ലാം ഓർമ്മയായി ത്തീരും മുൻപ് അവയെ അക്ഷരങ്ങളിലേക്ക് പകർ ത്താൻ അതാതു കാലത്തെ വിദ്യാർത്ഥികൾ പരിശ്രമി ക്കാറുണ്ട്. ഇതും അത്തരത്തിലൊരു ശ്രമമാണ്. സമകാലിക സമൂഹത്തിൽ തങ്ങളുടെ കണ്ണിലുടക്കിയ കാഴ്ചകൾ, മനസ്സിനെ മഥിച്ച ചിന്തകൾ, എന്നിവ ഇവരിവിടെ പങ്കുവെക്കുന്നു. ഇത് നിങ്ങളുടെ ചിന്തകളെ ജ്വലിപ്പിക്കട്ടെ, നഷ്ടപ്പെടുത്തിയതിനെ തിരികെ പിടിക്കാനുള്ള ആർജവമുണ്ടാക്കട്ടെ, ഒപ്പം ഈ ശ്രമം വരുംതലമുറകൾക്കെല്ലാം പ്രചോദനമാകട്ടെ. പഠിച്ച കാലവും കലാലയവും ഒളിമങ്ങാതെ നിൽക്കട്ടെ!

ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ചുറുചുറു ക്കോടെ ഓടിനടന്ന സ്റ്റുഡന്റ് എഡിറ്റർ നിഹാലിനും മാഗസിൻ കമ്മറ്റി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. മാഗസിന് എന്റെ ഹൃദയംഗമമായ ആശംസകൾ.

# സമർപ്പണം




ഇവിടം നിന്നെ ഓർക്കാതല്ല ഒരു സൂര്യനും ഉദിക്കുന്നതും ഓർമ്മകൾ അസ്തമിക്കുന്നതും, താരകം വിരിയുന്നതും വാകപ്പൂവുകൾ കൊഴിയുന്നതും...

നിന്നെയോർത്തുകൊണ്ടാണ് ഞങ്ങളും തുടങ്ങുന്നത്. കാറ്റെത്തും മുന്നേ കൊഴിഞ്ഞുവീണടർന്ന പ്രിയ ജിതിന്,

ഞങ്ങൾ ഈ മാഗസിൻ സമർപ്പിക്കുന്നു.


# ഓർമകളിലൂടെ



# അനുസ്മരണം



കാലത്തിനോട് വിരൽ ചൂണ്ടി കലഹിച്ച കവിതയ്ക്ക്, ഇനി വിടരാത്ത ചുവന്ന ക്യൂബൻ വസന്തത്തിന്, സ്മരണകളുടെ കടലിരമ്പം നെഞ്ചിലേറ്റി കത്തിയമർന്ന വിപ്ലവ നക്ഷത്രത്തിന്, അമരസമര നായകൻ പ്രിയ ഫിദലിന്...




## STATEMENT OF OWNERSHIP

form (IV See rule 8)

Statement of ownership and other particular about Malabar Christian College magazine (2016-2017)



Dr.Godwin Samraj
Chief Editor



Mrs. Meera Juliet.C
Staff Editor



Mr.Nihal.V.P
Student Editor

| | | |
|---|---|---|
| Place of publication | : | Calicut |
| Nationality | : | Indian |
| Periodity of publication | : | 2016-17 |
| language in which it is published | : | Malayalam, English, Hindi, German |
| Address | : | Malabar Christian College, Calicut |
| Publisher Name | : | Principal |
| owner of magazine | : | Malabar Christian College |
| Printers Name | : | Guru Offset & Graphics |

I here by declare that particulars given above are true is the best of my knowledge and brief.

Sd/
Principal

Layout & Design
Guru Graphics, Mob: 89 212 89 588

# MENTORS



**Dr. Godwin Samraj**
Principal



**Mr. Samuel Zachai**
Manager



**Mrs. Sindu**
PTA Secretary

## Cultural Incharges



**Mrs. Anuradha.P.R**



**Dr. Sreejith.G**



**Dr. Sreejith M Nair**
Staff Advisor



**Mrs. Meera Juliet.C**
Staff Editor



**Mr. Haridasan K**
Sports Incharge



"ധർമ്മവും സത്യവും ശൗചംക്ഷമാദികൾ
എന്നിവ കാലേ ദിനം പ്രതി പോം കലി
തന്നുടെകാലേ നൃപതേ! മഹാമതേ!
നന്നായ്ക്കുറയുമായുസ്സും ബലം സ്മൃതി.
ജന്മഗുണാചാരമെന്നതിന്നാശ്രയം
മാനവന്മാർക്കു വിത്തം പ്രമാണമതാം
ധർമ്മാദിമര്യാദികൾക്കു ബലമൊന്നു-
തന്നെയതാശ്രയമെന്നു നടത്തിടും
ദമ്പതിമാർക്കു രാഗംതന്നെ ധർമ്മമാം
അൻപോടു സ്ത്രീവശരായ്‌വരും പൂരുഷർ"



സത്യത്തിന് സ്വത്വം നഷ്ടമാകുമ്പോൾ
അഴിമതി ലോകം മുടിക്കുമ്പോൾ
ഇതുവരെ കണ്ടെത്തിയതും, അറിയുന്നതുമായ
ഒരേയൊരു പച്ച ഗോളത്തെ,
അതിന്റെ തിളക്കത്തെ, അതിനുള്ളിലെ
വിപ്ലവത്തിന്റെ ചുവന്ന തീക്കനലിനെ
കെടാതെ സൂക്ഷിക്കാൻ കൽക്കി
ജനിക്കുക തന്നെ ചെയ്യും

പക്ഷേ,

നിങ്ങൾ പറഞ്ഞതുപോലെ,
കുതിരപ്പുറത്ത്, വാളുവീശി
ലോകത്തിന് ആവശ്യമില്ലാത്ത
ഒരു ദൈവമായല്ല

കോടിക്കണക്കിന് മുദ്രാവാക്യങ്ങളുടെ
ആരവത്തിൽ, കാൽനടയായി
കലയേയും സാഹിത്യത്തേയും
ശാസ്ത്രത്തേയും ആയുധമാക്കി
നാളെയിലേക്ക് മുന്നേറുന്ന
അനേക ലക്ഷങ്ങളുടെ
പ്രതിനിധിയായി

ഉള്ളവരും ഇല്ലാത്തവനുമെന്ന്
ഭേദമില്ലാത്ത,
നിറഭേദമില്ലാത്ത,
ചരിത്രം മനസ്സിലുള്ള
ഒരു വിപ്ലവനായകനായി

കൽക്കിക്കായി കാത്തിരിക്കുന്നു.
മാറ്റത്തിനായി കാത്തിരിക്കുന്നു.

# Contents

Malabar Christian College Magazine


12 രാജ്യസ്നേഹം

13 വിശ്വാസങ്ങളുടെ ആരാച്ചാർ

14 ദ്രൗപതിമാർ

16 വിലക്കപ്പെട്ട കനി

18 ഒടേ തമ്പുരാന്റെ മൂന്നാം കണ്ണ്

20 ഇസ്ലാമിക് സ്റ്റേറ്റിന്റെ അലയൊലികൾ..

25 മുത്തലാഖ് എതിർക്കപ്പെടേണ്ടതോ?

28 റിയോയിലെ പെൺപെരുമ

30 പ്രണയവും വിപ്ലവവും

32 ഇവർ പൂക്കും എം.സി.സി.

34 ഒടുക്കം

35 മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

37 മോക്ഷം

38 മകന് ഒരു കത്ത്






20 ഇസ്ലാമിക് സ്റ്റേറ്റിന്റെ അലയൊലികൾ..

40 ചലിച്ചിത്രമേളകൾ ദൃശ്യാവിഷ്ക്കാരത്തിന്റെ കലാവിരുന്ന്

44 തനിയെ

45 Future ready classrooms of tomorrow, today

47 കാട് പൂക്കുന്നിടത്താണ് വസന്തം

51 Fear it... and not..

52 ഞാനും ഞാനുമെന്റാളും

55 കറുപ്പ്

56 ഒരുപകുതി നിലാവും മറുപകുതി രാവും

60 Lets save a Penalty

63 സോഷ്യൽ മീഡിയ മക്കാറാക്കുമ്പോൾ

68 ഇക്കിളി തേടുന്ന സംസ്കാരം

71 ഉത്തരാധുനികം

72 തണുത്ത കല്ലറകൾ







25 മുത്ത്വലാഖ് എതിർക്കപ്പെടേണ്ടതോ?

28 റിയോയിലെ പെൺപെരുമ

76 ദഹിക്കാൻ ബുദ്ധിമുട്ടുള്ള ചിലത്

78 ഇറോം ശർമിള

81 ചരിത്രത്തിലെ കുട്ടികൾ

86 ഇന്നലെ വിരിഞ്ഞ പൂവ്

87 ഫിദൽ





16 വിലക്കപ്പെട്ട കനി




81 ചരിത്രത്തിലെ കുട്ടികൾ



18 ഒടേ തമ്പുരാന്റെ മൂന്നാം കണ്ണ്





Rohan Suresh
2nd B.Com

# രാജ്യസ്നേഹം

രാജ്യ സ്നേഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ? ചോദ്യം കണ്ടതും ആ പതിനൊന്നു വയസ്സുകാരിയുടെ കണ്ണുകൾ വികസിച്ചു. ഒരു ദീർഘനിശ്വാസമുതിർത്ത് ഉത്തരക്കടലാസിൽ മാർജിൻ വരച്ച് അവൾ ഉന്മേഷത്തോടെ ഉത്തരം എഴുതിത്തുടങ്ങി. മനുഷ്യരെ കൊന്ന് പശുവിനെ പൂജിക്കുക, ഗാന്ധിയെ പുച്ഛിച്ച് ഗോഡ്സെയെ വാഴ്ത്തുക, മുസൽമാനെ പാക്കിസ്ഥാനിലേക്ക് നാടുകടത്തുക, ക്രിസ്ത്യാനികളെ ഇന്ത്യയിൽ നിന്നും ആട്ടിയോടിക്കുക, ബീഫ് വർജ്ജിച്ച് മനുഷ്യയിറച്ചി ഭക്ഷണത്തിന്റെ ഭാഗമാക്കുക, ലക്ഷങ്ങളുടെ കോട്ടിട്ട് വഴിവക്കിലെ പിച്ചക്കാരനെ നോക്കി കാറിത്തുപ്പുന്ന ഭരണാധികാരികളെ സേവിക്കുക, പരസ്പരം കൊന്നും കൊലവിളിച്ചും ഈ നാടിനെ മറ്റു മതങ്ങളിൽ നിന്നും സംരക്ഷിക്കുക, ഇതിനെല്ലാമാണ് രാജ്യസ്നേഹം എന്നു പറയുന്നത്. മുഴുവൻ എഴുതിത്തീർന്ന് സംതൃപ്തയായ അവൾ കണ്ണുകൾ ഇറുകെ അടച്ച് അല്പനേരം അനങ്ങാതെ ഇരുന്നു. ആ കുഞ്ഞു കണ്ണുകളിൽ നിന്നും അപ്പോഴടർന്നു വീണ കണ്ണുനീർത്തുള്ളികൾക്കല്ലേ യഥാർത്ഥത്തിൽ രാജ്യസ്നേഹം എന്നു പറയുന്നത്.

# വിശ്വാസങ്ങളുടെ ആരാച്ചാർ



Adarsh
Ist Malayalam



"പന്ത്രണ്ടുകാരിയുടെ ആത്മഹത്യ; മാതാവും പൂജാരിയും പിടിയിൽ" "പ്രകൃതിവിരുദ്ധ പീഢനം, പുരോഹിതൻ അറസ്റ്റിൽ"- ഇത്തരം വാർത്തകൾ നിരന്തരം പിന്തുടരുന്ന സാമൂഹിക പശ്ചാത്തലത്തിണ് നമ്മൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. പത്രങ്ങളിലും, സാമൂഹിക മാധ്യമങ്ങളിലും നാം കണ്ടും, കേട്ടുകൊണ്ടിരിക്കുന്നതും ഇത്തരം കാഴ്ചകളാണ്. അവർക്ക് നീതിനേടിക്കൊടുക്കണം എന്ന ആവശ്യമുന്നയിച്ച് ഹാഷ് ടാഗുകൾ കൊണ്ട് സൈബർ ലോകത്തെ തന്നെ ദഹിപ്പിക്കാൻ തക്കശേഷിയുള്ള അഗ്നിഗോളം ദിവസങ്ങൾക്കകം തന്നെ അണഞ്ഞില്ലാതാവുന്നു. ഇത്തരം വാർത്തകൾ വെറുതെ വായിച്ച് തള്ളുമ്പോൾ നാമറിയുന്നില്ല, നമ്മുടെ ഉറ്റവർക്കും ഉടയവർക്കും ഇത്തരം ഗതി വന്നേക്കാം എന്നത്.

ഹേ, പ്രബുദ്ധകേരളമേ... നിനക്കിതെന്തുപറ്റി?

ഏറ്റവുമധികം നാം ഞെട്ടിയതെന്തെന്നാൽ തന്റെ ആത്മാവിനെ പോലും ദൈവത്തിലർപ്പിക്കേണ്ടവർ തന്നെ ഇത്തരം ദുഷ്ചെയ്തികളിൽ ഭ്രമിക്കുന്നു എന്നതാണ്. പള്ളീലച്ചനെന്നോ, പൂജാരിയെന്നോ, ഉസ്താദുമാർ, എന്നോ ഇതിന് വേർതിരിവില്ല. ഇന്ദ്രിയ സുഖങ്ങളെ നിഗ്രഹിച്ച് ലോകനന്മ കാംക്ഷിക്കേണ്ടവർ തങ്ങളുടെ സുഖഭോഗങ്ങളിൽ അടിമപ്പെടുന്നു. "ഇദം ന മമ". ഒന്നും തനിക്കായ്ക്കൊണ്ടല്ല എന്ന് മനസ്സാൽ മന്ത്രിച്ച്. ഹൃദയത്തിന് കുറുകെ ബ്രാഹ്മണ്യത്തിന്റെ, വിശുദ്ധിയുടെ പൂണൂൽ വീണ പൂജാരി. കാമുകിയായ അമ്മയുടെ മൗനാനുവാദത്തോടെ ഒരു കുരുന്നു ജീവന്റെ ആശയുടെയും പ്രത്യാശയുടെയും വാതിൽ കൊട്ടിയടച്ച് സാക്ഷയിട്ടപ്പോൾ തരിച്ചു നിന്നത് ഒരു ജനത മുഴുവനുമാണ്. വിദ്യ കാംക്ഷിച്ച് തങ്ങളുടെ മുന്നിലേക്കെത്തിയ വിദ്യാർത്ഥികളെയും, പൗരോഹിത്യ വൃത്തി സ്വീകരിച്ച് സന്യാസത്തിൽ സത്യം മനസ്സർപ്പിക്കേണ്ടവർപോലും ഇത്തരം ചെയ്തികളാൽ ജീവിതത്തിലെ വെളിച്ചം തല്ലിക്കെടുത്തിയപ്പോളും നാം അമ്പരന്നു. ആ അമ്പരപ്പിന് അധികം പ്രാധാന്യം നൽകാതെ നാം നമ്മുടെ ജീവിതത്തിലേക്ക് തിരിച്ചുവന്നപ്പോഴും സമൂഹത്തിന്റെ മനസ്സാക്ഷി പോലും വിറ കൊണ്ടിരിക്കാം.

"ഇപ്പോഴത്തെ സ്കോർ നില
പള്ളീലച്ചൻ - 2
ഉസ്താദ് - 2
പൂജാരി - 1

കമോൺഡ്രാ പൂജാരി... ഇത്തരം വാട്സ് ആപ്പ് കോമഡികൾ വായിച്ച്, ചിരിച്ച് രസിക്കുമ്പോൾ ഒരിക്കൽപോലും നാം ഇതിന്റെ കാര്യഗൗരവത്തെക്കുറിച്ച് ചിന്തിച്ചിരിക്കില്ല.

ഒരു സ്ത്രീ രാത്രിയിൽ ഒറ്റയ്ക്കാവുമ്പോൾ ഇതാണ് തന്റെ ഉത്തരവാദിത്വം എന്നല്ലാതെ ഇതാണ് പറ്റിയ അവസരം എന്ന് ചിന്തിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിലെ സാമൂഹികസ്ഥിതിയെ ആലോചിച്ച്, സർവ്വരും വിശ്വസിക്കുന്ന ആ പ്രപഞ്ച ശക്തിപോലും കരഞ്ഞിരിക്കാം, എന്നിട്ടും മാനുഷ്യാ...

ഇതിലേറെ ഹൃദയഭേദകമായ കാര്യമാണ് പിതാവിനടുത്തു പോലും അവൾ സുരക്ഷിതയല്ല എന്നുള്ളത്, കാമുകനായ്ക്കൊണ്ട് മക്കളെ കാഴ്ചവയ്ക്കുന്ന മാതൃത്വവും അന്യമല്ല. ലാളനയു ടെ മുഖംമൂടി പിച്ചിച്ചീന്തിയെറിഞ്ഞ് സ്വന്തം വീടാകുന്ന തടവറയിൽ വെന്തുരുകുന്നവർ...

ഹേ ഭ്രൂണമേ... പെണ്ണായി പിറക്കാനാണ് നിന്റെ വിധിയെങ്കിൽ നീ പേടിക്കണം, സ്വന്തം അച്ഛ നെയോ, സഹോദരനെയോ, മാ തുലനെയോ, അമ്മയെയോ, ആ രെയും നീ പേടിക്കണം.

മാതൃത്വം, പിതൃത്വം എന്നീ വാക്കുകൾപോലും മരവിച്ച് പോ കുന്നു ഇത്തരം മഹാപാതകികൾ കാരണം,

പ്രബുദ്ധകേരളമേ... ലജ്ജിച്ചാലും.

# ദ്രൗപതിമാർ





Rijeesh
Ist MA Malayalam

യജ്ഞകുണ്ഡത്തിൽ നിന്നുടലെടുത്തവൾ
ദ്രുപദന്റെ പുത്രി
അഗ്നികുണ്ഡത്തിൽ പിറന്നിട്ടും
ജീവിതം മുഴക്കെ അഗ്നിപരീക്ഷകൾ
ക്കിരയായവൾ
ഇരുണ്ട ജീവിതപാതയിൽ
വഴി തെളിച്ചവൾ
വിധിയോട് പയറ്റിതെളിഞ്ഞവൾ
ദാസിയായവൾ കാമ്യകവനത്തിൽ
അന്തിയുറങ്ങിയവൾ
പഞ്ചപാണ്ഡവർക്കെന്നും തുണയായവൾ
പാണ്ഡവജ്യേഷ്ഠനാൽ അപമാനിക്കപ്പെട്ടവൾ
നീറിപ്പുകഞ്ഞ സ്ത്രീജന്മമവൾ
അവൾ തനിച്ചാകുന്നില്ല ഒരു യുഗത്തിലും
അവൾക്കു കൂട്ടിനായി ഇന്നുമീ
ഭാരതമണ്ണിലുണ്ട്
ഒരായിരം സ്ത്രീജന്മങ്ങൾ
നിർഭയ, ജിഷ, സൗമ്യ, പ്രമുഖനടി
അങ്ങനെ തുടരുന്നു അവരുടെ പേരുകൾ

# എന്ത് ചെയ്തു?



Suhad
ISt BCom



"നാണമില്ലേ നിനക്ക്...
നീ നീയല്ലാതാകുന്ന ഈ ലോകത്ത്
ജീവിക്കാൻ .....
മതഭ്രാന്തർ അക്രമിച്ച നിൻ
സഹോദരനായി
നീ എന്ത് ചെയ്തു ?
കറുത്തവനെന്ന് മുദ്രകുത്തപ്പെട്ട
നിന്റെ കൂട്ടുകാരന് വേണ്ടി
നീ എന്ത് ചെയ്തു ?
സൗഹൃദങ്ങളിൽ ലിംഗഭേദം
കാണിക്കാത്ത നിന്നെ ചൂഷണം
ചെയ്തവർക്കെതിരെ
നീ എന്തു ചെയ്തു ?
നിന്റെ ചിന്തകൾക്ക് മേൽ
മറ്റാരുടെയൊക്കെയോ
കൈകൾ വിലങ്ങുതീർക്കുമ്പോൾ
ഒന്നോർക്കുക
നീ നീയല്ലാതാകുന്നു.

# വിലക്കപ്പെട്ട കനി

> ലോകത്തെ ജനസംഖ്യയിൽ വലിയൊരു പങ്ക് പട്ടിണിയാൽ കഷ്ടപ്പെടുമ്പോൾ, മറ്റൊരു ഭാഗം തങ്ങളുടെ സുഖസൗകര്യങ്ങളെ സമ്പന്നമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നു.





Nihala Jabin
Ist Economics

തീക്ഷ്ണമായ കണ്ണുകളോടെ തന്റെ ഇരയെ കൊത്താൻ കാത്തുനിൽക്കുന്ന കഴുകൻ, ജീവന്റെ തുടിപ്പു നിലനിർത്താൻ കഷ്ടപ്പെടുന്ന ബാല്യം, നാം ഒരുപാടു തവണ കണ്ടിട്ടുള്ള ചിത്രമാണിത്. ആ കുട്ടിക്കുവേണ്ടി ഒന്നുംചെയ്യാൻ കഴിയാത്തതിനാലും, പുറത്തുനിന്നുള്ള വിമർശനം താങ്ങാനാവാതെയും, മനസ്സുതകർന്ന് കെവിൻ കാർട്ടർ ഒടുവിൽ ആത്മഹത്യ ചെയ്യുകയുണ്ടായി. കെവിന്റെ കഥ ഇതായിരുന്നുവെങ്കിൽ, ലോകത്ത് വിശപ്പുമൂലം ബുദ്ധിമുട്ടുകയും മരിക്കുകയും ചെയ്യുന്ന ഒട്ടനവധി ജീവിതങ്ങളുടെ കഥയറിയുമ്പോൾ, അവരുടെ ജീവൻ നിലനിർത്തുന്നതിൽ, നമ്മുടെ നിറവേറ്റപ്പെടാത്ത കടമകൾ ഓർത്ത് നാമെല്ലാം എത്ര തവണ ആത്മഹത്യ ചെയ്യേണ്ടിവരും !

ലോകത്തെ ജനസംഖ്യയിൽ വലിയൊരു പങ്ക് പട്ടിണിയാൽ കഷ്ടപ്പെടുമ്പോൾ, മറ്റൊരുഭാഗം തങ്ങളുടെ സുഖസൗകര്യങ്ങളെ സമ്പന്നമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നു. കാലങ്ങളായി വിശപ്പറിയുന്നവർ മാത്രമാണ് ഇതിനു വേണ്ടി ജനിക്കപ്പെട്ടവർ എന്ന നമ്മുടെ

പൗരൻമാരുടെ ദരിദ്രാവസ്ഥയിൽ മാറ്റം വരുത്തുന്നതിന്, ഗവൺമെന്റുകൾക്ക് കാര്യമായ പങ്കുണ്ട്. രാഷ്ട്രത്തെ ഉന്നതിയിലേക്ക് നയിക്കുന്നവർ കോർപറേറ്റുകളുടെ താളത്തിനു തുള്ളുമ്പോൾ, പാവപ്പെട്ടവരുടെ കഞ്ഞിയിലാണ് മണ്ണ് വീഴുന്നത്. രാജ്യത്തിന്റെ സ്രോതസ്സുകൾ പട്ടിണിക്കാരന്റേതുകൂടിയാണ് എന്നതും അവർ മറന്നു പോവുന്നു.






ഉൾചിന്ത മാറേണ്ടതായുണ്ട്. പലപ്പോഴും യുദ്ധങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും ബാക്കി പത്രമായായിരിക്കും ദാരിദ്ര്യത്തിന്റെ വരവ്. നമ്മുടെ മുകളിൽ വട്ടമിട്ടു പറക്കുന്ന ആ കഴുകന്റെ കൈകൾ നമ്മുടെ മേൽ എപ്പോൾ പതിക്കുമെന്നാർക്കറിയാം !! ദൈവം കനിഞ്ഞു നൽകിയ പ്രകൃതിയുടെ വിഭവങ്ങൾ തനിക്കുമാത്രമവകാശപ്പെട്ടതല്ലെന്നും, കുറച്ച് കൊണ്ട് മാത്രം അതിന്റെ മൂല്യം കാണാൻ കഴിയില്ലെന്നും, മറിച്ച് പങ്കുവെക്കപ്പെടുമ്പോഴാണ് അതിന് മഹത്വമുണ്ടാവുന്നതെന്നും നാം മനസ്സിലാക്കണം.

പൗരൻമാരുടെ ദരിദ്രാവസ്ഥയിൽ മാറ്റം വരുത്തുന്നതിന്, ഗവൺമെന്റുകൾക്ക് കാര്യമായ പങ്കുണ്ട്. രാഷ്ട്രത്തെ ഉന്നതിയിലേക്ക് നയിക്കുന്നവർ കോർപറേറ്റുകളുടെ താളത്തിനു തുള്ളുമ്പോൾ, പാവപ്പെട്ടവരുടെ കഞ്ഞിയിലാണ് മണ്ണ് വീഴുന്നത്. രാജ്യത്തിന്റെ സ്രോതസ്സുകൾ പട്ടിണിക്കാരന്റേതുകൂടിയാണ് എന്നതും അവർ മറന്നുപോവുന്നു. മുതലാളിത്തത്തിന്റെ ചൂടറിയുമ്പോഴേക്കും കാലം കടന്നുപോയിട്ടുണ്ടാവും. നെറുകയിൽ ഒരിറ്റു വിയർപ്പുതുള്ളി ഇന്നേ വരെ പൊടിഞ്ഞിട്ടില്ലാത്തവർ, ഒരു നേരം ഭക്ഷണം കഴിക്കാതിരുന്നാലുള്ള ബുദ്ധിമുട്ടും അറിഞ്ഞുകാണില്ല.

ഇത്തരത്തിലുള്ള അവസ്ഥകൾക്ക് ഒരു മാറ്റം വരുന്നകാലം, പട്ടിണിക്ക് അറുതിയാവുന്ന ഒരു കാലം കൂടിയായിരിക്കും, എന്റെ കൈയിലുള്ളത് മറ്റുള്ളവന് കൂടി വീതിച്ച് നൽകാൻ നാം തയ്യാറാവും. ഇത്തരത്തിലുള്ള ശ്രമങ്ങൾ നമ്മളാൽ ആരംഭിക്കുകയും, ഗവൺമെന്റുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ, ഒരു പരിധി വരെ പട്ടിണിയെ തുടച്ചു നീക്കാൻ സാധിക്കും. നമ്മളിൽ നിന്നുള്ള തുടക്കമാണാവശ്യം.

നല്ല മനസ്സുകളിലെ വെളിച്ചം ഇനിയും അണയാതിരിക്കട്ടെ !...






# ഒടേ തമ്പുരാന്റെ മൂന്നാം കണ്ണ്



Shimjith
2nd English

ഹിന്ദുമതവിശ്വാസപ്രകാരം മൂന്നു കണ്ണുള്ള ദൈവമാണ് പരമശിവൻ. രണ്ടു കണ്ണുകൾകൊണ്ട് കാണുന്ന ആ ദൈവത്തിന്റെ മൂന്നാംകണ്ണ് സംഹാരത്തിനുള്ളതാണ്. അതാകട്ടെ നെറ്റി മറഞ്ഞിരിക്കുകയുമാണ്. വിശ്വാസസത്തിന്റെ ഈ മൂന്നാം കണ്ണുകളെയൊക്കെ വെറുതെവിട്ടാലും ഒളിച്ചുവെയ്ക്കപ്പെട്ട മൂന്നാം കണ്ണുകളൊക്കെത്തന്നെ കുടിലമാണ് എന്ന് തിരിച്ചറിയപ്പെടുകയാണ് ഇക്കാലത്ത്.

നാലു മതിൽക്കെട്ടുകൾക്കകത്ത് പ്രൊഫഷണലിസത്തിന്റെ പാഠങ്ങൾ മാത്രം കുത്തിനിറച്ച് പുറത്തേക്കിറക്കിവിടേണ്ട പാവകളാണ് വിദ്യാർത്ഥികളെന്ന ചിന്താഗതിയിൽ നിന്നാണ്, സർവ്വാധികാരത്തിന്റേയും അവകാശികളായ തങ്ങളുടെ അടിമകളാണ് തങ്ങൾക്കുകീഴിൽ തൊഴിലെടുക്കുന്നവരെന്ന മാനേജ്മെന്റുകളുടെ ഗർവ്വിലൽ നിന്നാണ്, വിദ്യാർത്ഥികളുടെ, തൊഴിലാളികളുടെ ഓരോ വരാന്തകളിലും തൊഴിലിടങ്ങളിലും പൊതുസ്ഥലങ്ങളിലുമെല്ലാം സി.സി.ടി.വി ക്യാമറകളെന്നപേരിൽ ഇത്തരം മൂന്നാം കണ്ണുകൾ അവരോധിക്കപ്പെട്ടിട്ടുള്ളത്.

ഒരു ക്യാമ്പസിനകത്തേക്ക് കടന്നുവരുന്ന വിദ്യാർത്ഥികളാണ് ആ കലാലയത്തെ രൂപപ്പെടുത്തുന്നത്. കേവലം അറിവിടങ്ങൾക്കപ്പുറം യുവത്വത്തിന്റെ ഊർജവും പ്രസരിപ്പും ഏറ്റുവാങ്ങേണ്ട കലാലയങ്ങളും അധ്വാനത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കേണ്ട തൊഴിലിടങ്ങളും പക്ഷേ ഇന്ന് തടവുകാരന്റെ ഓരോ ചലനവും സൂക്ഷ്മതയോടെ നിരീ

ക്ഷിക്കപ്പെടുന്ന തടവറകളുടെ നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

ക്യാമ്പസുകളിലും തൊഴിലിടങ്ങളിലും ക്യാമറവെച്ചാൽ എന്താണ് കുഴപ്പമെന്ന് നിഷ്കളങ്കമായോ, നിരുത്തരവാദപരമായോ ഒരു ചോദ്യം ആർക്കും ഉന്നയിക്കാവുന്നതാണ്. വിദ്യാർത്ഥികളോടും ജീവനക്കാരോടുമുള്ള വിശ്വാസക്കുറവിന്റെ തെളിവായി മാറുന്നതിനപ്പുറത്തേക്ക് അവരുടെ സ്വകാര്യതയിലേക്കുള്ള ഒളിഞ്ഞുനോട്ടം കൂടിയായി ഇത്തരം ക്യാമറകൾ മാറുന്നുണ്ട് എന്നതാണ് സത്യം.

തലയ്ക്കു മുകളിൽ മറഞ്ഞിരിക്കുന്ന ഒറ്റക്കണ്ണു നീട്ടുന്ന ഈ ഒളിഞ്ഞുനോട്ടക്കാരന്റെ കുടിലമായ കണ്ണിൽ എപ്രകാരമാണ് ദൃശ്യങ്ങൾ പകർത്തപ്പെടുന്നതെന്ന് ആർക്കും അറിയില്ല. എന്നാൽ ഗൗരവമായ ഒരു കാര്യമാണത്. നിത്യജീവിതത്തിൽ സ്വാഭാവികമായ എത്രയുടുത്തിട്ടും നേരയാവാത്ത വസ്ത്രധാരണങ്ങളിലേക്കും വിജനമായിടത്തുചെന്നുള്ള മാറിയുടുക്കലുകളുടെ സ്വകാര്യതകളിലേക്കും എത്തിനോട്ടങ്ങളെത്തുമ്പോൾ അത് കമ്പ്യൂട്ടർ ഹാർഡിസ്കുകളിൽ പതിയപ്പെടുമ്പോൾ ന്യായമായും ആശങ്കകൾക്കിടയുണ്ട്. വിദ്യാർത്ഥികളെ വിശ്വാസത്തിലെടുക്കാത്ത ഒരു അധ്യാപക-അധികാരി സമൂഹത്തെ തിരിച്ചും വിശ്വാസത്തിലെടുക്കുക സാധ്യമല്ലല്ലോ. അറിവു നൽകുന്നവരിൽ നിന്ന് ജീവനെടുക്കുന്നവനിലേക്കുള്ള അപകടകരമായ പരിണാമം അധ്യാപകരിൽ സംഭവിക്കുന്ന ഇക്കാലത്ത് പ്രത്യേകിച്ചും.

കുരുക്കിട്ടുമുറുക്കിയതുപോലെ ടൈ കെട്ടി. ഐ.ഡി.കാർഡ് കഴുത്തിലണിഞ്ഞ് പ്രദർശത്തിനുവച്ച കാഴ്ച വസ്തുവിനെപ്പോലെ വിദ്യാർത്ഥികളെ പുറത്തിറിക്കിവിടാനുള്ള മാനേജ്മെന്റുകളുടെയും, തങ്ങളുടെ അധികാര ഗർവ്വിന് ഇരയാക്കേണ്ട അടിമകളാണ് തൊഴിലാളികളെന്ന തൊഴിൽ ദാതാക്കളുടെയും വ്യാമോഹത്തിനെതിരെ, നമ്മുടെ സ്വകാര്യതകളിലേക്ക് കടന്നുവരുന്ന കുടിലതയുടെ മൂന്നാം കണ്ണുകൾക്ക് നേരെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു.

വ്യവസ്ഥകളെ തച്ചുടയ്ക്കുന്നവനാണ് വിപ്ലവകാരി. തകർക്കപ്പെടേണ്ടവ തച്ചുടയ്ക്കുക തന്നെ വേണം. അതേത് ഒടേ തമ്പുരാന്റെ മൂന്നാം കണ്ണായാലും.



കുരുക്കിട്ടുമുറുക്കിയതുപോലെ ടൈ കെട്ടി. ഐ.ഡി. കാർഡ് കഴുത്തിലണിഞ്ഞ് പ്രദർശത്തിനുവച്ച കാഴ്ച വസ്തുവിനെപ്പോലെ വിദ്യാർത്ഥികളെ പുറത്തിറിക്കിവിടാനുള്ള മാനേജ്മെന്റുകളുടെയും, തങ്ങളുടെ അധികാര ഗർവ്വിന് ഇരയാക്കേണ്ട അടിമകളാണ് തൊഴിലാളികളെന്ന തൊഴിൽ ദാതാക്കളുടെയും വ്യാമോഹത്തിനെതിരെ, നമ്മുടെ സ്വകാര്യതകളിലേക്ക് കടന്നുവരുന്ന കുടിലതയുടെ മൂന്നാം കണ്ണുകൾക്ക് നേരെ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു.



# ISLAMIC STATE

ഭയപ്പെടുത്തി
കീഴ്പ്പെടുത്തുക
എന്ന രീതി വളരെ
ഫലപ്രദമായ രീതിയിൽ
തന്നെ ഐഎസ്
ചെയ്തുകൂട്ടിയിട്ടു.

IS



# ഇസ്ലാമിക് സ്റ്റേറ്റിന്റെ അലയൊലികൾ...



Rinsha
2nd English



ആധുനിക ലോകം അതിന്റെ മിതവാദ സ്വഭാവത്തിൽ നിന്നും തീഷ്ണമായ തീവ്ര ആശയങ്ങളുടെ തീച്ചൂളയിലേക്ക് വഴി മാറിയിരിക്കുന്നു. ഒരു പക്ഷേ, രാജ്യാന്തരബന്ധങ്ങളിലെ വിള്ളലിനേക്കാൾ കൂടുതൽ ദൃഢമായ ഒന്നാണ് ഇതിന് കാരണമായിരിക്കുന്നത്. മനുഷ്യനെ ലോകത്തിന്റെ ഏത് കോണിൽ നിന്നും പുളകം കൊള്ളിക്കാൻ സാധിക്കുന്ന അതിന്റെ പേര് മതം എന്നാണ്. അതെ മതം എന്ന സങ്കൽപത്തിന് സ്വന്തം രാജ്യമെന്നോ, ഭൂഖണ്ഡമെന്നോ, സ്വന്തം തോഴനെന്നോ വ്യത്യാസമില്ല. അതുകൊണ്ട് തന്നെ ലോകത്തിനെ വിനാശത്തിന്റെ ഒരു കുടക്കീഴിൽ എത്തിക്കാൻ അതിനേക്കാൾ മികച്ച ഒരു സങ്കൽപമില്ല. പക്ഷേ, സത്യത്തിൽ ലോകത്തെ അതിശയിപ്പിക്കുന്നത് എന്താണെന്നാൽ സമാധാനം മാത്രം പുലരാൻ ആഗ്രഹിക്കുന്ന ഇസ്ലാം മതമാണ് ഇന്നത്തെ തീവ്രവാദത്തിന്റെ വഴിയായി മാറുന്നത് എന്നതാണ്.

ഇസ്ലാമിക് സ്റ്റേറ്റ്: ഒരു മുഖവുരയുടെ പോലും ആവശ്യം ഉദിക്കുന്നില്ല. ലോകത്തിലെ എല്ലാ പ്രമുഖ വാർത്താമാസികകളും ഇന്ന് പുറത്തിറങ്ങുന്നത് ഐഎസിനെക്കുറിച്ചുള്ള ഒരു വാർത്ത ഉൾപ്പെടുത്തിയായിരിക്കും. സിറിയയിലും മറ്റും ഹൃദയഭാഗത്തിന് സമാനമായ രീതിയിൽ കണ്ട് പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വിനാശകാരിയായ സംഘടനയാണ് ഇസ്ലാമിക് സ്റ്റേറ്റ്. ഇസ്ലാം മതത്തിന്റെ പേരിലുള്ള തീവ്രവാദത്തിന് ഒരു ദശാബ്ദ ത്തിലേറെ ആയുസ്സുണ്ട്. 2014 ജൂൺ 29ന് 15 ന്റെ മേധാവി അബുബക്കർ അൽ ബാഗ്ദാദി ഖിലാഫത്ത് പ്രഖ്യാപനം നടത്തി യതോടെയാണ് വിനാശകലത്തിന്റെ അലയൊലികളിലേക്ക് ലോകം നീങ്ങിയത്. ഇതര സംഘടനകളും, പാർട്ടികളും, മത പ്രഭാഷകരും ചേർന്ന് കൂട്ട മുന്നണിയുണ്ടാക്കിയാണ് ഐഎസ് ആശയങ്ങൾ പ്രചരിപ്പിക്കുന്നത്. ഇവരുടെ ആദ്യ പ്രവർത്തനങ്ങൾ തുടങ്ങുന്നത് യുക്തിവാദികൾക്ക് നേരെയാണ്. ഇസ്ലാം അടങ്ങുന്ന മതങ്ങൾക്കെതിരെ ബ്ലോഗ് എഴുതുന്ന അനവധി സാമൂഹ്യപ്രവർത്തകരെ കഴുത്തറത്തും മറ്റുമാണ് ഇവർ ഇല്ലാതാക്കുന്നത്. ഒരു നാടിനെ കീഴ്പ്പെടുത്താനുള്ള ഏറ്റവും അനുകൂലമായ ഏടകം എഴുത്തുകാരെ കീഴ്പ്പെടുത്തുക എന്നതാണ്. ഭയപ്പെടുത്തി കീഴ്പ്പെടുത്തുക എന്ന രീതി വളരെ ഫലപ്രദമായ രീതിയിൽ തന്നെ ഐഎസ് ചെയ്തുകൂട്ടിയിട്ടുണ്ട്. ഇന്നും ബംഗ്ലാദേശിലടക്കം ഇത്തരം ബ്ലോഗർമാർക്കുനേരെ ആക്രമണ പരമ്പരകൾ തന്നെ നടക്കുന്നുണ്ട്. അത് വിരൽചൂണ്ടുന്നത് വിനാശകരമായ ഒരു കാലത്തിലേക്കാണ്. ലോകത്താകമാനം ഇത്തരം അനവധി സംഘടനകൾ പ്രവർ ത്തിക്കുന്നുണ്ട്, പക്ഷേ, ഇവരൊക്കെ തന്നെ ഉയർത്തുന്ന മുദ്രാ വാക്യം "മോചനം ഇസ്ലാമിലൂടെ" എന്നതാണ്. 'സിമി' എന്ന ഇന്ത്യൻ തീവ്രവാദ സംഘടനയുടെ മുദ്രാവാക്യം ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ എന്നാണ്. സത്യത്തിൽ ഐഎസിന്റെ മിന്നും വളർച്ചയിൽ ഏറ്റവും സന്തോഷിക്കുന്നത് ലോകത്താകമാനം ഉള്ള ഇത്തരം സംഘടനകളാണ്. പല പേരുകളിൽ ആണെങ്കിലും ഇവർ എല്ലാവരും ഉയർത്തുന്ന ആശയം ഒന്നുതന്നെയാണ്. നമുക്കിവിടെ


അമേരിക്ക എന്ന രാജ്യത്തിന്റെ പങ്കിനെക്കുറിച്ച് സംസാരിക്കാം, ബിൻലാദൻ എന്ന നായക സമാനമായ വ്യക്തിയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ആയിരക്കണക്കിന് കോടി തലയ്ക്ക് വിലയിട്ട ലോക ഇസ്ലാമിക തീവ്രവാദത്തിന്റെ നട്ടെല്ലായിരുന്നു അയാൾ. ലോക പോലീസ് ചമഞ്ഞ് അമേരിക്ക വൻ അക്രമണ പരമ്പരകളിലൂടെ പാക്കിസ്ഥാനിൽ വച്ച് അയാളെ കൊന്ന് തള്ളി ലോക സമാധാനത്തെക്കുറിച്ച് വീമ്പിളക്കി. പക്ഷേ, സത്യത്തിൽ അൽക്വയ്ദ എന്ന സംഘടനയെക്കുറിച്ചും, ലാദനെക്കുറിച്ചും ആഴത്തിൽ പഠിച്ച ഒരാൾക്ക് പറയാനാകും അമേരിക്ക എന്ന രാജ്യം തന്നെയാണ് അവരെ വളർത്തിയത് എന്ന്. ലോകത്ത് എവിടെ എന്ത് അക്രമം നടന്നാലും അതിൽ ഉൾപ്പെടുന്ന ആയുധങ്ങളുടെ വൻശേഖരം അമേരിക്കയുടെതായിരിക്കും. ഈ രീതിയിൽ അമേരിക്കയ്ക്ക് ഒരു കൃത്യമായ നയം ഇത്തരം സംഘടനകൾക്ക് മേൽ ഉണ്ടായിരുന്നു എന്നതാണ് സത്യം. ഇനി ഐഎസ്ന്റെ കാര്യമെടുക്കാം. അതിന്റെ കാര്യത്തിലും അമേരിക്കയ്ക്ക് വ്യക്തമായ പങ്കുതന്നെയുണ്ട്. ഐഎസ് ന്റെ വളർച്ചയ്ക്കും, എന്തിന് അതിന്റെ ആവിർഭാവത്തിനു പോലും അമേരിക്കൻ വിദേശ നയത്തിനുള്ള പങ്ക് വലുതാണ്. സത്യത്തിൽ അറബ് ലോകത്തിൽ രാഷ്ട്രീയ ക്രമത്തിലുണ്ടായ ജൈവ പ്രതിസന്ധിയാണ് ഐഎ.സ് ന്റെ ആവിർഭാവത്തിന് കാരണമായത്. ആ പ്രതിസന്ധിയിൽ നിന്നും ഉയർന്നുവന്നതിനാൽ തന്നെ അതിനെ പൂർണ്ണമായും ഇല്ലാതാക്കുക എന്നത് ഇന്നും നേരിടുന്ന വെല്ലുവിളിയാണ്. 2013 ൽ തന്നെ ഐഎസ് എന്ന വികാരത്തിന്റെ ഒഴുക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉയർന്നു തുടങ്ങിയിരിക്കുന്നു. 2001 ലെ 9/11 അക്രമം മറക്കാൻ ആർക്കും ആകില്ല. ലോക വ്യാപാര നിലയത്തിന് നേരെയുണ്ടായ അക്രമം ഈ ഭീകര സംഘടനകളുടെ വേറിട്ട മുഖങ്ങളാണ്. അതിന്റെ അലയൊലികൾക്ക് പിന്നാലെ 2003ൽ ഒരു സായുധ സുന്നിഗ്രൂപ്പ് ഇസ്ലാമിന്റെ നിയമമായ 'ശരിയത്തിന്റെ' പേരിൽ ഉണ്ടായി. അവർ തങ്ങളുടെ നിലയത്തിന് 'Camp Bucca' എന്ന് നാമകരണം ചെയ്തു. അത് 9/11 അക്രമത്തിൽ ചാരൻമാരായ ഒരാളാണ്. അതിൽ മാത്രം ആ അക്രമം അവർക്ക് എത്രമാത്രം വലുതായിരുന്നു എന്ന് വ്യക്തമാണ്. 2013 ൽ ഐഎസ് ഉയർന്നുവന്നു എന്നത് അംഗീകരിക്കപ്പെട്ടതാണ്. പക്ഷേ, സത്യത്തിൽ ഒരു ചങ്ങല പോലെ വർഷങ്ങളോളം നീണ്ടു നിൽക്കുന്ന അനവധി സംഘടനകളുടെ ഫലമാണ് ഇന്നത്തെ 'IS'. അതിനാൽ തന്നെ 2013 ന് വലിയ പ്രസക്തി നൽകേണ്ടതായിട്ടില്ല. സിറിയയും, അൽഷാമും അടങ്ങുന്നതാണ് അവരുടെ ഹൃദയഭാഗം. ലോകത്തിലെ IS ന്റെ താവളം തന്നെയാണ് ഇവ. അവരുടെ സംഘടനാരീതിയും, പദവികളും ചുവടെ.

ഐഎസ് നെക്കുറിച്ച് ഏറ്റവും കൂടുതൽ വാർത്തകൾ വന്നിരിക്കുക "മൊസൂൾ" നഗരത്തെ സംബന്ധിച്ചായിരിക്കും. അവർ തന്നെ ആ നഗരത്തെ വിശേഷിപ്പിക്കുന്നത് "ഇസ്ലാമിക് സ്റ്റേറ്റിന്റെ ഹൃദയത്തുടിപ്പിന്റെ ഇടം" എന്നാണ്. ഇറാഖിലെ ഇവിടം നിയന്ത്രിച്ചത് വളരെകാലം അവർ ആയിരുന്നു. യുദ്ധത്തിനാവശ്യമായ മുഴുവൻ പണവും അവർ കണ്ടെത്തുന്നത് നിർബന്ധിത പിരിവിലൂടെയും, വിശാലമായ എണ്ണപാടത്തിൽ നിന്നും മാത്രമാണ്. കണക്കുകൾ നോക്കുകയാണെങ്കിൽ ഐഎസ് ന്റെ വരുമാനത്തിന്റെ ഏറിയപങ്കും അവർ സ്വരൂപിക്കുന്നത് ഈ എണ്ണപ്പാടങ്ങൾ മുൻനിർത്തി മാത്രമാണ്. ഒടുവിൽ വിമാനത്താവളങ്ങൾ വരെ അടങ്ങുന്ന ആ പ്രദേശം അമേരിക്കയുടെയും, ഇറാഖിന്റെയും സഖ്യസേനകൾ പിടിച്ചെ

2001 ലെ 9/11 അക്രമം മറക്കാൻ ആർക്കും ആകില്ല. ലോക വ്യാപാര നിലയത്തിന് നേരെയുണ്ടായ അക്രമം ഈ ഭീകര സംഘടനകളുടെ വേറിട്ട മുഖങ്ങളാണ്. അതിന്റെ അലയൊലികൾക്ക് പിന്നാലെ 2003ൽ ഒരു സായുധ സുന്നിഗ്രൂപ്പ് ഇസ്ലാമിന്റെ നിയമമായ 'ശരിയത്തിന്റെ' പേരിൽ ഉണ്ടായി.

ടുത്തു; ഭാഗികമാണെങ്കിലും. പുരാതന നഗരമായ ഇവിടെയുള്ള സകലമാന പൈതൃക വസ്തുക്കളും തകർക്കപ്പെട്ടു. വർഷങ്ങൾ പഴക്കമുള്ള പലതും നശിക്കപ്പെട്ടു. സഖ്യസേന എത്തുംമുമ്പ് തന്നെ ഒരു ജനതയുടെ പൈതൃക സ്വത്തുക്കൾ മുഴുവനെന്നോളം തകർക്കപ്പെട്ടിട്ടുണ്ടായിരുന്നു. നേരത്തെ പറഞ്ഞപോലെ തന്നെ വരുമാനത്തിൽ ഇടിവ് സംഭവിച്ചത് കൂടിയാണ് ഐഎസിന് തിരിച്ചടിയുണ്ടാകാൻ കാരണം. പല എണ്ണപ്പാടങ്ങളും തകർന്ന തോടെ സ്വാഭാവികായും അവർക്ക് പിൻമാറേണ്ടിവന്നിട്ടുണ്ടാകും. ഇന്ന് അമേരിക്ക ശക്തമായിത്തന്നെ ഇവർക്കെതിരെ നീങ്ങുന്നു. പക്ഷേ, എല്ലാം പരിശോധിക്കുകയാണെങ്കിൽ അവർ മാത്രമാണ് ഇതിന്റെയൊക്കെ കാരണം. മഹായുദ്ധങ്ങളിൽ നേരിട്ട് ഇടപെടാതെ ഒന്നാം ലോക യുദ്ധകാലത്ത് ആയുധം വിറ്റ് കോടികളാണ് അമേരിക്ക നേടിയെടുത്തത്. ശത്രുപക്ഷത്തുള്ളവർ പോലും ഉപയോഗിച്ചത് അമേരിക്കൻ നിർമ്മിത ആയുധങ്ങൾ ആണ് എന്നത് ലജ്ജയോടെ മാത്രമേ കേൾക്കാൻ സാധിക്കു എന്നും, എന്ത് പ്രശ്നങ്ങൾക്കും അമേരിക്ക മുന്നിട്ടിറങ്ങുന്നത് ആയുധം വിറ്റ് കാശ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ മാത്രമാണ്. ബിൻലാദനെയടക്കം വളർത്തി അവസാനം കൊന്ന് തള്ളി ലോക പോലീസ് ചമയുക എന്നത് പരിഹാസകരമാണ്. ഐഎസ് ന്റെ വ്യാപകമായ അക്രമങ്ങൾക്ക് ഇന്ന് ഇരയായി കൊണ്ടിരിക്കുന്നതും ഇത്തരം രാജ്യങ്ങൾ തന്നെയാണ്. ലണ്ടൻ നഗരത്തിൽ മാത്രം രണ്ടിലേറെ ആക്രമണ പരമ്പരകളാണ് നടന്നത്. ഭരണകൂടത്തിന്റെ നെറികേടുകൾക്ക് ഇരയാകുന്നത് ജനതയും. മാധ്യമ പ്രവർത്തകരുടെ രാജ്യം നോക്കി അവർക്ക് വിലപേശുന്നു. അല്ലാത്തപക്ഷം, കഴുത്തറത്ത് കൊല്ലുന്നു. ജയിലറ കളിൽ പെട്രോൾ ഒഴിച്ചും അങ്ങനെയങ്ങനെ പൈശാചികമായി കൊന്ന് തള്ളുന്നു. അതൊക്കെ തന്നെ ലോകത്തിന് മുന്നിൽ ഇട്ട് കൊടുക്കുന്നു. ഏറ്റവുമൊടുവിൽ, ചെറുപ്പക്കാരും യുവാക്കളും ഇതിൽ വ്യാപകമായി ചേരുന്നു എന്ന വാർത്തയും പുറത്ത് വരുന്നു. കൊച്ചുകുട്ടികൾക്കടക്കം പരിശീലനം നൽകുന്ന ചിത്രങ്ങൾ ലോക മനസാക്ഷിയെത്തന്നെ ഞെട്ടിക്കുന്നതാണ്. പുസ്തകങ്ങളും, വർണ്ണചിത്രങ്ങളും നിറയേണ്ട കൈകളിൽ തോക്കുകൾ കൊടു ക്കുന്നത് ഏത് ഇസ്ലാമാണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അനവധിയാളുകളാണ് റിക്രൂട്ട്മെന്റിലൂടെ ഇതിൽ ചേരുന്നത്. പണത്തിൽ വീണുപോകുന്ന അനവധി പേർ തിരിച്ചുവരാനാകാത്തവിധം അതിൽ കുടുങ്ങി പ്പോയിരിക്കുന്നു. മതസങ്കൽപ്പങ്ങളെക്കുറിച്ച് ഒരു പുനർചിന്തനം നടത്തേണ്ടതിന്റെ ആവശ്യകത ഏറിവരികയാണ്. ദിനംപ്രതി മത ത്തിന്റെ പേരിൽ മാത്രം ജീവൻ നഷ്ടപ്പെടുന്നവർ അനവധിയാണ്.

ഈ അവസരത്തിൽ നമ്മുടെ മുന്നിൽ തെളിയുക ഒരു വ്യക്തി യുടെ മുഖം ആയിരിക്കും. ബലിപെരുന്നാളിന് അമേരിക്ക ലോകത്തിന് വേണ്ടി മാറ്റിവെച്ച ഒരാളുടെ ജീവൻ, "സദ്ദാംഹു സൈൻ". ഇറാഖിന്റെ ഏറ്റവും ശക്തനായ ഭരണാധികാരി. ഇന്നത്തെ ലോകത്തിന്റെ നിരീക്ഷണം സംബന്ധിച്ച് സദ്ദാം ഇല്ലാത്തത് തന്നെയാണ് ഈ സംഘടനയുടെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ കാരണമായിത്തീർന്നത്. അവിടെയും ഒരു കറുത്ത മുഖമായി അമേരിക്കയുണ്ട്. സദ്ദാമിനെയും വളർത്തിയതും, അവസാനിപ്പി ച്ചതും അവർതന്നെയാണ്. അങ്ങനെ അവസാനം തുരങ്കത്തിൽ വെച്ചാണ് അദ്ദേഹത്തെ പിടികൂടിയതും ദിവസത്തിന്റെ പ്രത്യേകത പോലെ തന്നെ ബലി നൽകിയതും. ലോകത്താകമാനം അരാജ



കത്വത്തിന് നേതൃത്വം നൽകുകയും അവസാനം വളർത്തിയവരെ ഇല്ലാതാക്കി ലോക സമാധാനത്തിന്റെ മേനി നടിക്കുകയും ചെയ്യുന്ന രാജ്യമാണ് അമേരിക്ക. സദ്ദാമിന്റെ കീഴിൽ ഇറാഖിനെ സുരക്ഷിതമായി നിലനിർത്താൻ കഴിയുമെന്ന് അർത്ഥമില്ല. എന്നിരുന്നാലും, അദ്ദേഹത്തിന്റെ ഭരണത്തിൽ സെക്യുലറിസം മുഖമുദ്രയായിരുന്നു. പക്ഷേ, അതിനെ ഇസ്ലാമിക സെക്യുലറിസം എന്ന് വിളിക്കുന്നതാകും കൂടുതൽ ഉചിതം. അദ്ദേഹത്തിന്റെ പാർട്ടിയായ "Baath" ന്റെ മുഖമുദ്രതന്നെ ദേശീയതയും മതേതരവും ആയിരുന്നു. വർഗ്ഗീയതയെ അടിച്ചമർത്തിയും, അത്തരക്കാരെ കൊന്നുതള്ളിയുമാണ് അവർ നീങ്ങിയത്. '90കളിലെ ഗൾഫ് യുദ്ധത്തിന് ശേഷം കൂടുതൽ സാമൂഹിക പ്രവർത്തനങ്ങളിലേക്കാണ് സദ്ദാം നീങ്ങിയത്. പക്ഷേ, ഇത്തരം നടപടികൾ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ നിന്ന് ആളുകൾ കൊഴിഞ്ഞ് പോകുന്നതിന് കാരണമായിത്തീർന്നു. 'Daesh'' പാർട്ടിയിലേക്ക്/ISIS പ്രസ്ഥാനത്തിലേക്കാണ് ഇത്തരക്കാർ പോയത്. അതിനാൽതന്നെ നമ്മുടെ രാജ്യം സെക്കുലറാണ്. പക്ഷേ, ഇസ്ലാമികം കൂടിയാണ് എന്ന് സദ്ദാമിന് പറയേണ്ടിവന്നു. ഒരു പക്ഷേ, സദ്ദാമിന്റെ അന്ത്യത്തിനും ഇത്തരം കാര്യങ്ങൾ തന്നെയാകും കാരണമായിരിക്കുക. രാജ്യത്തെ സെക്യുലറാക്കാൻ ശ്രമിച്ചത് കൊണ്ട് മാത്രം തീവ്രവാദികളായവർ അനവധിയാണ്. ഒരു പരിധിവരെ പാശ്ചാത്യ ശക്തികളുടെ സംരക്ഷണവും ഇവർക്ക് ലഭിച്ചിട്ടുണ്ടാകും. എന്നിരുന്നാലും സദ്ദാം എന്നത് ലോകത്തിന് ഇന്നും ഒരു തീരാ വേദന തന്നെയാണ്. യാതൊരു വിധ അടിസ്ഥാനവും ഇല്ലാതെയാണ് ഒരു രാജ്യത്തിന്റെ ഭരണാധികാരിയെ ലോക പോലീസ് തൂക്കിലേറ്റിയത്. ഇപ്പോൾ കുറച്ചു നാളുകളായി കേട്ടുവരുന്ന വാർത്തകൾ അനുസരിച്ച് അന്ന് ചെയ്ത ആക്രൂരതയ്ക്ക് അവർ നേരിട്ടല്ലെങ്കിലും ക്ഷമചോദിക്കുന്നുണ്ട്. കാരണം, ഒരു തിരുത്തൽ രേഖയെന്ന പോലെ ഐഎസ് തീവ്രവാദം വളരുകയാണ്.



ഇന്ത്യ, ലോകത്തിലെ മുസ്ലിം ജനസംഖ്യയിൽ നല്ലൊരു പങ്ക് ഇവിടെയും ഉണ്ട്. ജമ്മു വിഷയവും, അമേരിക്കയോടുള്ള അടുപ്പവും മാത്രം മതി നമ്മുടെ രാജ്യത്തോട് ഐഎസ് ന് ഉള്ള പക വെളിവാക്കാൻ. വൻ ആക്രമണങ്ങൾ ഒന്നും തന്നെ അവരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെങ്കിലും ഐഎസ് ന്റെ വിദ്വേഷ പട്ടികയിൽ നല്ലൊരു സ്ഥാനം ഇന്ത്യയ്ക്കും ഉണ്ട് എന്നത് തന്നെയാണ് വാസ്തവം. കേരളത്തിൽ നിന്നടക്കം ആകർഷണത്താൽ അനവധി പേർ ഐഎസിൽ ചേർന്നതായി വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അതായത് ചെറുതായാണെങ്കിലും നമ്മുടെ ഈ മഹാരാജ്യത്തും ആക്രമണങ്ങൾക്ക് സാധ്യതയുണ്ട്. കേന്ദ്രം ഭരിക്കുന്ന ഹിന്ദു പക്ഷപാർട്ടിയുടെ നയങ്ങളിലും, മുസ്ലിംങ്ങൾക്കെതിരായി നടക്കുന്ന അതിക്രമങ്ങളിലും മനം മടുത്ത് ഇത്തരം സംഘടനകളിൽ ചേരുന്നവരുണ്ട്. ജനാധിപത്യത്തിൽ ഭരണകൂടത്തിന്റെ വീഴ്ചകളിൽ മാത്രമാണ് തീവ്രവാദം വിത്തുമുളയ്ക്കുന്നത്. ഓരോ ദിനങ്ങളിലും പൊങ്ങി വരുന്നത് അനവധി അക്രമങ്ങളെക്കുറിച്ചുള്ള വാർത്തകളാണ്. പശുക്കളുടെ പേരിൽ മാത്രം ജീവഹാനി സംഭവിച്ചവർ അനവധിയാണ്. അതിനാൽ തന്നെ അധികാരികൾ ഇതിനെ തള്ളിപ്പറയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അവർ സ്വീകരിക്കുന്ന മൗനം ഒരു വിഭാഗത്തെ തീവ്രവാദത്തിലേക്കായിരിക്കും നയിക്കുക. ആയതിനാൽ അവരുടെ കൂടെ വിശ്വാസം നേടിയെടുത്ത് മാത്രം മുന്നോട്ട് പോകുക. അല്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് കാര്യങ്ങൾ വഴിമാറും...!




# മുത്ത്വലാഖ് എതിർക്കപ്പെടേണ്ടതോ?




Taskeena Thasneem
Ist Malayalam


സമകാലിക പശ്ചാത്തലത്തിൽ അധികമൊന്നും ചർച്ചകൾക്ക് വിഷയീഭവിക്കാത്ത ഒന്നാണ് മുത്ത്വലാഖ്. എങ്കിൽകൂടി ഏക സിവിൽ കോടിനൊപ്പം തന്നെ മുത്ത്വലാഖിന്റെ ആവശ്യകതയും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഒരു ന്യൂനപക്ഷ സമുദായം മാത്രം അഭിമുഖീകരിക്കേണ്ടതായി വരുന്ന പ്രശ്നം എന്ന നിലയ്ക്കാണോ ഈ വിഷയത്തിൽ പൊതുജനം തത്പരരാവാത്തത് എന്നതും ചർച്ച ചെയ്യപ്പെടേണ്ടതാണ്.


ഇസ്ലാം മതവിധിപ്രകാരം ഒരു പുരുഷന് തന്റെ ഭാര്യയുമായുള്ള ബന്ധം പിരിയാനുള്ള ഉപാധിയാണ് മുത്ത്വലാഖ്. ഇതിന് ഒട്ടനവധി നിബന്ധനകളും മതം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് പരക്കെ പിന്തുടർന്നു പോരുന്ന രീതികളെല്ലാം തന്നെ ഇസ്ലാം വിധികളിൽ നിന്നും തികച്ചും വിഭിന്നമാണ്. ലിംഗസമത്വത്തിനായുള്ള അവകാശങ്ങളും ആഹ്വാനങ്ങളും ഉയരെ മുഴങ്ങുന്ന ഇന്നിന്റെ കാലഘട്ടത്തിൽ തന്നെ ഏകപക്ഷീയമായ രീതിയിൽ മുത്ത്വലാഖിലൂടെ സ്ത്രീ വിവാഹമോചിതയാവുന്നു എന്നത് ഖേദകരമാണ്. കേവലം നിസ്സാരകാര്യങ്ങൾക്ക്, മതവിധികളെ കാറ്റിൽപ്പറത്തുന്ന രീതിയിലുള്ള മുത്ത്വലാഖ് ഇന്ന് സർവ്വസാധാരണമായിക്കൊണ്ടിരിക്കുകയാണ്.




> ഇസ്ലാം മതവിധിപ്രകാരം ഒരു പുരുഷന് തന്റെ ഭാര്യയുമായുള്ള ബന്ധം പിരിയാനുള്ള ഉപാധിയാണ് മുത്ത്വലാഖ്.




> **എല്ലാ മതങ്ങളെയും പോലെ തന്നെ ദാമ്പത്യബന്ധത്തിന്റെ പവിത്രതയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്ന മതമാണ് ഇസ്ലാം. അതുകൊണ്ട് തന്നെയാണ് വൈവാഹിക ജീവിതത്തിനും, അതിലെ ആരോഗ്യകരമായ പിണക്കങ്ങൾക്കും ഇണക്കങ്ങൾക്കുമെല്ലാം തന്നെ ഇസ്ലാം അനവധി വിധികൾ കല്പിക്കുന്നതും.**

സ്ത്രീസ്വാതന്ത്ര്യത്തിനും ലിംഗസമത്വത്തിനും വലിയൊരു വെല്ലുവിളിയായി മുത്തലാഖിന്റെ ദുരുപയോഗം മാറുന്നു എന്ന് നിസ്സംശയം പറയാം.

എല്ലാ മതങ്ങളെയും പോലെതന്നെ ദാമ്പത്യബന്ധത്തിന്റെ പവിത്രതയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്ന മതമാണ് ഇസ്ലാം. അതുകൊണ്ട് തന്നെയാണ് വൈവാഹിക ജീവിതത്തിനും, അതിലെ ആരോഗ്യകരമായ പിണക്കങ്ങൾക്കും ഇണക്കങ്ങൾക്കുമെല്ലാം തന്നെ ഇസ്ലാം അനവധി വിധികൾ കല്പിക്കുന്നതും. ദാമ്പത്യ ജീവിതത്തിന്റെ കെട്ടുറപ്പിന് അനിവാര്യമായ കാര്യങ്ങളാണ് മതഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടത്. ഇതിനെ മുഴുവനായി ഉൾക്കൊള്ളാതെ തന്നിഷ്ടത്തിന് ഉതകും വിധം മതവിധികളെ പൊളിച്ചെഴുതി മുത്ത്വലാഖ് പോലെയുള്ള പ്രക്രിയകളെ ദുരുപയോഗം ചെയ്യുമ്പോഴാണ് ഇതൊരു സാമൂഹിക സമസ്യയായി മാറുന്നത്. തീരെ പൊരുത്തപ്പെട്ടുപോവാൻ കഴിയാതെ വരുന്ന, അടിയന്തര സാഹചര്യങ്ങളിൽ മാത്രമാണ് മതം ത്വലാഖിന് അനുമതി നൽകിയിട്ടുള്ളത്, അതു തന്നെ അനേകം നിബന്ധനകളോടെ. എന്നാൽ, കുന്നിക്കുരുവോളം പോന്ന പ്രശ്നങ്ങൾക്ക്, കാര്യകാരണങ്ങൾ മെനഞ്ഞെടുത്ത്. പ്രശ്നങ്ങളെ ഊതിപ്പെരുപ്പിച്ച് അകാരണമായുള്ള ത്വലാഖുകളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നതിൽ ഏറിയപങ്കും. ഇതിന് ശേഷം സ്ത്രീയുടെ ഭാവിയെന്ത് എന്ന ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം നൽകാൻ ആർക്കും സാധിക്കുന്നില്ല. സ്ത്രീസ്വാതന്ത്ര്യമെന്ന ബാനർ പിടിച്ച്, ഘോരഘോരമായ പ്രസംഗം മുഴക്കി സ്ത്രീജനങ്ങളെ ആവേശഭരിതരാക്കുന്ന മഹിളാ മുന്നേറ്റക്കാർ പോലും സ്ത്രീ അനുഭവി




# talaq talaq talaq

## Triple Talaq : Do women have right to refuse triple talaq? - asks SC

ക്കുന്ന ഇത്തരം പ്രശ്നങ്ങൾക്കു മുന്നിൽ മൗനം പാലിക്കുന്നു. ഒരു ന്യൂനപക്ഷസമുദായത്തിൽ ജനിച്ചുവളർന്നു എന്നതായിരിക്കില്ല, ഒരിക്കലും ഈ നിർവ്വികാരിതയ്ക്കുപിന്നിൽ. തന്റേതല്ലാത്ത കാരണത്താൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഇവൾക്കു വേണ്ടി ശബ്ദം ഉയർത്താൻ മാത്രം ഒരു മഹിളാ സംഘടനകളും മുന്നോട്ടുവരുന്നില്ല. നീതിനിഷേധത്തിന്റെ ഈ നേർച്ചിത്രം മാത്രം ആരും ഗൗനിക്കുന്നില്ല. ഇതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുന്നത് കേവലം വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമാണെങ്കിലും, അവർക്കും അവകാശങ്ങളില്ലേ ? സ്വപ്നങ്ങളില്ലേ ? സന്തുഷ്ടമായ ഒരു കുടുംബജീവിതം നയിക്കാനുള്ള ആഗ്രഹമില്ലേ ? നിയമങ്ങൾ സ്വപ്നങ്ങൾക്കു മേൽ കൂച്ചുവിലങ്ങാവുന്നിടത്തല്ലേ നമ്മുടെ ശബ്ദമുയരേണ്ടത് ? ഞാനുൾപ്പെടെയുള്ള സമൂഹം സ്വയം വിമർശനപരമായി ഇതിനെ വിലയിരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സമൂഹത്തിൽ നിന്ന് വ്യക്തികേന്ദ്രീകൃതമായി ചിന്തിക്കുമ്പോൾ മുത്തലാഖിന് പുരുഷാധിപത്യം നിലനിൽക്കുന്നില്ലേ എന്ന സംശയം സാധാരണയാണ്. സ്ത്രീയ്ക്ക് തന്റെ ഭർത്താവിനെ ഒഴിവാക്കാനുള്ള സാധ്യതയും ഇസ്ലാം മതവിധിപ്രകാരം കാണാം. എന്നാൽ, ഈ സാധ്യതയെ സ്ത്രീ ഉപയോഗപ്പെടുത്തലില്ല എന്നതാണ് യാഥാർത്ഥ്യം. ഇവിടെ ഉപയോഗം എന്ന വാക്ക് പോലും അപ്രസക്തമാവുന്നത് ഉപയോഗം ദുരുപയോഗത്തിന് വഴിമാറിയതുകൊണ്ടാണ്. ഇവിടെയെല്ലാം തന്നെ സ്ത്രീക്കും പുരുഷനും തുല്യനീതിയാണ് മതം കൽപ്പിക്കുന്നത് എന്ന് വ്യക്തമാണ്. പിന്നെ എന്തുകൊണ്ട് സ്ത്രീയുടെ വിഷയം മാത്രം ചർച്ച ചെയ്യപ്പെടുന്നു എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് അനാവശ്യ സാമൂഹിക ഇടപെടലുകളുടെ ദൂഷ്യഫലങ്ങൾ. മൊഴി ചെയ്യപ്പെട്ട ഒരു സ്ത്രീയോടുള്ള സമൂഹത്തിന്റെ സമീപനമാണ് യഥാർത്ഥത്തിൽ വിമർശിക്കപ്പെടേണ്ടത്. ഏതോ വലിയ അപരാധം ചെയ്തവളെന്ന കണ്ണുകളിലൂടെയാണ് സമൂഹം അവളെ വീക്ഷിക്കുന്നത്. അവളുടെ ആഗ്രഹങ്ങൾക്കും സ്വാതന്ത്ര്യത്തിനും അവിടെ പരിധി കൽപ്പിക്കപ്പെടുന്നു. ഒരു പുനർവിവാഹവും ദാമ്പത്യജീവിതവും അവളുടെ എളിയ സ്വപ്നങ്ങളാണെങ്കിലും അവൾക്ക് നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ ആഗ്രഹ സഫലീകരണത്തിന് വിലങ്ങുതടിയായി നിൽക്കുന്നു.








# റിയോയിലെ പെൺപെരുമ

Anagha
2nd Malayalam

നിശ്ചയ ദാർഢ്യത്തിന്റെയും പെൺകരുത്തിന്റെയും വേറിട്ട മുഖമാണ് റിയോ ഒളിമ്പിക്സിൽ നമ്മൾ കണ്ടത് . വിവാദങ്ങളും വിമർശനങ്ങളും കൈമുതലാക്കിയ ഇന്ത്യൻ സംഘം റിയോയിലേക്ക് യാത്ര തിരിച്ചപ്പോൾ മത്സരവേദികളിൽ നമ്മുടെ ത്രിവർണ്ണ പതാക പാറിപ്പറക്കാൻ ഓരോ ഭാരതീയനും ആഗ്രഹിച്ചിരുന്നു. എന്നാൽ ഭാഗ്യനിർഭാഗ്യങ്ങളുടെ ഏറ്റക്കുറച്ചിലിൽ വിജയം അകന്നു പോകുന്ന കാഴ്ചയാണ് ഒളിമ്പിക്സിന്റെ ആദ്യ ദിനങ്ങളിൽ നമ്മൾ കണ്ടത്. പ്രതീക്ഷയർപ്പിച്ച ഓരോ ഇനങ്ങളിലും ഇന്ത്യൻ താരങ്ങൾ പരാജയപ്പെട്ടു പിൻമാറുന്ന അവസ്ഥ. കൊട്ടിഘോഷിക്കപ്പെട്ട പേരുകൾ അപ്രസക്തമാവുന്ന കാഴ്ച. ഈ പരാധീനതകൾക്കു നടുവിലാണ് മൂന്നു വനിതകൾ റിയോയിൽ ഇന്ത്യൻ മഹിമ ഉയർത്തിയത്.

അമേരിക്കയുടേയും ചൈനയുടേയും താരങ്ങൾ ശരീരത്തെ വളച്ചൊടിച്ച് വായുവിൽ കരണം മറയുന്ന മെയ്‌വഴക്കത്തിന്റെ കലയായ ജിംനാസ്റ്റിക്സ് നമ്മൾ അദ്ഭുതത്തോടെ ആസ്വദിക്കാറുണ്ട്. അതേ സമയം ഈ ഇനത്തിൽ ഒരു ഇന്ത്യൻ താരം പ്രശസ്തി നേടുന്നത് ആരും സ്വപ്നം പോലും കാണുന്നില്ലായിരുന്നു. ഈ ധാരണയെ തിരുത്തിയെഴുതികൊണ്ടാണ് ദീപാകർമ്മാക്കർ നമ്മുടെ ഹൃദയങ്ങളിലേക്ക് ചേക്കേറിയത്. ആരും ഏറെ പ്രതിക്ഷിക്കാത്ത ഒരു താരമായിരുന്നു ദീപ. ഇന്ത്യയിൽ നിന്ന് ഈ ഇനത്തിൽ മത്സരിക്കാൻ ആദ്യമാ



**ദീപയുടെ ഫൈനൽ മത്സര ത്തിനു മുമ്പുതന്നെ മറ്റൊരു പെൺകരുത്ത് റിയോയിൽ കണ്ടു. കൈക്കരുത്തിന്റെ ഇന്ത്യൻ പ്രതീകമായി മാറിയ സാക്ഷി മാലിക് ഗുസ്തി യിൽ എതിരാളിയെ ഇടിച്ചിട്ട് ഇന്ത്യയ്ക്കായി ആദ്യ മെഡൽ സമ്മാനിച്ച മിടുക്കി.**

യിട്ടാണ് ഒരു വനിത എത്തുന്നത്. പേരിനു മത്സരിക്കാൻ പോകുന്ന ഒരു താരമായേ
ഏവരും ദീപയെ കണ്ടിരുന്നുള്ളൂ. ഫൈനലിൽ മത്സരിക്കാൻ യോഗ്യത നേടിയതോ
ടെയാണ് ആകാംക്ഷയുടെ കണ്ണുകൾ ദീപയിലേക്ക് വഴിമാറിയത്. ദീപയ്ക്ക് മെഡൽ
നേടാൻ കഴിയാത്തതിൽ ആർക്കും നിരാശ തോന്നിയില്ല. കാരണം അന്നുവരെ ഒളി
മ്പിക് യോഗ്യതപോലും ലഭിക്കാത്ത ഒരിനത്തിൽ പങ്കെടുത്ത് ദീപ നേടിയ നാലാം
സ്ഥാനത്തിന് ഒന്നാം സ്ഥാനത്തേക്കാൾ തിളക്കമുണ്ടായിരുന്നു. കായിക ചരിത്രം തിരു
ത്തിയ ആ പെൺകുട്ടി ഉയർത്തിയത് ഇന്ത്യയുടെ കായിക യശസ്സുതന്നെയായിരു
ന്നു.

ദീപയുടെ ഫൈനൽ മത്സരത്തിനു മുമ്പുതന്നെ മറ്റൊരു പെൺകരുത്ത്
റിയോയിൽ കണ്ടു. കൈക്കരുത്തിന്റെ ഇന്ത്യൻ പ്രതീകമായി മാറിയ സാക്ഷി മാലിക്
ഗുസ്തിയിൽ എതിരാളിയെ ഇടിച്ചിട്ട് ഇന്ത്യയ്ക്കായി ആദ്യ മെഡൽ സമ്മാനിച്ച മിടു
ക്കി. വെങ്കല തിളക്കമാർന്ന സാക്ഷിയുടെ വിജയം അപ്രതീക്ഷിതമായിരുന്നു.

ഇതേപോലെ അപ്രതീക്ഷിതമായി റിയോയിൽ മുഴങ്ങി കേട്ട മറ്റൊരു പേരാ
യിരുന്നു സിന്ധുവിന്റേത്. സിന്ധു ഫൈനലിൽ നേരിട്ടത് ലോക ഒന്നാം നമ്പർ താര
ത്തെയായിരുന്നു. വ...പോരാട്ടത്തിൽ വെറുതെ അങ്ങ് കീഴടങ്ങാതെ
പൊരുതി തോൽക്കുകയായിരുന്നു സിന്ധു. അതുകൊണ്ടുതന്നെ ആ വെള്ളിമെ
ഡലിന് മാറ്റ് ഏറെ കൂടുതലായിരുന്നു.

റിയോയിലെ ഈ മൂന്ന് വിജയങ്ങളും ഇന്ത്യയ്ക്ക് നൽകുന്നത് വലിയ അനുഭ
വങ്ങൾ തന്നെയാണ്. ഇനിയും ക...ത്താർജ്ജിച്ച് ഏറെ മുന്നോട്ടുപോകുവാനുള്ള
പെൺകരുത്തിന്റെ അനുഭവ പാഠങ്ങൾ. കഠിനാദ്ധ്വാനത്തിന്റെയും അർപ്പണമനോ
ഭാവത്തിന്റെയും പാഠം കൂടിയാണിത്. ഇല്ലായ്മയെ പഴിക്കാതെ ഉള്ളതിലൂടെ മുന്നേ
റുന്നതെങ്ങിനെയാണെന്ന് ഈ മൂന്നു സ്ത്രീ രത്നങ്ങൾ നമുക്കു കാണിച്ചു തന്നു.

# REVOLUTION



# പ്രണയവും വിപ്ലവവും


Suji Lal
2nd MA Malayalam

നീതിയുടെ പക്ഷത്താണു വിപ്ലവങ്ങൾ; പ്രണയവും അക്രമവും രക്തച്ചൊരിച്ചിലും വിപ്ലവത്തിൽ ന്യായീകരിക്കപ്പെടുന്നു. ആത്മഹത്യകളും കൊലപാതകങ്ങളും പോലും പ്രണയത്തിലും, കല്ലാണെങ്കിൽ വജ്രമാക്കാനും, ചെടിയാണെങ്കിൽ തൊട്ടാവാടിയാകാനും പറഞ്ഞ വിക്ടർ ഹ്യൂഗോ, മനുഷ്യനാണെങ്കിൽ അനുരാഗിയാകാനും പറഞ്ഞു. എന്താണ് പ്രണയം? ഏറ്റവും അനുകരണീയവും ഉദാത്തവും സാഹസികവുമായ മനുഷ്യാവസ്ഥ! എല്ലാ മനുഷ്യരും ഒരിക്കൽ അല്ലെങ്കിൽ മറ്റൊരിക്കൽ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന പൂർണതയുടെ പരകോടി. ഏകാഗ്രമായ പ്രണയം തപസ്സുതന്നെ ! പ്രണയം അനുഭവിച്ചുതന്നെ അറിയണം; ആസ്വദിക്കണം. പ്രണയം എന്തെന്ന് അറിയണമെങ്കിൽ കോളേജുകളിലേക്ക് തന്നെ പോകണം. പണ്ടത്തെക്കാലത്ത് കത്തും, പ്രണയലേഖനങ്ങളും ഒക്കെ നിറഞ്ഞുനിന്നിരുന്നു. എന്നാൽ ഇന്നത്തെ ക്യാമ്പസ്സ് പ്രണയങ്ങളെ സോഷ്യൽ മീഡിയകൾ ഏറ്റെടുത്തിരിക്കുന്നു. അവിടെ നല്ല പ്രണയങ്ങളും, നല്ലതല്ലാത്ത പ്രണയങ്ങളും ഉണ്ടെന്ന് പറയേണ്ടിവരും. ഒരുപാട് തെറ്റിദ്ധാരണയേയും ചോദ്യം ചെയ്യലിനേയും ക്യാമ്പസ് പ്രണയങ്ങൾക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നു. ഒന്നിച്ചിരുന്നാൽ അവിടെ ഗർഭം ഉണ്ടാകും എന്നു പറയുന്ന അധ്യാപക വിഭാഗത്തെ കാണാം. ഇത് കാമുകികാമുകന്മാർക്ക് മാത്രം ബാധകമായ ഒന്നല്ല. ഏതൊരു ആണും പെണ്ണും ഇരുന്നാൽ അതിനെ തെറ്റായി കാണുന്ന ഒരു വിഭാഗം ആളുകളെ നമുക്ക് കാണുവാൻ സാധിക്കും. ഏതൊരു പെണ്ണിനും ആണിനും ഒരുമിച്ച് ഇരിക്കുവാൻ ഉള്ള സ്വാതന്ത്ര്യം ഉണ്ട്. പക്ഷെ അതിനെ മറ്റൊരു കണ്ണിൽ കാണുന്ന വിഭാഗത്തിന്റെ വികാരം ആണ് മാറേണ്ടത്. നല്ല പ്രണയവും ചീത്ത പ്രണയവും ഉണ്ടെന്ന് തന്നെ പറയാം. അത് യാഥാർത്ഥ്യം തന്നെ. പ്രണയം ക്യാമ്പസുകളുടെ ഒരു മുഖമുദ്ര തന്നെയാണ്. ക്യാമ്പസിനെ ക്യാമ്പസ്സാക്കി മാറ്റുന്നത്.ഇത്തരത്തിലുളള നല്ല പ്രണയങ്ങൾ ആണ്. മാറുന്ന പ്രണയസങ്കല്പത്തിനൊപ്പം ക്യാമ്പസുകളും മാറുന്നു. ആ മാറ്റം കാലത്തിന്റെ അനിവാര്യതയാണ്. എന്നാൽ പ്രണമെന്ന് വികാരത്തിനുമാത്രം മാറ്റമില്ല. അത് ഒരു കാമം തീർക്കാൻ ഉള്ള ഉപാധിയാണ് എന്ന് ചിന്തിക്കുന്ന വിഭാഗത്തിന്റെ ഇടയിൽ നിന്ന് രക്ഷപ്പെടാൻ ആവാതെ നിൽകുക്കയാണ് ഇന്നത്തെ പ്രണയം. പ്രണയം കൊണ്ട് നല്ല നിലയിൽ എത്തിയവരേയും അല്ലാത്തവരേയും കുറിച്ചറിയാൻ കഴിഞ്ഞു. നല്ല രീതിയിൽ ജീവിക്കുന്നവരാണ് ഏറ്റവും കൂടുതൽ എന്ന് പറയേണ്ടി വരും... കാരണം എന്തെന്ന് വച്ചാൽ അതാണ് യഥാർത്ഥ പ്രണയം. ഒരുപാട് പ്രണ



യങ്ങൾ പൂത്തതിനും ഇല്ലാതായതിനും ക്യാമ്പ സിലെ മഴ സാക്ഷിയായിരുന്നു. നമ്മുടെ കാമ്പ സ്സിന് അതിൽ വലിയൊരു പങ്ക് നമുക്ക് കാണാം. അതുകാണുമ്പോൾ പ്രണയിക്കാത്തവർക്ക് പോലും ഒന്നുപ്രണയിച്ചുകളയാം എന്ന ഒരു തോന്നൽ ഉണ്ടാകും. ഇല്ലെങ്കിൽ അവർ മനുഷ്യർ അല്ല. മഴ വീണ്ടും വീണ്ടും പെയ്യുമ്പോൾ മൂടിയൊ ളിപ്പക്കാനാകാതെ സ്നേഹം മനസ്സിന്റെ അകത്ത ളങ്ങളെ തഴുകിത്തലോടി കുളിരണിയച്ച് കൊണ്ട് ആർദ്രമായി പെയ്തിറങ്ങുകയാണ് എന്നും തോന്നിപ്പോകും. മഴ പെയ്യുമ്പോൾ ക്യാമ്പസ് വരാ ന്തകളിൽ മഴയെ നോക്കി നിൽക്കുന്ന പ്രണയിനി കളെ കാണുമ്പോൾ ആ മഴയ്ക്ക് കൂടുതൽ കുളിർമ്മ തോന്നിക്കുന്നു. കൈകൾ ചേർത്ത് മഴ ആസ്വദിക്കുമ്പോൾ അവിടെ നമ്മുടെ മനസ്സിൽ പ്രണയിനിക്ക് യോഗ്യമാണ് എന്ന തോന്നൽ ഉണ്ടാ വുന്നു. പക്ഷേ ആ സമയത്തായിരിക്കും ഇത് തെറ്റായ ഒരു പ്രവണതയാണ് ചെയ്യുന്നത് എന്നു പറഞ്ഞുകൊണ്ട് വരുന്ന ഒരു വിഭാഗം അധ്യാപ കർ, പ്രണയത്തെ ഒരേ സമയം എതിർക്കുന്നവരും അനുകൂലിക്കുന്നവരും ഉണ്ട്. പക്ഷേ ഇതൊക്കെ മാറേണ്ട കാലം എന്നോ കഴിഞ്ഞു. സ്നേഹിക്കുന്ന മനസ്സിനെ ഭിന്നിപ്പിക്കാതെ ഒന്നിപ്പിക്കാൻ ശ്രമിക്കുക. പ്രണയത്തിന്റെയും വിപ്ലവത്തിന്റെയും നിറം ചുവപ്പ് ! അത് വിജയിക്കുക തന്നെ ചെയ്യും. അതി ലാണ് സത്യം നിലനിൽക്കുന്നത്, അത് മാത്രമേ വിജ യിക്കുകയുള്ളൂ...






# MALABAR CHRISTIAN COLLEGE

# ഇവർ പൂക്കും എം.സി.സി



Ananda Prasad
Ist Economics









മതേതരത്വത്തിന്റെ കോഴിക്കോടൻ മണ്ണിൽ, നഗരത്തിന്റെ തിരക്കുകൾക്കു നടുവിൽ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും തണലിൽ, വശ്യമായ പുഞ്ചിരിയോടെ ഒരു കലാലയം, മലബാർ ക്രിസ്ത്യൻ കോളേജ്.. ഈ കലാലയത്തിന്റെ നീണ്ട ഇടനാഴികളും, അക്ഷരങ്ങൾ തിങ്ങി നിറഞ്ഞ ലൈബ്രറിയും, അറിവ് മണക്കുന്ന ക്ലാസ്സ് മുറികളും തണൽമരങ്ങളെക്കാളേറെ ഉയരത്തിലുള്ള കൊടിമരങ്ങളും, പങ്കുവെക്കലും വാഗ്വാദങ്ങളും സജീവമാക്കുന്ന കാന്റീനും, എല്ലാത്തിനുമുപരി സിലബസിനുമപ്പുറം ചിന്തിക്കുന്ന അധ്യാപകരും വളർത്തിയെടുത്ത അനേകം പ്രതിഭാശാലികളുണ്ട്... കേരള മണ്ണിൽ ഇന്നീ കലാലയത്തിന്റെ യശസ്സുയർത്തുന്നത് നാലു പേരുകളാണ്, അജയ്ലാൽ, ജയസ്നേഹ, രോഹൻ, ജിജോ. എം.സി.സി എന്ന മൂന്നക്ഷരത്തിന് മാറ്റ് കൂട്ടുന്ന നാലു പേരുകൾ... ഇന്ന് എം.സി.സിയിൽ പൂത്ത് നിൽക്കുന്നിവരാണ്... ഇവരുടെ അതുല്യനേട്ടങ്ങളാണ്...

അഞ്ച് വർഷങ്ങൾക്കുമുമ്പ് ഈ ക്യാമ്പസിലേക്കു കടന്നു വന്ന അജയ്ലാൽ, ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട അജയേട്ടൻ... മലയാള സാഹിത്യത്തിന്റെ വിശാലമായ ലോകത്തേക് ബിരുദ വിദ്യാർത്ഥിയായുള്ള ആഗമനം, എന്നാൽ ക്ലാസ്സ്മുറിയിലും സിലബസിലുമൊതുങ്ങിക്കൂടാൻ ഈ യുവപ്രതിഭ തയ്യാറായിരുന്നില്ല. ക്യാമ്പസിനകത്ത് വിപ്ലവരാത്തിന്റെ കരുത്തുറ്റ തേരാളിയായി. ഡിപ്പാർട്ട്മെന്റുകൾക്കും കക്ഷി

രാഷ്ട്രീയങ്ങൾക്കും അപ്പുറം വളർന്നുവന്ന സൗഹൃദവലയം വിദ്യാർത്ഥി സമ്മതനാക്കി. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ അധ്യാപകർക്കും ഇഷ്ടശിഷ്യൻ. സ്നേഹത്തിന്റെ നോട്ടം,വിജയത്തിന്റെ ഭാഷ എന്നിവ കൊണ്ടെല്ലാം എം.സി.സിയിൽ നിറഞ്ഞുനിൽക്കുന്ന ഈ പ്രതിഭ നിലവിൽ മലയാളം ബിരുദാനന്തര ബിരുദം ഒന്നാംവർഷ വിദ്യാർത്ഥിയാണ്. ഈ വർഷത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റി തെരഞ്ഞെടുപ്പിൽ, വൻ ഭൂരിപക്ഷത്തിൽ വൈസ് ചെയർമാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ക്രിസ്ത്യൻ കോളേജ് യൂണിയൻ ചെയർമാൻ, മാഗസിൻ എഡിറ്റർ, എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കോളേജ് യൂണിയൻ യു.യു.സി ആണ്.

കോളേജുമായി രണ്ടു വർഷത്തെ ബന്ധമേ ഉള്ളുവെങ്കിൽ കൂടി, എം.സി.സി. യുമായി ഇഴപിരിഞ്ഞു കിടക്കുന്ന മറ്റൊരു പേരാണ് ജയസ്നേഹ. എം.സി.സിയുടെ പെൺശബ്ദമെന്നു വിശേഷിപ്പിക്കാവുന്ന ഈ പ്രതിഭയും മലയാളം ഡിപ്പാർട്ട്മെന്റിന്റെ സംഭാവന തന്നെ. നിലവിൽ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനിയായ ഞങ്ങളുടെ പ്രിയപ്പെട്ട ജയേച്ചി സ്വന്തമാക്കിയ നേട്ടങ്ങൾ അനവധിയാണ്. കോളേജിനകത്തും പുറത്തുമായി നടന്ന പ്രസംഗമത്സരങ്ങളിലെ സ്ഥിരവിജയി ആണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി സോൺ, ഇന്റർസോൺ കലോത്സവങ്ങളിലുൾപ്പെടെ പ്രസംഗമത്സര വേദികളെ ചോദ്യശരങ്ങൾ കൊണ്ട് വിറപ്പിക്കുന്ന ഈ പ്രാസംഗിക, സാമൂഹ്യ രാഷ്ട്രീയ രംഗത്തും സജീവമാണ്. 'പെണ്ണ് പൂക്കുന്നകാലം' എന്ന പേരിൽ അന്താരാഷ്ട്ര വനിതാ ദിനത്തിൽ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് അവതരിപ്പിച്ച സ്ത്രീ കഥാപാത്രങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധ നേടുകയുണ്ടായി. ദ്രൗപതി, താടക, കുറിയേടത്ത് ധാത്രി, കടമ്മനിട്ടയുടെ കുറത്തി, നങ്ങേലി, സൂര്യനെല്ലി പെൺകുട്ടിയുടെ അമ്മ എന്നീ കരുത്തുറ്റ സ്ത്രീകഥാപാത്രങ്ങളുടെ രംഗാവതരണത്തിലൂടെ നാട്യനൃത്തകലകളിലും ഇവർ കഴിവ് തെളിയിച്ചു. നിലവിൽ കോളേജ് യൂണിയൻ ജോയിന്റ് സെക്രട്ടറിയാണ്.

ക്രിക്കറ്റിന്റെ മാസ്മരിക ലോകത്ത് കേരളത്തിനു തന്നെ അഭിമാനമായി തിളങ്ങിയ പേരാണ് രോഹൻ. എസ്.കുന്നുമ്മൽ. അണ്ടർ 19 ഇന്ത്യൻ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഈ പ്രതിഭ വിവിധ ജില്ലാ സോണൽ മത്സരങ്ങളിൽ തന്റെ ടീമിന്റെ വിജയത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ചെറുപ്പം മുതൽക്കു തന്നെ ക്രിക്കറ്റിനെ നെഞ്ചോട് ചേർത്ത ഈ ഭാവിവാഗ്ദാനം എം.സി.സി യുടെ നാമധേയത്തെ കൂടുതൽ ശോഭിതമാക്കി.

എം.സി.സിയുടെ ജീവവായുവിൽ അലിഞ്ഞു ചേർന്ന മറ്റൊരു പേരാണ് ജിജോ. ഉറക്കത്തിൽ കാണുന്നതല്ല, ഉറങ്ങാതിരിക്കാൻ പ്രേരിപ്പിക്കുന്നതെന്തോ, അതാണ് സ്വപ്നമെന്ന എ.പി.ജെ അബ്ദുൽ കലാമിന്റെ വാക്കുകൾ സ്വന്തം ജീവിതത്താളുകളിൽ പകർത്തിയ ഈ പ്രതിഭ കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. ട്രിച്ചിയിൽ വെച്ചു നടന്ന പ്രീ റിപ്പബ്ലിക് ദിന ക്യാമ്പിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചു കൊണ്ടു പങ്കെടുത്ത രണ്ടുപേരിൽ ഒരാളാണ് എം.സി.സിയുടെ ഈ കായികതാരം. ഹരിയാനയിലെ റോത്തക്ക് സിറ്റിയിൽ വെച്ചു നടന്ന നാഷണൽ യൂത്ത് ഫെസ്റ്റിവൽ കേരള പ്രതിനിധികളിലൊരാൾ, മണാലിയിൽ വെച്ച് നടന്ന സാഹസിക ക്യാമ്പിൽ പങ്കെടുത്തു തുടങ്ങി ഒട്ടേറെ അഭിമാനനേട്ടങ്ങൾ ഇവരെ തേടിയെത്തിയിട്ടുണ്ട്. ഇതോടൊപ്പം കോളേജിന്റെ സോഫ്റ്റ് ബോൾ, ബേസ് ബോൾ താരവും എൻ.എസ്.എസ്. എക്സിക്യൂട്ടീവും കൂടിയാണ് രണ്ടാംവർഷ ബി.എസ്.സി കെമിസ്ട്രി വിദ്യാർത്ഥിയായ ഈ പ്രതിഭ.

ഈ അതുല്യപ്രതിഭകൾക്കു പുറമെ കലാകായിക ലോകത്ത് എം.സി.സി.യുടെ അഭിമാനതാരങ്ങൾ ഇനിയുമേറെയുണ്ട്. നാളെയ്ക്കായി വളർത്തിയെടുക്കുന്ന ഇവർ പൂത്തുലഞ്ഞു നിൽക്കുന്ന കോഴിക്കോടൻ മണ്ണിലെ ഈ കലാലയം കാലത്തെ അതിജീവിച്ച് തലയെടുപ്പോടെ ഇനിയുമൊരുപാടു കാലം...



# ഒടുക്കം



Jaya Sneha
2nd Malayalam

ഹൃദയവും കൊണ്ട്
നീ പടികടന്നന്നാണ്
എന്റെ രാത്രിശലഭത്തിന്
വിഷം തീണ്ടിയത്
മോഹങ്ങളെ തുപ്പി
സ്വപ്നങ്ങളിൽ കറ പുരട്ടി
ചിറകുകരിഞ്ഞ് അവ പിടഞ്ഞുവീണു!
നിന്റെ ഓർമ്മകളുടെ അരികുപറ്റിപ്പാറാൻ
ഇനിയവ ഉയിർത്തെഴുന്നേൽക്കാതിരിക്കട്ടെ.



# To My Professor




Ramya Sree.V
Dept.of B.Com



# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

പൊതുവെ നമ്മൾ കേട്ടുവരുന്നൊരു വാക്കാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം. മൂല്യം+ വിദ്യാഭ്യാസം, രണ്ടും വെവ്വേറെ പദങ്ങൾ. എന്തുകൊണ്ട് വിദ്യാഭ്യാസത്തിന് മുന്നിലായി അങ്ങനെയൊരു വാക്ക് വന്നു. ഉത്തരം നമ്മൾ എല്ലാവർക്കും തന്നെയറിയാം. വിദ്യാഭ്യാസം എന്നത് വെറും പഠനവും, മത്സരങ്ങളും, ജയവും, തോൽവിയും മാത്രമായി ഒതുങ്ങി നിൽക്കുന്നുവല്ലോ. യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളിൽ തന്നെയടങ്ങേണ്ട ഒന്നല്ലേ മൂല്യങ്ങൾ? അല്ലാതെ രണ്ടും രണ്ടായിരിക്കേണമോ ! അത് പകർന്നു നൽകേണ്ടവരാരാണ് ?

കൗമാര പ്രായക്കാരായ കുട്ടികളുടെ മനസ്സിൽ തളിർക്കുന്ന അപക്വമായ പല വികാരവിചാര പ്രവർത്തനങ്ങൾ അവരറിഞ്ഞും, അറിയാതെയും പുറത്ത് വരുമ്പോൾ സമൂഹത്തിനാകമാനം അത് ബുദ്ധിമുട്ടുണ്ടാക്കുന്നു. മാതാ-പിതാ-ഗുരു ദൈവം എന്നതുപോലെ പ്രഥമ വിദ്യാലയം എന്ന വീട്ടിൽ നിന്ന് ഒരു കുട്ടിയുടെ ബാഹ്യരൂപരേഖ തയ്യാറായി വരുന്നു. അതിൽ മാതാപിതാക്കൾ, മറ്റു തലമുതിർന്നവർ എന്നിവരുടെ പങ്ക് - നമ്മൾ കാലാകാലങ്ങളായി മാറ്റുരച്ച് പറയുന്നതാണ്. പക്ഷേ ഇന്നത്തെ കുട്ടികളെ നമ്മളെടുക്കുമ്പോൾ, രക്ഷിതാക്കൾക്ക്




എന്തായാലും ജീവിതമൂല്യങ്ങൾ ഉള്ളതുകൊണ്ട് അല്ലെങ്കിൽ അനുസരിക്കുന്നതുകൊണ്ട് ഗുണങ്ങൾ വല്ലതുമുണ്ടോ ? എന്തിനുവേണ്ടിയാണിതെന്ന ചോദ്യം എവിടെയൊക്കെയോ അവശേഷിക്കുന്നുണ്ട്. മൂല്യങ്ങൾ വിദ്യാഭ്യാസത്തോടൊപ്പം തന്നെ പകർന്നു കിട്ടേണ്ടതാണ്,

അവരെ ഒട്ടുംതന്നെ കിട്ടുന്നില്ല എന്ന് മനസ്സിലാകുന്നു. കോളേജിലെത്തിയാലും സ്ഥിതി അതു തന്നെ. കുട്ടികൾക്ക് സമയമുണ്ടാകുമ്പോൾ ഒരുപക്ഷേ അധ്യാപകർക്കതുണ്ടാകില്ല, അങ്ങനെ പോകുന്നു കാര്യങ്ങൾ.

അനാവശ്യമായ ചോദ്യം ചെയ്യലുകൾ കുട്ടികളുടെ ഒരു സ്വഭാവമായി മാറിക്കഴിഞ്ഞിരിക്കുന്നു. ആരോട്, ഏതു രീതിയിൽ പെരുമാറണം എന്നവർ ചോരത്തിളപ്പിൽ മറന്നുപോകുന്നു. ഇതെല്ലാം ഒറ്റയ്ക്ക് (Individually) ഇല്ലതാനും. സംഘമാകുമ്പോൾ (In group) കിട്ടുന്ന ആ ഒരു ബലം ഒരു നായകപരിവേഷത്തിനു മാത്രം ചിലപ്പോൾ കൂട്ടാകും. മറ്റൊരു കാര്യം പറയട്ടെ, പരീക്ഷാഫലവും മറ്റും വരുമ്പോൾ ഇക്കൂട്ടർ നല്ല മാർക്കും വാങ്ങിയ്ക്കുന്നു.

കുട്ടികൾ പൊതുവേ പല കൂട്ടത്തിൽ പെടുന്നവരാണ്. ചിലർ വീട്ടിൽ നല്ല കുട്ടിയും, കോളേജിലെത്തിയാൽ ജീവിതം ആസ്വദിക്കുക എന്ന പേരിൽ തരികിട പരിപാടികളുമായി മുന്നേറുന്നവരുമാണ്. എന്തായാലും അവരോർക്കുന്നുണ്ടാവില്ല, ജീവിതം എന്നത് അവർക്ക് മാത്രമല്ല, എല്ലാവർക്കും ആസ്വദിക്കേണ്ട ഒന്നാകണമെന്ന്.

ചില രക്ഷിതാക്കളാണെങ്കിൽ അവരുടെ ജോലിത്തിരക്കിനിടയിൽ മക്കളെ ശരിക്കൊന്നു നോക്കാൻ മറക്കുന്നവരാണ്. ഇവരെങ്ങനെയാണെന്നു വച്ചാൽ മക്കളോട് അമിതസ്നേഹവും മറ്റും കാണിച്ച് വേണ്ടതും, വേണ്ടാത്തതും എല്ലാം വാങ്ങിച്ചുകൊടുക്കും. മക്കൾക്ക് തങ്ങൾ ഒരു വലയമുണ്ടാക്കിയിട്ടുണ്ടെന്നും, അതിലാണ് അവർ ജീവിക്കുന്നതെന്നുമുള്ള മിഥ്യാധാരണ ഇക്കൂട്ടരിലുണ്ട്. പട്ടാളച്ചിട്ടയിലാണ് ഞാനവരെ വളർത്തുന്നതെന്ന് നാടുമുഴുവൻ ഘോഷിച്ചു നടക്കുന്നവരാണിവർ എന്നതും നമ്മളോർക്കണം. പെൺകുട്ടികളുള്ള രക്ഷിതാക്കൾക്കിടയിലാണിതധികവും കണ്ടുവരുന്നത്.

മറ്റുചില കൂട്ടുകാർ, രക്ഷിതാക്കളെ ഭരിച്ച്, വിരപ്പിച്ച് സ്വന്തം ആവശ്യം നേടിയെടുക്കുന്നുമുണ്ട്. ഒരു ക്ലാസിലെ 90% പേരും ഇപ്പറഞ്ഞ കൂട്ടത്തിൽപ്പെടുന്നവരാണ്. ബാക്കിയുള്ള 10%ൽ ഉൾവലിഞ്ഞിരിക്കുന്നവരും ഉണ്ട്. ഇങ്ങനെയെല്ലാമാകുന്നു ഒരു ക്ലാസിലെ കുട്ടികൾ.

എന്തായാലും ജീവിതമൂല്യങ്ങൾ ഉള്ളതുകൊണ്ട് അല്ലെങ്കിൽ അനുസരിക്കുന്നതുകൊണ്ട് ഗുണങ്ങൾ വല്ലതുമുണ്ടോ ? എന്തിനുവേണ്ടിയാണിതെന്ന ചോദ്യം എവിടെയൊക്കെയോ അവശേഷിക്കുന്നുണ്ട്. മൂല്യങ്ങൾ വിദ്യാഭ്യാസത്തോടൊപ്പം തന്നെ പകർന്നു കിട്ടേണ്ടതാണ്, അല്ലാതെ പ്രത്യേക സിലബസ് വച്ച് പഠിപ്പിക്കാവുന്ന ഒന്നല്ല എന്നു വിശ്വസിക്കുന്നു.



Gautam
2nd BBA



# മോക്ഷം

കൂടപ്പിറപ്പിന്റെ കഴുത്തിൽ
കുരുക്ക് മുറുകുമ്പോൾ
മിണ്ടാതിരിക്കുന്നവരെ കണ്ട്
കഴുത്ത് ഞെരിക്കുന്ന
ഗുരുവിന്റെ
കാലു നക്കുന്ന ശിഷ്യരെക്കണ്ട്
ഇരുട്ടത്തിരുന്ന് കൂരിരുട്ടിനെ പഠിക്കുന്ന
പഠിതാവിനെക്കണ്ട്,
വിപ്ലവം സന്യസിക്കാൻ തീരുമാനിച്ചു
കലാലയത്തിലപ്പോൾ
ഗുൽമോഹർ പൂക്കൾ കൊഴിഞ്ഞു തുടങ്ങിയിരുന്നു.
നെരൂദയും ദാർവിഷും
പിയേഴ്സും മൊളോയിസും
ചെഗ്വേരയും
മൂർച്ചയറ്റ്
മുനയൊടിഞ്ഞ്
മറവിക്കുമപ്പുറമെത്തിയിരുന്നു.
വിപ്ലവം മോക്ഷം തേടി സന്യസിക്കാൻ തീരുമാനിച്ചു





# മകന് ഒരു കത്ത്

എന്റെ പ്രിയ മകന്,

നിന്റെ അച്ഛനായ ദിനം ഞാനോർക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ അന്ന് എന്നിൽ പിതൃത്വം ജനിച്ചിരുന്നോ എന്ന് പോലും ഞാൻ സംശയിക്കുന്നു. ചിരിയും കുസൃതിയും ഭാവഭേദങ്ങളും എല്ലാം കണ്ടുകൊണ്ട് നിന്റെ കൂടെയിരുന്നപ്പോൾ എപ്പോഴോ ഞാൻ അറിയാതെ എന്നിൽ പിതൃത്വം ജനിച്ചിരിക്കണം. നിന്റെ വളർച്ചയായിരുന്നു എന്റെ ഉയർച്ച, എല്ലാ അർത്ഥത്തിലും.

നീ ഞങ്ങൾക്കിടയിലേക്ക് വന്ന കാലം ഞാൻ ഓർക്കുകയാണ്. ഞങ്ങളന്ന് വളരെ ചെറുപ്പം. സ്വന്തം കാലിൽ നിൽക്കാൻ പോലും പ്രാപ്തരായിരുന്നില്ല. ജോലിയും നിന്നെ പരിപാലിക്കലും ഒരുപോലെ ഒത്തുപോവുകയില്ല എന്ന് മനസ്സിലായപ്പോൾ ഞങ്ങൾ നിന്നെ അപ്പാപ്പന്റെയും അമ്മാമ്മയുടെയും കയ്യിൽ ഏൽപ്പിച്ചു. നീയായിരുന്നു അവർക്ക് എല്ലാം.

നീ കടന്നെത്തിയ കാലം, സാമ്പത്തികമായി ഞങ്ങൾ സ്വയം പര്യാപ്തതയിലേക്ക് എത്തുന്നതേയുണ്ടായിരുന്നുള്ളൂ. മറ്റു കുട്ടികൾക്കുള്ള മാതിരി വില കൂടിയ കളിപ്പാട്ടങ്ങളും ഉടുപ്പുകളും വാങ്ങിത്തരുവാൻ ഞങ്ങൾക്കന്ന് കഴിഞ്ഞിരുന്നില്ല. ഒരു പക്ഷേ, അതുകൊണ്ടാവാം വിലകൂടിയ വസ്ത്രങ്ങളോടുള്ള അമിതാവേശം നിനക്ക് ഇന്നും ഇല്ലാതെ പോയത്. രണ്ടര വയസ്സുള്ളപ്പോൾ എനിച്ച് ജീച്ച് വേണം അച്ഛാ (ജീൻസ്) എന്ന് എന്നോടാവശ്യപ്പെട്ടതും വാങ്ങിത്തരാൻ തീരെ നിവർത്തിയില്ലാതെ ഞങ്ങൾ ആകുലപ്പെട്ടതും ഞാനിന്നും ഓർക്കുന്നു. എന്നിട്ടും എവിടെ നിന്നോ ലഭിച്ച പണം കൊണ്ട് ഒരു ജീൻസ് വാങ്ങിത്തന്നപ്പോൾ എന്തൊക്കെയോ നേടിയ ഒരു സംതൃപ്തനായ പിതാവായി എനിക്കു തോന്നി. നിന്റെ സ്കൂൾ കാലമെത്തിയപ്പോഴേക്കും സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നു. സമ്പന്നർ പഠിക്കുന്ന സ്കൂളിൽ തന്നെ ചേർക്കാമായിരുന്നിട്ടും ഞങ്ങൾ സാധാരണക്കാരുടെ സ്കൂളിലാണ് നിന്നെ ചേർത്തത്. ഒരു പക്ഷേ അതാവാം ഇന്ന് നിനക്ക് സാധാരണക്കാരോട് ഇടപഴകാനും അവരെ മനസ്സിലാക്കാനും സാധിക്കുന്നത്.

സ്കൂളിലെ മറ്റു കുട്ടികൾ ടി.വിയിൽ കണ്ട കഥകളും സിനിമകളും ഒക്കെ വർണിക്കുന്നത് ശ്രദ്ധിച്ച നീ, വീട്ടിലെത്തിയാൽ അവയെല്ലാം ഞങ്ങളെയും വർണിച്ചുകേൾപ്പിക്കുമായിരുന്നു. പക്ഷേ ഒരിക്കൽപോലും വീട്ടിൽ ടി.വി.യില്ലാത്തതിന് നീ ഞങ്ങളോട് പരാതി പറഞ്ഞതേയില്ല. വീട്ടിൽ ടി.വി. വേണ്ടെന്ന അമ്മയുടെ നിർബന്ധമാവാം ചങ്ങാതിമാരൊത്ത് കൂട്ടുകൂടാനും ഞങ്ങളോട് സംസാരിക്കാനുമൊക്കെ നിനക്ക് ഇഷ്ടംപോലെ സമയം നൽകിയത്. അതുകൊണ്ടാവാം കളിയും പഠനവും നിനക്ക് സമയക്കുരുക്കിൽ കെട്ടിയിടേണ്ട കാര്യങ്ങളല്ലാതെ മാറിയതും. രാവിലത്തെ ഒരുമിച്ചുള്ള ഭക്ഷണവേള ഒരു ആനന്ദവേള തന്നെയായിരുന്നു. ഒരിക്കലും തീരാത്ത നിന്റെ സംശയങ്ങൾ, അവയ്ക്കുള്ള എന്റെ മറുപടികൾ, അവയ്ക്കിടയിൽ ഞാൻ പറയുന്ന ചില കഥകൾ എന്നിവയെല്ലാം ജീവിതത്തിലെ

ഒരു ക്രിയാത്മകവേളയാക്കി അതിനെ മാറ്റി. അന്നു നീ ശ്രദ്ധിച്ച കാര്യങ്ങൾ വർഷങ്ങൾക്കിപ്പുറം നിന്റെ ജീവിതത്തിൽ പകർത്തുന്നതു കാണുമ്പോൾ പിതാവെന്ന നിലയിൽ ഞാൻ ധന്യനായി എന്നു തോന്നുന്നു.

കാലത്തിന്റെ ഒഴുക്കിൽ നമ്മുടെ ജീവിതം ഒരുപാട് മാറി. നമ്മൾ കാറുവാങ്ങി, സമ്പന്നരായി. പക്ഷേ നമ്മുടെ ജീവിതം എന്നും ലളിതമായിരുന്നു. നീ സ്കൂളിൽ പോയിരുന്നത് ഓട്ടോയിലും ബസ്സിലുമായിട്ടുതന്നെയായിരുന്നു. അതിനാൽ ഓട്ടോയുടെ ഡ്രൈവർ അങ്കിളുമായും സഹയാത്രികരായ മറ്റു കുട്ടികളുമായും നീ പെട്ടെന്ന് തന്നെ ചങ്ങാത്തത്തിലായി. ഈ ചങ്ങാതിമാർ ഇപ്പോഴും നിന്റെ സുഹൃദ്‌വലയത്തിനുള്ളിൽതന്നെ ഉണ്ടെന്നറിയുമ്പോൾ എനിയ്ക്കുള്ള സന്തോഷം ചെറുതല്ല.

മക്കൾക്ക് ലഭിച്ച നന്മകളെക്കുറിച്ച് പലരും എന്നോട് ചോദിക്കുമ്പോൾ, നിങ്ങളുടെ അമ്മയാണ് ഈ നന്മകളെല്ലാം നിങ്ങളിലേയ്ക്ക് പകർന്നു തന്നതെന്ന മറുപടി മാത്രമേ എനിയ്ക്കുള്ളൂ. അതേക്കുറിച്ചോർക്കുമ്പോഴും എനിയ്ക്ക് നിങ്ങളുടെ അമ്മയോട് നിറഞ്ഞ സ്നേഹം മാത്രം. മൂല്യങ്ങളെക്കുറിച്ച് വെറുതെ സംസാരിക്കാതെ, സ്വന്തം ജീവിതരീതിയിലൂടെ നിങ്ങൾക്ക് മാതൃകയാവുകയായിരുന്നു നിങ്ങളുടെ അമ്മ. മൊബൈൽ ഫോണിനു വേണ്ടി ഒരിക്കൽപോലും നീ വാശിപിടിച്ചതായി ഞാൻ ഓർക്കുന്നതേയില്ല. അതുതന്നെയായിരിക്കും നിന്നെ ഉന്നതവിജയങ്ങളിലേയ്ക്ക് നയിച്ച് ഉയർന്ന ഉദ്യോഗത്തിലേയ്ക്കെത്തിച്ചതും. പ്ലസ്ടു പഠനം കഴിഞ്ഞപ്പോൾ നീ എന്നോട് സുഹൃത്തുക്കളുടെ ഇരുചക്ര വാഹനങ്ങളെക്കുറിച്ചും അവയുടെ മേന്മകളെക്കുറിച്ചും ഇടയ്ക്കിടെ പറയുമായിരുന്നു. പക്ഷേ, ഒരിയ്ക്കലും ഒരു ബൈക്ക് വേണമെന്ന് നീ ആവശ്യപ്പെട്ടതേയില്ല. നിന്റെ പഠനത്തിൽ ഉന്നത വിജയം നേടി വീട്ടിൽ വന്നപ്പോൾ നിനക്കായി ഒരു റോയൽ എൻഫീൽഡുമായി കാത്തിരുന്നത് ഞാനിപ്പോൾ ഓർത്തുപോവുകയാണ്.

എന്റെ ചില സ്വകാര്യ സുഖങ്ങൾ ത്യജിക്കേണ്ടി വന്നത് എനിയ്ക്ക് വേണ്ടിതന്നെയായിരുന്നു. ഞാനറിയാതെ നിങ്ങൾക്ക് രണ്ടുപേർക്കും മാതൃകയായിത്തീരുകയായിരുന്നുവെന്ന് ഒരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല. സ്വന്തം കാലിൽ നിൽക്കാൻ മുതിർന്ന വേളയിൽ നീ ഒരിക്കൽ എന്നോട് ചോദിച്ചത് ഞാൻ ഓർമ്മിയ്ക്കുന്നു. ഞാനിപ്പോൾ ന്യൂയോർക്കിലാണ്. നിന്റെ ക്യാപ്റ്റനും സഹപ്രവർത്തകരും മദ്യപാനവും മദിരാക്ഷികളുമായി സഞ്ചരിക്കുന്നു. ഞാൻ എന്തുചെയ്യും ? എന്റെ മറുപടി നീ ചിലപ്പോൾ ഓർക്കുന്നുണ്ടാവും. അതിങ്ങനെയായിരുന്നു. നിനക്ക് ശാശ്വതമായ സന്തോഷം ലഭിക്കുന്നുവെങ്കിൽ സ്വന്തം ഇഷ്ടം പോലെ ചെയ്യാം. നിന്നിൽ ഉറങ്ങിക്കിടക്കുന്ന ജീനുകളെ സ്വയമേവ ഉണർത്തിയാൽ അവ നിന്നെ ഭരിയ്ക്കാൻ തുടങ്ങും .

നീ വിവാഹിതനായി കുടുംബം നയിക്കുന്നതുകണ്ട് ഏതൊരച്ഛനെയും പോലെ ഞാനും സന്തോഷിക്കുന്നു. സ്വന്തം കാലിൽ നിൽക്കൽ, സ്വന്തമായൊരു ഭവനം, ഒരു പെൺകുട്ടിയെ സംരക്ഷിക്കാനുള്ള പക്വത – അച്ഛൻ ഞങ്ങളോട് പറയാറുള്ള ഈ മൂന്ന് കാര്യങ്ങൾ ഞാൻ നേടിയില്ലേ ! അതുകൊണ്ട് ഞാനിനി ഒരു വിവാഹത്തിന് പ്രാപ്തനല്ലേ ? എന്ന് നീ ചോദിച്ച നിമിഷവും ആ ദിവസവും ഞാൻ ഓർമ്മിക്കുകയാണ്. നീ ഭാര്യയോടൊത്ത് ജീവിക്കുന്നത് കണ്ടപ്പോൾ എനിക്ക് മനസ്സിലായി നിന്റെ തിരഞ്ഞെടുപ്പ് ഒരിക്കലും തെറ്റിയിട്ടില്ല എന്ന്, അതു ഞങ്ങളിൽ നിറയ്ക്കുന്ന സന്തോഷം അളവില്ലാത്തതാണ്. ഞങ്ങൾ മുത്തശ്ശിയും മുത്തശ്ശനും ആകാൻ തയ്യാറാവുകയാണ്. അമ്മയാകുക എന്നത് മാതൃത്വസഹജവാസന (maternal instinct) യാണെന്നുപറയാം. പിതൃത്വസഹജവാസന (paternal instinct) എന്നൊരു വാക്കുണ്ടോ എന്ന് എനിക്കറിയില്ല. അനുഭവങ്ങളിലൂടെ സാവധാനം ആർജിതമാവുന്ന ഒന്നാണത്. ഈ വസ്തുത നേരത്തെ തിരിച്ചറിഞ്ഞാൽ എങ്ങിനെയുള്ള പിതാവായിമാറണം എന്ന ചിന്തയിലൂടെ നമുക്ക് സ്വയം പരുവപ്പെടുത്തുവാൻ കഴിയും. നീ നല്ല പിതാവും അവൾ നല്ല മാതാവും ആയിത്തീരും എന്നതിൽ ഞങ്ങൾക്ക് സംശയമില്ല. ഒരു പിതാവ് തന്റെ കുട്ടിയെ സ്നേഹത്തോടെ വളർത്തുവാൻ ചെയ്യേണ്ടത് തന്റെ ഭാര്യയെ സ്നേഹിക്കുകയാണ്. എന്നെ അച്ഛനിൽ നിന്ന് ബുദ്ധിമാനായ മുത്തച്ഛനിലേക്ക് ഉയർത്തുന്ന വരുംതലമുറയെ ഞങ്ങൾ കാത്തിരിയ്ക്കുന്നു.

എന്റെ കുട്ടിക്ക്,
ജന്മദിനത്തിൽ സ്നേഹവും നന്മകളും ആശംസിച്ചുകൊണ്ട്
സ്നേഹത്തോടെ,
അച്ഛൻ.



Dr. Lambert Kishore
Dept. Zoology

DERBY FILM FESTIVAL




# ചലച്ചിത്രമേളകൾ ദൃശ്യാവിഷ്ക്കാരത്തിന്റെ കലാവിരുന്ന്





Rahul.S
Ist Malayalam

ജീവിതപാതയിലൂടെ സഞ്ചരിക്കുമ്പോൾ വായനയുടെയും കാഴ്ചയുടെയും കേൾവിയുടെയും അടക്കമുള്ള എല്ലാ സർഗ്ഗാത്മക ചിന്തകളിലും സംസ്കാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും നിലപാടുകൾ അടങ്ങിയിരിക്കും. ഓരോ വാക്കും തൂലിക ചലിപ്പിക്കുമ്പോഴും ഉച്ചരിക്കുമ്പോഴും അത് രാഷ്ട്രീയത്തിന്റെ അർത്ഥ തലങ്ങളിലേക്ക് നയിക്കുന്നു. ഇതുകൊണ്ട് തന്നെ സിനിമ എന്ന ദൃശ്യവിസ്മയം കാഴ്ചയുടെയും കേൾവിയുടെയും ലോകമായി മനുഷ്യമനസ്സുകളിൽ ചിന്തിപ്പിക്കുവാനും പ്രതിഫലിപ്പിക്കുവാനും പരിശോധിക്കുവാനും ഒരു തുറന്ന വേദിയായി മാറിക്കഴിഞ്ഞു. വിശാലമായ കലാ പ്രവർത്തനങ്ങളെല്ലാം യഥാർത്ഥത്തിൽ അതാണ് ചെയ്യുന്നത്.

പൊതുവെയുള്ള ഒരു സാമൂഹ്യബോധ ധാരണ അനുസരിച്ച് നിലനിൽക്കുന്നതാണ് ജനപ്രിയ സിനിമകൾ നിർവ്വഹിക്കുന്നത്. സത്യങ്ങൾ തുറന്ന






യ്ക്കുന്ന സിനിമകൾ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. വിമോചക സ്വഭാവമുള്ള യഥാർത്ഥ സിനിമകളാണ് ഒരു ചലച്ചിത്രമേളയിൽ പ്രത്യക്ഷപ്പെടുന്ന സിനിമകളിൽ ഏറെയും. ചലച്ചിത്രമേളകൾ എല്ലാം തന്നെ ലോക സഞ്ചാരങ്ങളാണ്. ഈ യാത്രയിലൊപ്പിയെടുക്കുന്ന സംവിധായകന്റെ ക്യാമറ കണ്ണുകൾ പ്രേക്ഷകർക്കുവേണ്ടി തുറന്നിടുകയാണ് ഇവിടെ ചെയ്യുന്നത്. ഓരോ സിനിമയും നമുക്കു വേണ്ടി സംസാരിക്കുന്നവയായി മാറുന്നു. ഓരോ സിനിമയിലേക്കും നമ്മൾ കടന്നുവരുമ്പോൾ നമ്മുടെ ചിന്തകളെല്ലാം മാറ്റിയെഴുതുകയാണ് ഇവിടെ ചെയ്യുന്നത്. അതുകൊണ്ടു തന്നെ മറ്റെന്തിൽ നിന്നും ചലച്ചിത്രമേളകൾ വ്യത്യസ്തപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ചലച്ചിത്രമേളകൾക്ക് തുടക്കം കുറിച്ചത് ഇ.എം. ശ്രീധരനാണ്. ഇതിനുവേണ്ടി കേരളത്തിന് ഒരു ചലച്ചിത്രമേള എന്ന ലക്ഷ്യത്തെ മുൻനിർത്തി 10 ലക്ഷം രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഈ സമയം ഇ.എം. ശ്രീധരൻ ധനകാര്യമന്ത്രിയായിരുന്ന വിശ്വനാഥമേനോന്റെ സെക്രട്ടറിയായിരുന്നു. ആദ്യ ചലച്ചിത്രമേള നടന്നിരുന്നത് കോഴിക്കോട്ടായിരുന്നു. ഇവിടെ നിന്നാണ് ലോകത്തിലെ തന്നെ മികച്ച മേളയായി ചലച്ചിത്ര മേള വളർന്നത്. ഓരോ വർഷം കഴിയുംതോറും പ്രേക്ഷക പങ്കാളിത്തം കൊണ്ട് വിസ്മയകരമായി മാറുകയാണ് ചലച്ചിത്രമേള.

ജനാധിപത്യ സ്വഭാവം അതുപോലെതന്നെ ജനകീയതയും ഒരുപോലെ പ്രധാനം ചെയ്തു കൊണ്ടാണ് ഓരോ ചലച്ചിത്രമേളയും കടന്നുപോകുന്നത്. ലോകത്തിലെ മറ്റൊരുമേളക്കും അവകാശപ്പെടാനില്ലാത്തതാണ് ഇത്. വിദ്യാർത്ഥികളുടേയും യുവത്വത്തിന്റേയും സാന്നിദ്ധ്യം കൊണ്ടുതന്നെ ഇരുപത്തിഒന്നാമത് ചലച്ചിത്ര മേളയും വളരെ വിജയകരമായി പൂർത്തിയാക്കി. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഒഴുക്കും കണക്കിലെടുക്കേണ്ടതുണ്ട്.


ഭിന്നലിംഗക്കാർക്ക് പ്രത്യേക പരിഗണന നൽകിയതു കൊണ്ടും അവർക്കും മേളയുടെ ഭാഗമാകുവാൻ കഴിഞ്ഞു. അവരും കേരള സമൂഹത്തിൽ ആദ്യമായി അന്തസ്സോടെ തല ഉയർത്തി നടന്നു. അവിടെ അവർക്ക് പരിഹാസമോ കുത്തുവാക്കുകളോ തുറിച്ചു നോട്ടങ്ങളോ ഒന്നും ഉണ്ടായിട്ടില്ല. അവിടെ അവർ മറ്റുള്ളവരോടൊപ്പം സാധാരണക്കാരെ പോലെ നടന്നു. സൗഹൃദങ്ങൾ ഉണ്ടാക്കി. വീടിന്റെ മതിലുകൾക്കിടയിലെ സിനിമകാണലിൽ നിന്ന് തിയേറ്ററുകളുടെ മതിലുകൾക്കുള്ളിൽ നിന്ന് പുറത്തെ മനോഹാരിത ഒപ്പിയെടുത്തുകൊണ്ട് സർഗാത്മാവി




മലയാള സിനിമയ്ക്കുള്ള നെറ്റ്പാക്ക്അവാർഡ് കമ്മട്ടിപ്പാടം എന്ന ചിത്രത്തിനു ലഭിച്ചു. ഫിലിപ്പിൻസിൽ നിന്നുള്ള ഡൈ ബ്യൂട്ടിഫുൾ എന്ന സിനിമയിലെ ട്രാൻസ് ജെൻഡർ കഥാപാത്രത്തെ അവതരിപ്പിച്ച പോളോ ബല്ലാസ്ട്രോസും ക്ലയർ ഒബ്സ്ക്യൂറിൽ അഭിനയിച്ച എൻജി ഉസുനും അഭിനയത്തിനുള്ള ജൂറിമാരുടെ പ്രത്യേക പരാമർശം ലഭിച്ചു.

ആന്ദ്രേ വൈദയുടെ ആഫ്റ്റർ ഇമേജ് എന്ന ക്ലാസിക് രചനയാണ് ഈ മേളയിലെ മഹാസാന്നിദ്ധ്യങ്ങളിലൊന്ന്. 1940 കളിലെ പോളിഷ് രാഷ്ട്രീയ പരിസ്കാരവും പ്രതിഷേധങ്ങളുടേയും സംവാദങ്ങളുടേയും ഒരിടം കൂടി സൃഷ്ടിച്ചെടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ടാഗോർ തിയേറ്ററിലെ വിശാലമായ പരിസരത്തെ നിരവധി കൂട്ടായ്മകളും സൗഹൃദങ്ങളും കലാവിഷ്ക്കാരങ്ങളും സജീവമാക്കി. തിയേറ്ററുകളുടെ വാതിലുകളിൽ നിന്ന് പുറത്തെ റോഡുകളിലേക്ക് നീളുന്ന നീണ്ട ക്യൂ അപൂർവ്വ സംഭവങ്ങളൊഴിച്ച് സമാധാനപരവും അച്ചടക്കമുള്ളതുമായിരുന്നു. മൊബൈൽ ഫോണിലെ അപസ്വരങ്ങളും അതുപോലെ തന്നെ സംസാരങ്ങളും കുറഞ്ഞിരുന്നതിനാൽ തിയേറ്റർ കഴിഞ്ഞ കാലങ്ങളേക്കാൾ ശ്രദ്ധേയമായി. മറ്റുമേളകളേക്കാൾ ഏറ്റവും കുറഞ്ഞ ബജറ്റിലാണ് മേള നടത്തിയത്. കഴിഞ്ഞ ചില വർഷങ്ങളിലെ നേതൃത്വ പ്രശ്നങ്ങൾകൊണ്ട് കുറച്ച് പിന്നിലേക്ക് പോയ മേള ഇത്തവണ മികച്ച സിനിമകൾ കൊണ്ട് വളരെ മുന്നിലായി. ആന്ദ്രേ വൈദയുടെയും അബ്ബാസ് കിയാരോസ്തമിയുടെയും സിനിമകൾ ചലച്ചിത്രമേളയിൽ ഉൾപ്പെടുത്തിയിരുന്നു. അതിനാൽ തന്നെ ചലച്ചിത്രമേള വലിയ പ്രശസ്തിയാർജ്ജിച്ചിരുന്നു. കെൻലോച്ചിന്റെ തിരഞ്ഞെടുത്ത സിനിമകൾ ജെറി മെൻസലിന്റെ ചലച്ചിത്രങ്ങൾ എന്നിവയും ചരിത്ര സഞ്ചാരത്തിന് വഴിയൊരുക്കി. ഇത്തവണ പ്രമേയമാക്കിയത് കുടിയേറ്റമായിരുന്നു. പാർട്ടിങ്ങ് എന്ന അഫ്ഘാനിസ്ഥാൻ ചിത്രവും ഇതിൽ ഉൾക്കൊള്ളിച്ചു. ഭിന്നലിംഗമനുഷ്യരുടെ സംഘർഷങ്ങളും സങ്കടങ്ങളും ചിത്രീകരിക്കുന്ന ഒട്ടനവധി സിനിമകൾ ഉണ്ട്. പലതരം സംഘർഷങ്ങൾ കൊണ്ടും യുദ്ധങ്ങൾ കൊണ്ടും ദാരിദ്ര്യം കൊണ്ടും മനുഷ്യർ രക്ഷ തേടി പലായനം ചെയ്യുന്നതരം സിനിമകളും സ്ത്രീപക്ഷ സിനിമകൾ കൊണ്ടും സമ്പന്നമാണ് ചലച്ചിത്രമേള. ഓരോ സ്ത്രീകളുടെയും കഥ സിനിമയിലൂടെ കാഴ്ചക്കാരുടെ മുൻപിലോട്ട് തുറന്നു കാണുക്കുകയാണ് സംവിധായകൻ. മലയാളത്തിലെ വിധുവിൻസെന്റ് എന്ന മാധ്യമ പ്രവർത്തകയുടെ ആദ്യ സിനിമ മാൻഹോൾ ആദ്യമായാണ് ഒരു സ്ത്രീ സംവിധായകയുടെ സിനിമ മേളയിൽ തിരഞ്ഞെടുത്തിരിക്കുന്നത്. മെക്സിക്കോ ചിത്രമായ വെയർ ഹൗസിനും അന്താരാഷ്ട്ര ഫിപ്രസ്കി അവാർഡ് ലഭിച്ചു. ഏഷ്യ പസഫിക് രാജ്യങ്ങളിലെ മികച്ച സിനിമയ്ക്കുള്ള നെറ്റ്പാക്ക്അവാർഡ് തുർക്കിയിൽ നിന്നുതന്നെയുള്ള കോൾഡ് ഓഫ് കലന്തർ എന്ന സിനിമയ്ക്ക് ലഭിച്ചു. ഏറ്റവും മികച്ച





രത്ത് ഒരു ചരിത്രകാരൻ നടത്തുന്ന സർഗാത്മകസ്വാതന്ത്ര്യത്തിന്റെ പോരാട്ടവും സഹനവുമാണ് ചിത്രം. കെൻ ലോച്ച് എന്ന ചരിത്രകാരന്റെ എല്ലാ സിനിമകളും വളരെ വേഗം പ്രേക്ഷകരെ ആകർഷിച്ചിരുന്നു. ലോകത്തിന്റെ അനുഭവങ്ങളിലേക്ക് തുറക്കുന്ന വാതിലുകളാണ് കെൻലോച്ചിന്റെ എല്ലാ സിനിമകളും ഇനിയും ഈ ചലച്ചിത്രമേള പുതിയ ചിന്തകളുമായും അനുഭവങ്ങളുമായും പ്രേക്ഷകരുടെ മുമ്പിലേക്ക് കടന്നുവരും. ഈ പ്രദർശനം വഴി പൊതു സമൂഹത്തിന് മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയട്ടെ.

പാബ്ലോ നെരുദ എന്ന സിനിമ നെരുദ എന്ന കവിയുടെ ജീവിതത്തിലൂടെയുള്ള ഒരു കടന്നു വരവാണ്. ഭരണകൂട വ്യവസ്ഥിതിയിലും അതുപോലെ തന്നെ രാഷ്ട്രീയ പശ്ചാത്തലത്തിലും ഒരുക്കിയ നിരവധി സിനിമകളും ചലച്ചിത്രമേളയെ വിസ്മരിപ്പിച്ചു. വിവിധതരം രാജ്യങ്ങളിലെ



വ്യവസ്ഥിതിക്കനുസരിച്ചുള്ള നിരവധി സിനിമകളും മേളകളിലൂടെ കടന്നുപോയി. കൊറിയൻ സിനിമകളും പ്രേക്ഷകർ മടുപ്പ് ഉളവാക്കാതെ കണ്ടു. ജനങ്ങളെ തെരുവിലേക്ക് ഇറക്കി ഭരണം നേടുന്നവർ, വളരെ വേഗം ജനവിരുദ്ധരായിത്തീരുന്നതെങ്ങനെയെന്ന് ഇത്തരം സിനിമകൾ വിളിച്ചു പറഞ്ഞു.


മികച്ച നിലവാരം പുലർത്തുവാൻ മത്സരവിഭാഗത്തിലെ ഭൂരിപക്ഷം സിനിമകൾക്കും കഴിഞ്ഞു. വളരെ കാര്യഗൗരവത്തോടെയും സൂക്ഷ്മതയോടെയും തെരഞ്ഞെടുത്ത ചിത്രങ്ങളായിരുന്നു എല്ലാം. ക്ലാഷ് എന്ന ഈജിപ്ഷ്യൻ ചിത്രത്തിന് പ്രേക്ഷകരുടെ തള്ളിക്കയറ്റം മൂലം മൂന്ന് പ്രദർശനങ്ങൾക്ക് പകരം നാല് പ്രദർശനം വേണ്ടി വന്നു. മുഹമ്മദ് ദിയാബ് എന്ന സംവിധായകന്റെ ആദ്യ ചിത്രമായ കെയ്റോ 678 ഈജിപ്തിലെ അറബ് വസന്ത പ്രക്ഷോപത്തിന്റെ അത്ഭുതകരമായ ചിത്രീകരണം ആയിരുന്നു. പ്രേക്ഷകപുരസ്കാരവും അതു പോലെ തന്നെ സുവർണചകോരം പുരസ്കാരവും ക്ലാഷ് എന്ന ചിത്രത്തിന് ലഭിച്ചു. എന്നാൽ ചലച്ചിത്ര നിരൂപകരുടെ ലോക സംഘടനയായ ഫിപ്രെസ്കി നൽകിയ പുരസ്കാരം മഹോളി ന് ലഭിച്ചു.

കണ്ടുതീരാത്ത കാഴ്ചകളിലൂടെ അത് കാലത്തെ പകർത്തികൊണ്ടിരിക്കുന്നു. ഈ പകർത്തി എടുത്ത് നൽകുന്ന പാഠങ്ങളാണ് ഓരോ ചലച്ചിത്രത്തിന്റെയും ഓരോ ചലച്ചിത്ര മേളയുടെയും ബാക്കിപത്രം. വിനോദത്തിനപ്പുറത്ത് ഈ ചിത്രങ്ങൾക്കും അവയുടെ മേളകൾക്കും ഒരു ചരിത്ര നിയോഗമുണ്ട്. പ്രായം കൊണ്ട് മാത്രമല്ല ഈ കർത്തവ്യ നിർവഹണം കൊണ്ടും പക്വതയാർജ്ജിച്ചു കഴിഞ്ഞു.

ഓരോ സിനിമയുടെയും ഉള്ളിലൂടെ അജ്ഞാതമായ ജീവിത പരിസരങ്ങളിലേക്ക് നമ്മൾ സഞ്ചരിക്കുമ്പോൾ നമ്മുടെ നിലപാടുകൾ, വീക്ഷണങ്ങൾ അറിവുകൾ ഒക്കെ പുനർ നിർമ്മിക്കപ്പെടുകയാണ്. ഒടുങ്ങാത്ത സന്ദേഹങ്ങളുടെയും സംവാദങ്ങളുടെയും വലകൾ തുറന്നാണ് നാം പ്രശ്നങ്ങളെ, സങ്കടങ്ങളെ, പോരാട്ടങ്ങളെ ഒക്കെ കണ്ടെത്തുന്നത്. അതുകൊണ്ടു തന്നെ ചലച്ചിത്രമേളകൾക്ക് പകരം വയ്ക്കാൻ മറ്റു സർഗാത്മക ഉത്സവങ്ങൾ ഇല്ലെന്ന് പറയേണ്ടി വരും.

മനുഷ്യമനസ്സുകളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാവുന്ന വ്യത്യസ്ത കഴിവാണ് സിനിമ എന്ന ദൃശ്യാവിഷ്ക്കാരത്തിനുള്ളത്. കാഴ്ചയുടെയും കേൾവിയുടെയും ലോകത്തിലെ വ്യത്യസ്തമായൊരു കലാവിരുന്നാണ് സിനിമ. അതുകൊണ്ടു തന്നെ സിനിമകളെ ഉൾക്കൊള്ളിച്ച് നിരവധി മേളകൾക്ക് തുടക്കം കുറിച്ചു. ശ്രദ്ധേയമായ ചലച്ചിത്രങ്ങളുടെ പ്രദർശനങ്ങൾക്കായി സംഘടിപ്പിക്കുന്ന മേളകളാണ് ചലച്ചിത്രമേളകൾ എന്ന് അറിയപ്പെടുന്നത്. ഒറ്റ വേദികളിലോ ഒന്നിലധികം വേദികളിലോ ആയി വലിയ സ്ക്രീനിൽ പ്രദർശിപ്പിച്ച് ഇത്തരം മേളകൾ സംഘടിപ്പിക്കാറുണ്ട്. ഇത്തരം തെരഞ്ഞെടുത്ത ചിത്രങ്ങളെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും പുരസ്കാരവിതരണവും പ്രദർശനത്തോടനുബന്ധിച്ച് നടക്കാറുണ്ട്. സിനിമകൾ കാണുവാനുള്ള ഒരു വേദി മാത്രമല്ല ചലച്ചിത്രമേള. സൗഹൃദങ്ങൾ പങ്കുവെക്കാനും അനുഭൂതികൾ പകർന്നിടുവാനും ഉള്ള ഒരു വേദിയാണ് ചലച്ചിത്രമേള. കാലത്തിന്റെ കണ്ണാടി ആണ് സിനിമകൾ എങ്കിൽ ആ കണ്ണാടിക്ക് ജീവൻ നൽകുന്നതാണ് ചലച്ചിത്രമേളകൾ.





Sanju
2nd Malayalam

# തനിയെ

തിരിഞ്ഞൊന്ന് നടക്കണം
നടന്നു തീർന്ന വഴികളത്രയും
ഒരിക്കൽ കൂടി
കണ്ണുകൾ പരസ്പരം
കഥകൾ പറഞ്ഞാ
കൈകളന്യോന്യം കലഹിച്ച
ആ പടവുകളിൽ ചെന്നിരിക്കണം
ഒരുമിച്ച് ചെയ്യാൻ ആഗ്രഹിച്ചതെല്ലാം,
ഒറ്റയ്ക്ക് ചെയ്ത് തീർക്കണം.
ഞാൻ നീട്ടിയ ചുംബനങ്ങളിൽ,
നിന്റെ മനമൊന്ന് കാണണം.
നീ നുണഞ്ഞ മധുരത്തിൽ,
ഞാൻ കുടിച്ച കയ്പൊന്നറിയണം
'ഞാനെ'ന്നഹന്തയെ കൊലപ്പെടുത്തി,
നീ പോയ വഴിയെ
നോക്കി നിൽക്കണം
ഉള്ളൊന്നു പൊള്ളണം
നിന്നെ തിരയണം
മഴ കൊള്ളണം
യാത്ര തുടരണം...




Future ready Classrooms of TOMORROW, TODAY



Dr. Premanand

# FUTURE READY CLASSROOMS OF TOMORROW, TODAY



The whiteboard is being substituted for the blackboard in a few classrooms. More devices are also entering the classrooms – audio speakers, projector and internet.

The classroom is undergoing a rapid change in this modern world. Technological innovations help people learn in ways is faster than we think. It is also slowly and steadily revolutionizing the way we live and learn.

Right from the earliest days, humans tried to depict information using scrawls on walls. They tried to make complex ideas seem easy by painting a picture. As years passed by the ubiquitous blackboard and chalk came to dominate the classroom. This is still a medium for a major chunk of classrooms. However, with the massive growth of technology during the last ten years, a large part of India has witnessed a massive change. The whiteboard is being substituted for the blackboard in a few classrooms. More devices are also entering the classrooms – audio speakers, projector and internet. This dramatic change is also taking place in learners and teachers too. The learner uses their hand-held devices to search for content and even learn from it. The teachers too use a laptop or tablet to project poems or

complex scientific calculations via an LCD projector. Thus we find ourselves face-to-face with a completely new generation of educational technology, which in many cases resembles nothing we've seen before in an academic context.

**Changes in the classroom – Tablets and Mobile Devices**

More and more, classrooms are shifting towards a type of learning that is rooted in collaboration, both within and outside of the classroom. The combination of processing ability, storage space, and incessant updating of smartphone and mobile device technology has made these tools a growing and attractive platform for learning. Here, the use of educational apps and learning games in conjunction with familiar processing tools such as Microsoft Word, PowerPoint, PDF files, and high-resolution images, makes mobile learning an ever more attractive prospect for future classrooms. Gamification in the classroom is providing more fun to learning. Gamification in the classroom has been experimented at Malabar Christian College, Calicut with fantastic results too.

**Social Networks**

With the Government of India keen on expanding the reach of the internet, many more homes use social network to establish friends and connect between them. Although no research has been done in the College to understand the use of social networks like Facebook and Twitter to discuss College study work, Whatsapp seems to be a popular choice of many. Social network allows students a space to chat, work together, and support one another in their varied interests.

**Screen casting**

Screen casting technology enables users to project their screens directly from their browser to a large device, while also allowing for activities such as audio and video streaming. Chromecast and Apple TV have made their entry into this domain. Learners and educators can now present their unique ideas in a much faster mode.

**Apps**

Apps are found almost of all smart devices. Several learning Apps are also being used in a variety of ways. These apps allow learners and educators to make it easy to understand a concept, solve a problem, making a program work a lot easier and switching across one browser or device to another seamlessly. Apps are gaining prominence in the play stores of Google and Apple too. Edmodo, Google Classroom, are certain Learning Management System Apps that are used in the College.

**Ubiquitous learning**

The use of webcams and remote learning applications using Google Hangouts or Skype are beginning to reach out to huge massive classroom learning experiences in about any location. Learners would soon be learning from the comforts of their home and even submitting their assignments online.


**Podcasts**

Podcasts are 'digital recording of a radio broadcast or similar program, made available on the internet for downloading to personal audio player. It is a digital audio file that is created, shared and heard'. They are great alternative for delivering research content or lessons to students who need remedial or extended support. Students can create their own podcast to share their learning experiences with each other. Teachers can record audio podcast to share their learning experiences with each other. Teachers can record audio podcast to provide additional and revision material to students to download and review at a time that fits them the best. Creating podcasts allows students to develop several important skills such as researching, writing, speaking effectively, solving problems, managing time, grabbing attention and improving their vocabulary. Podcasts are being made here at Malabar Christian College. http://www.ewsrl.com/lend-an-ear.html

**Benefits**

The advantages associated with using cutting-edge technology in the education space are truly boundless. The ability to learn remotely with applications that enable students to go at their own pace makes for an individualized experience that truly nurtures each student. What's more, online groups that serve as support hubs for students to congregate and collaborate provide a community dynamic, which directly combats one of the most common criticisms lodged against the use of technology: its ability to hamper socialization. Studies have revealed a link between the use of mobile devices and apps among disabled students and increases in engagement, learning, and accelerated comprehension.

If history is any indicator, technology won't ever simply stop evolving. As it continues to reinvent itself, classrooms and the way that we learn will continue to change as well, making it crucial that students are afforded every opportunity to learn in ways that are unique and dynamic.






# കാട് പൂക്കുന്നിടത്താണ് വസന്തം



Nikhil Anand
2nd BCom

അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഒരു മലയാളചലച്ചിത്രം ഇത്രമേൽ ഡെലിഗേറ്റുകളുടെ മനം കവർന്നെങ്കിൽ അതിന്റെ ഉത്തരം കാട് പൂക്കുന്ന നേരം എന്നാണ്. ശാശ്വതമായ സത്യങ്ങളെ മുഖംമൂടി മാത്രം ധരിച്ച് പറയാൻ ശ്രമിക്കുന്ന ഒരു വ്യവസ്ഥയെ തച്ചുടയ്ക്കാനുള്ള ആഹ്വാനമാണ് ഡോ: ബിജു സംവിധാനം ചെയ്ത സിനിമ. ചിത്രത്തിന്റെ ഉള്ളടക്കത്തിലേക്ക് കടക്കും മുമ്പ് തിക്കിത്തിരക്കി ടാഗോർ തിയേറ്ററിനുള്ളിൽ സുഹൃത്തുക്കൾക്കൊപ്പം കയറി പറ്റിയപ്പോൾ ഇരിക്കാൻ ഇരിപ്പിടമില്ലായിരുന്നു. ഇരിപ്പിടമില്ലെങ്കിലും ദേശീയതയുടെ പുതിയ അവബോധത്തെ വിക്ടോറിയൻ സദാചാരത്തിന്റെ ക്രാന്തദർശനങ്ങൾക്ക് അടിമപ്പെട്ട് ദേശീയഗാനത്തിലൂടെ സിനിമതിയേറ്ററുകളിൽ അടിച്ചേൽപ്പിക്കാൻ ഇന്ത്യൻ ബൂർഷ്വാ കോടതി ശ്രമിച്ചപ്പോൾ മനസ്സിൽ ദേശീയബോധത്തേക്കാൾ ഓടിയെത്തിയത് ക്യൂബൻ വിപ്ലവകാരി ഹോ വൈമാർത്തിയുടെ വരികളാണ്.

"മാനവികതയാണ് എന്റെ മാതൃത്വം

എരിയുന്ന വയറുകളുടെ വിമോചനമാണെ-

ന്റെ ദേശീയത" -എന്ന വരികൾ എന്റെയുള്ളിൽ തികട്ടിവന്നുകൊണ്ടു തന്നെ ദേശീയഗാനം മുഴങ്ങിയപ്പോൾ തറയിൽ കിട്ടിയ സ്ഥലത്തു ഇരിക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. അല്ലെങ്കിലും പണത്തിന്റെയും




മേധാവിത്വത്തിന്റെയും തടവറയിൽ വീർപ്പുമുട്ടുന്ന ഒരു ജനതയുടെ പട്ടിണിയെക്കുറിച്ചല്ലാതെ ഒരുനേരമെങ്കിലും വയറു നിറച്ചാഹാരമില്ലാത്ത വരോട് ടാഗോറിന്റെ ജനഗണമനയെക്കുറിച്ചും ദേശീയ ബോധത്തെക്കുറിച്ചും സംസാരിക്കുന്ന ഭ്രാന്തന്മാർ ഇന്ദ്രപ്രസ്ഥങ്ങൾ കയ്യാളുന്ന നാട്ടിലെ ഈ വ്യവസ്ഥിതിയിൽ വിശ്വാസമില്ലാത്തതുകൊണ്ട് കൂടിയാണത്. ഈ സിനിമയിലേക്ക് കടക്കാം, ഒരു പക്ഷേ വർത്തമാനകാലത്ത് മലയാള സിനിമകൾ സ്ത്രീ വിരുദ്ധതയുടേയും ദളിത് വിരുദ്ധതയുടെയും ആഖ്യാനപാത്രങ്ങളെ പുലിമുരുകൻ പോലുള്ള കച്ചവടസിനിമകൾ വഴി അഭ്രപാളിയിൽ വരച്ചുകാട്ടിയെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായി ഒരു മലയാളം സിനിമ എങ്ങനെ പ്രമേയം കൊണ്ട് ലോകനിലവാരത്തി ലേക്കുയർത്തപ്പെടുമെന്നുള്ളതിന്റെ ഉദാഹരണമാണ് ഈ ചിത്രം. ഒരു നശിച്ച വ്യവസ്ഥിതിയിലെ സാമൂഹികക്രമങ്ങളെ കൃത്യമായി വിമർശിക്കുകയും ചെയ്യുന്നുണ്ട് ഈ ചിത്രം. രാജ്യത്താകെ മാവോയിസ്റ്റ് വേട്ടകൾ എന്ന രൂപേന നടക്കുന്ന വ്യാജ ഏറ്റുമുട്ടലുകളെപ്പറ്റിയും മാവോയിസ്റ്റുകൾ എന്ന് അവകാശപ്പെടുന്നവർ ഉയർത്തുന്ന ജീവിത പ്രശ്നങ്ങളേയും സാമൂഹിക പ്രശ്നങ്ങളേയും പരിഹരിക്കുന്നതിനപ്പുറം ഭരണകൂടത്തിന്റെ മർദ്ദന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി അതിനെയെല്ലാം അടിച്ചമർത്തുന്ന പ്രവണതയാണ് നാം കണ്ടുവരുന്നത്. മാവോയിസ്റ്റുകൾ ചെയ്യുന്നത് തെറ്റോ ശരിയോ ആവട്ടെ അവർ ശബ്ദിക്കുന്നത് മനുഷ്യനുവേണ്ടിയാണെന്ന് മനുഷ്യത്വം മരവിച്ച സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെ ഒരു നശിച്ച സാമൂഹികവ്യവസ്ഥിതിക്കുനേരെയുള്ള വിരൽ ച്ചൂണ്ടലാണ് ചിത്രം. ഒരു ഗ്രാമത്തിൽ റേഷൻ കടക്കാർ അരി പൂഴ്ത്തിവെക്കുന്നതും അവിടെ അരിപൂഴ്ത്തിവെപ്പുകാരനായ റേഷൻകടക്കാരനെ കെട്ടിയിട്ടു അരികടത്തിക്കൊണ്ടുപോകുന്നതിൽ നിന്നാണ് ചിത്രം ആരംഭിക്കുന്നത്. അവർ പതിച്ച പോസ്റ്ററിനു പിന്നാലെ ഇവർ മാവോയിസ്റ്റുകളെന്ന് സ്ഥിരീകരിക്കുകയും സ്ഥലത്തെ ഒരു സ്കൂളിൽ വൻ പോലീസ് സംഘം ക്യാമ്പ് ചെയ്യുകയും ചെയ്യുന്നു. മാവോയിസ്റ്റുകളെ പറ്റിയോ, മാവോയിസ്റ്റ് പ്രത്യയശാസ്ത്രങ്ങളെ പറ്റിയോ മനുഷ്യന്റെ വിമോചനത്തെ പറ്റിയോ യാതൊരു ധാരണയുമില്ലാത്ത പോലീസ് സേനയാണ് നമ്മളുടെതന്നെ യാഥാർത്ഥ്യമായ വിമർശനത്തെ ചിത്രം തുറന്നുകാട്ടുന്നു. സ്കൂളിലെ കുട്ടികൾ പോലീസുകാരുടെ രീതികളെയും അവർ സൂക്ഷിച്ച ആയുധങ്ങളെയും കുറിച്ചൊക്കെ കൗതുകത്തോടെ നോക്കിക്കാണുന്നതും ചിത്രത്തിന്റെ ഇതിവൃത്തമാണ്. ആദിവാസി ഊരുകളിലെ ജനങ്ങ ളെ പോലീസ് മാവോയിസ്റ്റെന്ന കണക്കെ മനുഷ്യവിരു ദ്ധമായ ആക്രമണത്തിന് വിധേയമാക്കുന്നതും കൃത്യമായ വിമർശനബുദ്ധിയോടുകൂടി തന്നെയാണ് ചിത്രത്തിൽ ഡോ: ബിജു അവതരിപ്പിച്ചിരിക്കുന്നത്.

ഒരു ദിവസം രാത്രി ഉണ്ടാകുന്ന ഒരു ശബ്ദത്തിനു ,പിറകേ പോലീസുകാർ കാട്ടിൽ സഞ്ചരി ക്കുകയാണ്. ആ സഞ്ചാരത്തിനിടയിൽ മാവോയി സ്റ്റുകളെന്നു കരുതുന്ന ഒരാളെ പിടികൂടുന്നു. ഇന്ദ്രജിത്ത് അയാളുമായി കാട്ടിൽ ഒറ്റപ്പെടുന്നതി ലൂടെയാണ് കഥ മുന്നോട്ടുപോകുന്നത്. താൻ പിടിച്ച മാവോയിസ്റ്റുകളെന്ന് സംശയിക്കുന്ന ആൾ ഒരു സ്ത്രീ യാണെ

ന് ഇന്ദ്രജിത്ത് തിരിച്ചറിയുന്നു. അതിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. കാട്ടിൽ വഴിതെറ്റിയ ഇന്ദ്രജിത്ത് മാവോയിസ്റ്റെന്നു സങ്കൽപിക്കുന്ന യുവതിയുമായി സൗഹൃദം സ്ഥാപിക്കുന്നു. ഒരു രാത്രി അവർ ഏറുമാടത്തിൽ ഒരുമിച്ച് താമസിക്കുന്നു. ആ രാത്രിയാണ് ഈ സിനിമയുടെ നിർണ്ണായകത്വം. അത് സിനിമകാണുന്ന ഏതൊരാളും പ്രതീക്ഷിക്കുന്ന പോലെ ആണും പെണ്ണും ഒന്നിച്ചുറങ്ങിയാൽ ആകാശം ഇടിഞ്ഞുവീഴും എന്ന പൊതുബോധത്തെ മുൻനിർത്തിയോ അല്ലെങ്കിൽ അവർ പ്രണയലോലമായി മാറുന്ന പൈങ്കിളി രംഗങ്ങൾ മാത്രം കണ്ടുപിടിച്ച് തികച്ചും സ്ത്രീ വിരുദ്ധമായ അവതരണം കൊണ്ടോ ഒന്നുമല്ല. അതിലുമെത്രയോ അപ്പുറം റിമകല്ലിങ്കൽ കൈകാര്യം ചെയ്ത പെൺശരീരത്തിന്റെ ശാരീരിക വർണ്ണങ്ങൾക്കപ്പുറത്ത് അവൾ ഉന്നയിക്കുന്ന മനുഷ്യപക്ഷത്തിന്റെ ചോദ്യങ്ങൾ കൊണ്ടാണ്. ആ ചോദ്യം ആ പോലീസുകാരനുനേരെയല്ല, മാവോയിസ്റ്റുകൾ എന്ന വ്യാജേന വെടിയേറ്റു വീഴുന്ന മനുഷ്യനുവേണ്ടി ശബ്ദിക്കാതെ അവർ മാവോയിസ്റ്റുകളല്ലേ എന്ന് വിളിച്ചുപറയുന്ന പൊതു ബോധത്തിനെതിരെയാണ്. രാത്രി ഒരു പുരുഷനൊപ്പം ഒരു മുറിയിൽ കഴിയുന്ന ഒരു പെൺകുട്ടി കാമലീലകൾ കൊണ്ട് മുറുക്കുന്നതുമാത്രം കണ്ട് ശീലിച്ച് അതിൽ ഓർഗാസം കണ്ടെത്തുന്നവർക്ക് മനുഷ്യൻ ഒരു ലൈംഗിക ജീവിമാത്രമല്ലെന്ന മനുഷ്യപക്ഷ സന്ദേശം നൽകുന്നു. ഈ സമൂഹത്തിനു നേരെ കണ്ണുകളിൽ കത്തി നിൽക്കുന്ന കനലുമായി തന്നെ അവർ ചോദിക്കുന്നു "ആരാണ് മാവോയിസ്റ്റുകൾ?" നിങ്ങൾക്കെന്തറിയാം മാവോയിസ്റ്റുകളെക്കുറിച്ച് നിങ്ങളുടെ കണ്ണിൽ ആരൊക്കെയാണ് മാവോയിസ്റ്റുകൾ? മണ്ണിനും മനുഷ്യനും വേണ്ടി സംസാരിക്കുന്നവർ, കാടിനും പുഴയ്ക്കും വേണ്ടി സംസാരിക്കുന്നവർ, കുന്നിൻ ചെരിവുകളും താഴ്വരകളും നമ്മുടെതാണെന്നു പറയുന്നവർ, വിദ്യാഭ്യാസം എന്നത് തൊഴിൽദായനത്തിനുമപ്പുറം പാർശ്വവത്കരിക്കപ്പെട്ടവന്റെ ഉയിർപ്പെന്നും കരുതി അവരോടൊപ്പം നടക്കുന്നവർ, നല്ല പുസ്തകം വായിക്കുന്നവർ, സിനിമ കാണുന്നവർ, നാടകം കാണുന്നവർ അങ്ങനെയാണെങ്കിൽ ഞാൻ മാവോയിസ്റ്റാണ്.

ഇതാണ് നാറിയ സമൂഹമേ നിങ്ങൾ മാവോയിസ്റ്റാവാൻ കൽപിച്ചു തരുന്ന മാനദണ്ഡമെങ്കിൽ ഞങ്ങളോരോരുത്തം മാവോയിസ്റ്റുകളാണ്. അതെ ഞങ്ങൾ അസ്വസ്ഥരാണ്. ഈ വ്യവസ്ഥിതിയിൽ ഞങ്ങൾക്ക് വിശ്വാസമില്ല. ഇതുതന്നെയാണ് പൊതു സമൂഹത്തിനു മുന്നിൽ കലാമൂല്യമുള്ള, ഈ ചിത്രം മുന്നോട്ടുവയ്ക്കുന്ന ചോദ്യങ്ങൾ. 100, 200 ദിവസം പുലിമുരുകനും, മുന്തിരിവള്ളികളും പോലുള്ള സ്ത്രീ വിരുദ്ധമായ സിനിമകൾ തിയേറ്ററുകൾ ആഘോഷമാക്കുമ്പോൾ ഇതുപോലുള്ള ചിത്രങ്ങൾ എന്തുകൊണ്ട് മലയാളിയുടെ മനം കവരുന്നില്ല എന്ന സങ്കടകരമായ ചോദ്യവും നമുക്കുമുന്നിലുണ്ട്.





Haritha
Ist MA Malayalam

നീ ഒരിക്കൽ പോലും
കാണാൻ ശ്രമിക്കാത്ത
എന്റെ
കണ്ണീരിലായിരുന്നു
ഞാനെന്റെ പ്രണയം ഒളിച്ചുവെച്ചത്.

കാക്കയ്ക്ക് പറയാനുള്ളത്
കറുത്തുപോയതിന്റെ നൊമ്പരമാണ്
കാക്കക്കൂട്ടിൽ പിറന്ന കുയിലെന്തു പറയാനാണ്.

ഞാറക്ക തിന്നുവോളം
ഞാനറിഞ്ഞില്ല
അവയെന്റെ കമ്മീസിൽ
കറപുരട്ടുമെന്ന്



Najla
Ist English


# FEAR IT... AND NOT..!




World...,at times is all blind to facts
but not to false predictions of fear..
for which actually it should be blind to,
fear...,it's Phantoms clinging to your emotions...
makes emotions which are false
to come across as real,
but are actually not...,but maybe..
fear...,of which the mankind is afraid
is not a fact anyhow...,but maybe..
Or...,just that it seems to us as a fact....?
so why we fear the 'fear'....??
get up,to give it a tear....
do not fear this 'fake' fear
instead MAKE THE fear,fear you
and it wouldn't dare any more to interfere.
But do fear a fear..,
the kind of fear we need to fear...
we fear the people...
but not the one who created the scene...!
-that's why we lie about in lies,
to save our dignity
infront of those people we fear,
but not the 'ultimate',
who improvised the whole world and people...,
who created 'fear'...,not to fear
-those who lie on diabolic endeavours..,
or that fictitious theory of fear
swollen in our heart to EVEN swollen the fear,
which is already swollen due to the same...!
-but...,to create in us a virtuous-fear for him
a 'fear' for fear's sake...
and for the people's sake....
which thwarts the evil from hurting souls...
which alarms,when heart insists us
to take a wrong route,
to escape the long route...
a fear which creates a purpose for our life
a fear for which it is created for....
else...,man'll be free to do any deed
without caring for it is a virtue or a sin...
so the 'fear'...,fear it.....and not...!



Hamida
1St Malayalam



# ഞാന                    ും
# ഞാനുമെന്റാളും

ഇന്നും ഭൂമി ഭ്രമണം ചെയ്യുന്നത് 24 മണിക്കൂർ കൊണ്ട് തന്നെയാണ്. പക്ഷേ, നമുക്കിന്ന് സമയമില്ലാതായിരിക്കുന്നു. കാരണം നാം ഇന്ന് നമ്മുടെ മാത്രം സുഖങ്ങൾക്ക് മുകളിലെ സുഖം തേടിയലയുകയാണ്. നാം വെട്ടിപ്പിടിച്ചവയ്ക്കിടയിൽ നിർമ്മിച്ച മതിലുകൾ നമ്മുടെ സ്നേഹബന്ധങ്ങളേക്കാൾ ഉയരത്തിലുള്ളവയായിരിക്കുന്നു. നമുക്കിന്ന് സാഹൃദങ്ങളുണ്ട്.

ചിരിക്കാൻ മറന്ന് പോവുന്ന മനുഷ്യന് പോലും ,പറയാൻ കാരണമുണ്ട് സോറി, ഞാൻ തിരക്കിലാണ് . സ്വന്തം ജീവിതത്തിന്റെ നിറവർണ്ണങ്ങളിൽ ഭ്രമിച്ച് അതിൻമേൽ വീണ്ടും വീണ്ടും ചായം പൂശുന്നവന് എന്നാണ് തിരക്കുകളിൽ നിന്ന് സ്വതന്ത്രനാവാൻ സാധിക്കുക? ഒറ്റത്തുണിയിൽ വസ്ത്രം കഴുകാൻ ബുദ്ധിമുട്ടുന്ന സ്ത്രീയെ കണ്ട് കോട്ടും സ്യൂട്ടുമുപേക്ഷിച്ച ഗാന്ധിയെവിടെ? അന്യന്റെ ന്യൂനത കാണുമ്പോൾ മാത്രം സ്മാർട്ട് ഫോണിൽ നിന്ന് തലയുയർത്തുന്ന നമ്മളെവിടെ? യഥാർത്ഥത്തിൽ പിഴച്ചത് നമുക്കായിരുന്നുവോ, അതോ കാലത്തിനോ? ചിരിക്കാൻ മാത്രമല്ല, മറിച്ച് ചിരിപ്പിക്കാൻ കൂടി കഴിയുമ്പോഴാണ് മനുഷ്യന്റെ ജീവിതത്തിന് പൂർണ്ണത കിട്ടുന്നത് എന്ന തത്വം എന്നു മുതലാണ് നാം മറന്നു തുടങ്ങിയത്?

നന്മകൾ നിറഞ്ഞതടിഞ്ഞ ഒരു പൂർവ്വകാലം നമുക്കുമുണ്ടായിരുന്നു. തൊട്ടാവാടിയിലെ കൗതുകത്തെയും അപ്പനീരിൽ നാട്ടുവൈദ്യത്തെയും തേടി, തലപ്പന്തും കുട്ടിയും കോലും കളിച്ചു കൂട്ടുകാരോടൊത്തു തെണ്ടി നടന്ന ബാല്യങ്ങളുള്ള, തണുത്ത മണ്ണിൽ വിയർപ്പൊഴുക്കി അധ്വാനഭാരങ്ങൾ പേറി ഒരുപാട് വയറുകൾ നിറയാൻ പാടുപെട്ട് യൗവ്വനമുള്ള, വീട്ടുകോലായിലും ചായപ്പീടികകളിലും നാട്ടുവിശേഷങ്ങളുടെ സംസ്ഥാന സമ്മേളനം നടത്തിയ വാർദ്ധക്യമുള്ള ഒരു നല്ല കാലം. അരവയറേ നിറയുമായിരുന്നുവെങ്കിലും അവിടെ മനുഷ്യർ പരസ്പരം ചിരിക്കാറുണ്ടായിരുന്നു, അവർ മറ്റുള്ളവന്റെ സുഖത്തിലും ദുഃഖത്തിലും കൂടെയുണ്ടാവുമായിരുന്നു.

ഇന്നും ഭൂമി ഭ്രമണം ചെയ്യുന്നത് 24 മണിക്കൂർ കൊണ്ട് തന്നെയാണ്. പക്ഷേ, നമുക്കിന്ന് സമയമില്ലാതായിരിക്കുന്നു. കാരണം നാം ഇന്ന് നമ്മുടെ മാത്രം സുഖങ്ങൾക്ക് മുകളിലെ സുഖം തേടിയലയുകയാണ്. നാം വെട്ടിപ്പിടിച്ചവയ്ക്കിടയിൽ നിർമ്മിച്ച മതിലുകൾ നമ്മുടെ സ്നേഹബന്ധങ്ങളേക്കാൾ ഉയരത്തിലുള്ളവയായിരിക്കുന്നു. നമുക്കിന്ന് സൗഹൃദങ്ങളുണ്ട്. അവർ നമ്മോട് ചൂണ്ടുവിരൽ സ്ക്രീനിൽ തെളിയിക്കുന്ന അക്ഷരങ്ങളിലൂടെ സംസാരിക്കുന്നുണ്ട്. പക്ഷേ അവ ഹൃദയത്തിൽ നിന്നുള്ളതാണോ എന്നതിലും നമുക്കിടയിലെ വികാരത്തിലുമാണ് സംശയം. പഴയ സുഹൃത്തിനെ വീണ്ടും കാണുമ്പോൾ നാം ചിരിക്കുന്നത് സെൽഫിക്കുവേണ്ടി ഫോണുകളിലേക്ക് നോക്കിയായി തുടങ്ങിയത് എന്നു മുതൽക്കാണ്? ഒരാളുടെ മുഖത്ത് നോക്കി ചിരിക്കുമ്പോൾ നമ്മളിൽ നിന്ന് എന്താണ് നഷ്ടപ്പെടാനുള്ളത്?

കാലമാണോ അതോ മറ്റെന്തെങ്കിലുമാണോ എന്നറിയില്ലാ പക്ഷെ, എന്തൊ നമ്മെ ഒരുപാട് മാറ്റിയിരിക്കുന്നു. നമ്മുടെ മഹത്തായ സംസ്കാരത്തെ തന്നെ അതൊരുപാട് തിരുത്തിയിരിക്കുന്നു. പക്ഷേ, ഈ മാറ്റം ഒരു മഹത്തരമായി കാണാൻ കഴിയുകയില്ല. കാരണം

സ്വാർത്ഥത നമ്മിൽ സൃഷ്ടിക്കുന്നത് ഒരു തരം ഏകാന്തതയാണ്. മഹത്തായ സ്നേഹസൗഭാഗ്യങ്ങൾ നിറഞ്ഞാടുന്ന സമൂഹത്തിൽ നിന്നുള്ള ഒറ്റപ്പെടൽ മറ്റൊരർത്ഥത്തിൽ ഒളിച്ചോട്ടം എന്നതിനെ വിശേഷിപ്പിക്കാം. സ്വന്തം ജീവിതസുഖങ്ങളിലേക്ക് ചുരുങ്ങുമ്പോൾ നമുക്ക് നഷ്ടമാവുന്നത് ഒരു സമൂഹം നമ്മിലേക്ക് പകർന്നു തരുന്ന നന്മകളാണ്. വിഭവസമൃദ്ധമായി കഴിക്കുന്നവന് ഒരൽപ്പം പങ്കുവെയ്ക്കുവാനും ആവശ്യ സാധനങ്ങൾക്ക് ബുദ്ധിമുട്ടുന്നവനിലേക്ക് ആർഭാടം നയിക്കുന്നവന് മാറ്റിവെയ്ക്കാനും സാധിക്കുമ്പോൾ അവരിലെ ചുണ്ടുകളിലെ പ്രകാശം നമ്മുടെ ഹൃദയത്തിൽ പരക്കുന്നതിന്റെ നിർവൃതി മഹത്തരമാണ്. നാട്ടുകാർക്കിടയിലെ സൗഹൃദങ്ങളും കൂട്ടായ്മകളും പകർന്നു തരുന്ന സ്നേഹം മരിക്കാത്ത സന്തോഷങ്ങളായി ഉള്ളിലുണ്ടാവും. എല്ലാം ഇല്ലാതാവുമ്പോൾ ഒരു കൈത്താങ്ങാവാൻ നമുക്കുവേണ്ടി അന്നൊരുപാട് പേരുണ്ടാവും. ഹൃദയങ്ങൾ കൊണ്ട് നാം എഴുതിച്ചേർത്ത ഇത്തരം ബന്ധങ്ങൾ മാത്രമേ നമ്മുടെ സന്തോഷങ്ങളിലും ഒപ്പം ദുഃഖങ്ങളിലും നമ്മോടൊപ്പമുണ്ടാവൂ.

മഹത്തായ സംസ്കാരത്തിനുടമകളായ നമുക്കുപോലും പങ്കുവെക്കലുകളുടെ നന്മ അറിയാതെ പോവുന്നത് ആപത്തുതന്നെയാണ്. നാം ഉയർത്തിക്കാട്ടിയ മതിലുകൾ ഇനി പൊളിച്ചു മാറ്റാൻ ബുദ്ധിമുട്ടാവും, പക്ഷേ ഹൃദയത്തിൽ നിന്ന് നാം നൽകുന്ന പുഞ്ചിരിയിലൂടെ നഷ്ടപ്പെടുത്തിയ നന്മ നിറഞ്ഞ ബന്ധങ്ങൾ നമുക്ക് തുന്നിച്ചേർക്കാനാവും. അതെ, ഒരൊറ്റ പുഞ്ചിരിയിലൂടെ.......



# കറുപ്പ്



Bhadra
2nd Maths

ഇന്നലെയാണ് കണ്ണട വെച്ചത്
വലിയ കറുത്ത ഫ്രേമുള്ള കണ്ണട
ഇന്നലെവരെ നിശാന്ധതയുടെ ഇരുട്ടായിരുന്നു.
തിമിരത്തിന്റെ തിമിർപ്പായിരുന്നു.
ഇവ രണ്ടും കൊണ്ട് കണ്ണ് കടഞ്ഞു.
കണ്ണട വാങ്ങാൻ വലിയ ക്യൂ....
ഇത്രയും പേരുടെ കണ്ണിൽ അന്ധകാരമായിരുന്നോ
കണ്ണടവെച്ചപ്പോൾ കാഴ്ചയുടെ സുഖം
പക്ഷേ, അതിന് നിമിഷങ്ങളുടെ ആയുസേ ഉണ്ടായിരുന്നുള്ളൂ
നല്ല കാഴ്ചകൾ പെട്ടെന്നു മാഞ്ഞുപോയി
കറുത്ത കാഴ്ച തെളിഞ്ഞു തുടങ്ങി.
തീവ്രവാദത്തിന്റെ കറുപ്പ്
വർഗീയതയുടെ കറുപ്പ്
റോഡിൽ തളം കെട്ടിക്കിടക്കുന്ന
ചുടുചോരയുടെ കറുപ്പ്
വെള്ളഖദറിന്റെ ഉള്ളിൽ പിടക്കുന്ന
ദുരാഗ്രഹ ഹൃദയത്തിന്റെ കറുപ്പ്
അമ്മയെയും പെങ്ങളെയും നോക്കുന്ന
കണ്ണിൽ പടർന്നു പിടിക്കുന്ന കറുപ്പ്
ഹൊ! മതിയായി...
ഇന്നലെവരെ കണ്ട കറുപ്പ് തിമിരത്തിന്റേതായിരുന്നല്ലോ
ഇന്നു കണ്ട കാഴ്ചകളുടെ കറുപ്പ്
അതിനെക്കാൾ ഭീകരം
അതുകൊണ്ട് തീരുമാനിച്ചു.
കണ്ണട ഇന്നുതന്നെ ഊരിവെക്കണം
കാരണം തിമിരത്തിന്റെ കറുപ്പിൽ
അൽപ്പം സമാധാനമെങ്കിലുമുണ്ട്!

# ഒരു പകുതി നിലാവും | മറുപകുതി രാവും

ചക്രവാളത്തോളം വികസിച്ചിരിക്കുന്ന പൊതുഇടങ്ങളാണ് സോഷ്യൽ മീഡിയകൾ. 1990 കളിലെ തെഗ്ലോബ് കോം. ജിയോസിറ്റീസ്, ട്രൈപോസ് കോം തുടങ്ങിയ നെറ്റ്‌വർക്കുകളാണ് സോഷ്യൽമീഡിയയുടെ തുടക്കം. അന്ന് കമ്പ്യൂട്ടർ വിദഗ്ധരായ ചുരുക്കം ചിലർ ഉപയോഗിച്ചിരുന്നതായിരുന്നു ഇത്തരം നെറ്റ് വർക്കുകളെങ്കിൽ ഇന്നത്തെ ഡിജിറ്റൽ വിപ്ലവകാലത്ത് അച്ചടിമാധ്യമങ്ങൾക്ക് കനത്ത വെല്ലുവിളിയായി സോഷ്യൽ നെറ്റ് വർക്കുകൾ രൂപപ്പെട്ടിരിക്കുന്നു. 2015ലെ ഒരു കണക്കു പ്രകാരം 17നും 35നും ഇടക്ക് പ്രായമുളളവരിൽ 84% പേർ സോഷ്യൽ മീഡിയകളിൽ സജീവമാണ്. ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, ട്വിറ്റർ, ഇൻസ്നഗ്രാം, യൂട്യൂബ്, വൈബർ, സനാപ്പ ചാറ്റ് .... ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാത്ത യുവാക്കൾ ഉണ്ടാകില്ല.

ടെലിവിഷന്റെ വരവ് പങ്കാളിത്തം അവകാശപ്പെടാനാവാത്ത ഒരു പ്രേക്ഷക സമൂഹത്തെ സൃഷ്ടിച്ചുവെങ്കിൽ ഡിജിറ്റൽ മീഡിയകൾ ഓരോ മനുഷ്യരേയും പബ്ലിഷറും എഴുത്തുകാരുമാക്കി



പരിവർത്തിപ്പിക്കുന്നു. സാക്ഷരത ഉയർന്നുവരുന്ന നമ്മുടെ രാജ്യത്ത് അച്ചടി മാധ്യമങ്ങളും ടെലിവിഷൻ ചാനലുകളും ഇപ്പോഴും ലാഭകരമായി തുടരുന്നുണ്ടെങ്കിലും വികസിത രാജ്യങ്ങളിൽ മുഖ്യധാരാ അച്ചടി മാധ്യമങ്ങൾ പ്രതിസന്ധിയിലാണ്. സ്മർട്ട്ഫോണുകളുടെ വരവാണ് നവമാധ്യമങ്ങളെ ജനകീയമാക്കിയത്. കയ്യിൽ ഫോണുമായി നടക്കുന്ന ഓരോ സിറ്റിസൺ ജേർണലിസ്റ്റിനും മുന്നിൽ അപാര സാധ്യതകളാണുള്ളത്.


മുഖ്യധാരാ പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ചെറുപരാമർശങ്ങളിലൂടെ വാർത്തയെ അല്ലാമാ



Neeraja
Ist Physics





ക്കിയ ഒരു കൊലപാതകം അടുത്തിടെ കേരളമാകെ ചർച്ചാവിഷയമായത് സോഷ്യൽ മീഡിയയുടെ ഇടപെടൽ കൊണ്ടുമാത്രമാണ്. പെരുമ്പാവൂരിലെ ജിഷ എന്ന നിയമവിദ്യാർത്ഥിനിയുടെ കൊലപാതകം എറണാകുളം ലോകോളേജിലെ വിദ്യാർത്ഥികളുൾപ്പെട്ട ഫേസ്ബുക്കിലെ സീക്രട്ട്ഗ്രൂപ്പിലാണ് ആദ്യം ചർച്ചാവിഷയമായത്. അതിനുശേഷം ഒരു വിദ്യാർത്ഥി പത്രവാർത്തയുടെ ക്ലിപ്പ് ഉൾപ്പെടെ ഫേസ്ബുക്കിൽ കുറിപ്പിടുന്നു. സാമൂഹ്യമാധ്യമങ്ങളിൽ ചർച്ചയാവുന്നു. അവിടുന്നങ്ങോട്ട് പത്രങ്ങളും ടി.വി. ചാനലുകളും സാമൂഹ്യ പ്രവർത്തകരും വിഷയം ഏറ്റെടുക്കുന്നു. പാരമ്പര്യ മാധ്യമങ്ങളുടെ അലസതക്കുമേൽ ആഞ്ഞുവീണ കൊട്ടുവടിയായിരുന്നു അത്. എസ്റ്റാബ്ളിഷ്മെന്റിനോടും വിധേയത്വം പുലർത്തേണ്ടതില്ലാത്ത ഒരു ചെറുമുറിയും കമ്പ്യൂട്ടറും ഇന്റർനെറ്റും മൂന്നോ നാലോ ആളുകളും കൈമുതലായിട്ടുള്ള ഓൺ ലൈൻ പോർട്ടലുകൾ വാർത്തകളെ അറിഞ്ഞുപയോഗിക്കുന്നുണ്ട്.

രോഗികളേയും നിർധനരേയും സഹായിക്കുന്ന ചെറുഗ്രൂപ്പുകളുടെ കേവല സാമൂഹ്യബോധത്തിനപ്പുറം ഫേസ്ബുക്ക് കൂട്ടായ്മകളുടെ ഉത്തരവാദിത്വബോധം വളർന്ന് വിപ്ലവത്തിന്റെ തലത്തിലേക്കുയർന്ന ചില സംഭവങ്ങൾക്കും നമ്മുടെ രാജ്യം സാക്ഷിയായിട്ടുണ്ട്. പ്രശസ്ത സാമൂഹ്യ പ്രവർത്തകനായ ഡോ. ബിനായക് സെന്നിന്റെ അറസ്റ്റ്, ഡൽഹി പെൺകുട്ടിയുടെ ദുരന്തം, ജെ.എൻ.യു. വിദ്യാർത്ഥി കനയ്യകുമാറിനെതിരെയുള്ള പോലീസ് നടപടി, ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിദ്യാർത്ഥി രോഹിത് വെമുലയുടെ ആത്മഹത്യ തുടങ്ങിയ സംഭവങ്ങളിൽ രാജ്യമൊട്ടാകെ സംവാദങ്ങൾ ഉയർത്തുന്നതിനും തീരുമാനങ്ങളെടുക്കാൻ ഭരണകൂടത്തിനുമേൽ സമ്മർദ്ദം ചെലുത്തുന്ന സ്വാധീനമായി പ്രവർത്തിക്കുന്നതിനും ഫേസ്ബുക്ക് കൂട്ടായ്മകൾക്ക് സാധിച്ചു.

കലാസാഹിത്യ അംഗങ്ങളിലും ഇന്ന് നവമാധ്യമങ്ങൾ അവഗണിക്കാനാവാത്ത ഒരു സാന്നിദ്ധ്യമാകുന്നു. തിയ്യേറ്ററുകളിൽ പ്രദർശിപ്പിക്കാൻ സാമ്പത്തിക തടസ്സം നേരിട്ടപ്പോൾ തന്റെ പ്ലാനിംഗ്, തട്ടുംപുറത്തപ്പൻ തുടങ്ങിയ ഹ്രസ്വചിത്രങ്ങൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്ത് ജനങ്ങൾക്ക് സൗജന്യമായി കാണാനുള്ള അവസരം നൽകിയാണ് മലയാളത്തിലെ യുവ സംവിധായകൻ സുദേവൻ വാർത്ത സൃഷ്ടിച്ചത്. സാങ്കേതികത്തികവും കലാമൂല്യവുമുള്ള ചിത്രങ്ങൾ പ്രേക്ഷകരുടെ പ്രശംസ നേടിയെടുത്തു സിനിമയുടെ വാണിജ്യതാൽപര്യങ്ങൾക്കുമേൽ ഒരു കലാകാരന്റെ വിജയമായിരുന്നു അത്. ഹ്രസ്വചിത്രങ്ങളുടെ അവതരണവേദിയാണ് ഇന്ന് യൂട്യൂബ്. സ്ഥിരപ്രതിഷ്ഠരായ സംവിധായകർ പോലും ഹ്രസ്വചിത്രങ്ങൾ യൂട്യൂബിൽ റിലീസ് ചെയ്യുന്നു. പ്രശസ്തരായ അണിയറ പ്രവർത്തകരും നടീനടന്മാരും ഉൾപ്പെട്ട ഗ്രേസ് വില്ല എന്ന മലയാള ഹ്രസ്വചിത്രം ഈയടുത്തകാലത്ത് ചർച്ചാവിഷയമായി. ആറരലക്ഷത്തോളം ആളുകൾ ഈ ചിത്രം ആസ്വദിച്ചു. പ്രദർശിപ്പിക്കാൻ അവസരം കിട്ടാത്തതിന്റെ വേദന ഇന്ന് കലാപ്രവർത്തകർക്കില്ല. ആർക്കും തങ്ങളുടെ പ്രകടനങ്ങൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യാം. വീട്ടുജോലികളിൽ തന്റെ കലാജീവിതം ഒളിപ്പിച്ചുവെച്ച ചന്ദ്രലേഖ എന്ന ഗായികയെ കേരളജനത ഏറ്റെടുത്തത് യൂട്യൂബിൽ നിന്നാണ്. അമ്പതുകൊല്ലം മുൻപത്തെ കലാസാഹിത്യഭാവുകത്വം മേന്മയാക്കി കൊണ്ടുനടക്കുന്ന മുഖ്യധാരാ മാധ്യമങ്ങൾ ചവറ്റുകുട്ടയിലെറിയുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും തങ്ങളുടെ സൃഷ്ടിപരമായ ആവിഷ്ക്കാരങ്ങൾക്ക് വേദിയാകുന്നത് ഓൺലൈൻ മാധ്യമങ്ങളാണ്.

ഇന്നത്തെ ലോകത്തിൽ വാർത്തയാക്കേണ്ടതെന്ന് മുഖ്യധാരാ മാധ്യമങ്ങൾ തീരുമാനിക്കുന്ന ഒന്നും വാർത്തയാകാതെ പോവില്ല. ഈ സത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് രാഷ്ട്രീയ നേതാക്കൾ സോഷ്യൽ

മീഡിയയിൽ സജീവമാകുന്നത്. രാഷ്ട്രീയക്കാരുടെ സാമൂഹ്യ പരമാധികാരത്തിനും സോഷ്യൽ മീഡിയകൾ മറുമരുന്നാകുന്നു. ഏതു നാക്കുപിഴകൾക്കും നിമിഷങ്ങൾക്കുള്ളിൽ പ്രത്യക്ഷപ്പെടുന്ന ട്രോളുകൾ ന്യൂജൻ കാർട്ടൂണുകളാണെന്നു പറയാം. അഴിമതി വീരൻമാരെ മറയില്ലാതെ വിമർശിക്കാൻ സാധാരണ ജനത്തിനും വിമർശനങ്ങളിൽ നിന്ന് പക്വമായ സാമൂഹ്യജീവിതം ഉണ്ടാക്കിയെടുക്കാൻ രാഷ്ട്രീയക്കാർക്കും (അതു സാധാരണ നമ്മുടെ ജനാധിപത്യ ചുറ്റുപാടുകളിൽ സംഭവിക്കാറില്ലെങ്കിലും) ട്രോളുകൾ അവസരമൊരുക്കുന്നു.

സാമൂഹ്യ ജീവിതത്തിന്റെ പരിച്ഛേദമാകയാൽ സോഷ്യൽ മീഡിയയുടെ ഇരുണ്ട മറുപകുതിയും പരാമർശിക്കപ്പെടേണ്ടതാണ്. ഏത് പുത്തൻ സാങ്കേതികതയും വൈകാരിക പ്രതിസന്ധിയിലാക്കുന്നത് കൗമാരക്കാരെയാണ്. നവമാധ്യമങ്ങൾ കൗമാരക്കാരുടെ മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് മനോരോഗ വിദഗ്ധർ സാക്ഷ്യപ്പെടുത്തുന്നു. സ്കൂൾ സമയം കഴിഞ്ഞാൽ കുട്ടികൾ അധികസമയവും ചെലവിടുന്നത് കമ്പ്യൂട്ടറിന്റെയോ സ്മാർട്ട്ഫോണിന്റെയും മൃദുവെളിച്ചം പ്രസരിപ്പിക്കുന്ന സ്ക്രീനിന്റെ ആകർഷണത്തിലാണ്. പ്രത്യേകിച്ചും ഇടത്തരക്കാരുടെയും ഉയർന്ന സാമ്പത്തിക നിലവിലുള്ളവരുടെയും വീടുകളിൽ വിരൽത്തുമ്പിലെ മായാജാലക്കാഴ്ച്ചകൾ കൗമാരക്കാരുടെ പക്വമല്ലാത്ത സാഹസികതകളെ മോശമായ രീതിയിൽ സ്വാധീനിക്കുന്നുണ്ട്. വീട്ടുകാരുമായി അധികം ഇടപഴകാൻ മെനക്കെടാതെ അടച്ചിട്ടമുറിക്കുള്ളിൽ അജ്ഞാത സൗഹൃദങ്ങൾക്ക് സമയം ചെലവഴിക്കുന്ന പുതുതലമുറ കൗമാരങ്ങൾ ശാരീരിക,മാനസിക അനാരോഗ്യതകൾക്ക് അടിപ്പെടുന്നു. മുതിർന്നവർക്കും ഇത് ബാധകം തന്നെ. ഒരു മണിക്കൂറിലധികം തുടർച്ചയായി സോഷ്യൽ മീഡിയ ഉപയോഗിക്കുന്നുണ്ടെങ്കിൽ സ്വയം താക്കീതിന് സമയമായി. കപടവ്യക്തിത്വങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കാമെന്നും ഉറവിടം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണെന്നുള്ളതും മയക്കുമരുന്ന്, സെക്സ് റാക്കറ്റുകൾക്കും, തീവ്രവാദ ഗ്രൂപ്പുകൾക്കും സോഷ്യൽ മീഡിയകൾ തങ്ങളുടെ ഇഷ്ടാനുസരണം ഉപയോഗിക്കാൻ കളമൊരുക്കുന്നു. മോഹിപ്പിക്കുന്ന ഒരു ഫോട്ടോക്കപ്പുറത്തേക്ക് കാണാനോ സ്നേഹം പുരണ്ട കുറച്ചുവാക്കുകൾക്കപ്പുറത്തേക്ക് ചിന്തിക്കാനോ ശേഷിയില്ലാതെ കപട വാഗ്ദാനങ്ങളിലും സൗഹൃദങ്ങളിലും ഒടുങ്ങുന്ന കൗമാര ജീവിതങ്ങൾ അനവധിയാണ്.

കാലിക പ്രശ്നങ്ങൾക്കുപരിയായി സമൂഹത്തിന്റെ കാതലായ പ്രശ്നങ്ങളിൽ തലപുകയ്ക്കാൻ ഇപ്പോഴും സോഷ്യൽ മീഡിയകൾ തുനിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. സാമ്പത്തികമായി ഇടത്തരക്കാർ മുതൽ മുകളിലേക്കുള്ള സമൂഹമാണ് നവമാധ്യമങ്ങളുടെ പ്രധാന ഉപഭോക്താക്കൾ. അതുകൊണ്ട് തന്നെ കർഷക, ദളിത്, തൊഴിലാളി, സ്ത്രീ പ്രശ്നങ്ങളിൽ നവമാധ്യമങ്ങൾ ഉപരിപ്ലവമായ നിലപാടുകളാണ് എടുക്കുന്നത്. ഒരു തരം മുഖം മിനുക്കിയ ബുദ്ധിജീവികളാണ് സോഷ്യൽ മീഡിയകളെ മുന്നോട്ടുകൊണ്ടുപോകുന്നതെന്നും വിമർശനമുണ്ട്. എങ്കിലും ആരെയും ഭയക്കാത്ത ഒരു യുവതലമുറയുടെ നിർമ്മിതിക്ക് സമൂഹമാധ്യമങ്ങളിലെ സംവാദങ്ങളും സൗഹൃദങ്ങളും കളമൊരുക്കുന്നു. ഭരണകൂടങ്ങൾക്കും കക്ഷിരാഷ്ട്രീയ നേതൃത്വങ്ങൾക്കും എസ്റ്റാബ്ലിഷ്മെന്റുകൾക്കും മുന്നിൽ വിധേയപ്പെട്ടു നിൽക്കുന്ന ജേർണലിസം ജനപക്ഷത്തു നിൽക്കലാണ് തങ്ങളുടെ കർത്തവ്യമെന്നത് നവമാധ്യമങ്ങളിൽ നിന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.




**ഒരു മണിക്കൂറിലധികം തുടർച്ചയായി സോഷ്യൽ മീഡിയ ഉപയോഗിക്കുന്നുണ്ടെങ്കിൽ സ്വയം താക്കീതിന് സമയമായി. കപടവ്യക്തിത്വങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കാമെന്നും ഉറവിടം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണെന്നുള്ളതും മയക്കുമരുന്ന്, സെക്സ് റാക്കറ്റുകൾക്കും, തീവ്രവാദ ഗ്രൂപ്പുകൾക്കും സോഷ്യൽ മീഡിയകൾ തങ്ങളുടെ ഇഷ്ടാനുസരണം ഉപയോഗിക്കാൻ കളമൊരുക്കുന്നു.**



Rishan Gafoor
2nd B Com

# LET'S SAVE A PENALTY



One cannot simply ignore the positive effect of sportsin indian economy since early 90s.in recent years,every international sportspersons or official visiting india has said that this is the place to play,and that the scope for every sport in the country is vast.ofcourse,what they really mean is that this is like the camp nou for BARCELONA,the perfect place to hunt,with wide audiances and a huge amount of money.now,the ever increasing number of cash-rich leagues is only proving the point,attracting athletes for all over the world,with two month football bonanza of indian super league being a particular highlight.the influence of money and attention on football has grapped many eyeballs and today ,the sport receives much more attention than any other time in the last few decades .with the comeing of ISL ,many talented players are taking their flight to our nation which shows how capable we are actually in developing football in india many big names had already landed here and it should be continued so that we could have a really amazing future in football

**Cricket-A big bash threat to football?**

Cricket being the prominent game in India made the football chances less effective .On one side,BCCI being the richest cricket board of all,and on other side ,all india football federation is

no way near to the BCCI.This is a serious concern as we have many talented players in our nation and don't have many programmes to raise them .this is what the ISL proves.Many have to walk out of our nation for their destiny as we are not providing many facilities ans oppurtunities for young talents .With the rise of ISL we are able to understand how talented our players are.It but we have to consider it at aleast ,so that more or less in 10years we could become a poweful football nation just like how strong we are in cricket


**Is football the future of sports in india? popularity.**

.Earlier,the football league of the country had been the I-league.It denote receive a lot of media attention, and the number of spectators at every game were barely a handful-barring the North east where huge crowds were routinely drawn to the games.

Though ISL has some issues,it has still managed to perform the major role of drawing attention to football as a viable sport.it has brought in ex-international footballers as coaches and players.All of this has culminated in drawing a huge number of viewers to the games not only through the television broadcasts,but on the actual grounds throughout the country .As the league progresses and its flaws are ironed out, and once it hopefully merges with the I-league,the standard of football will increase even further.and draw in even larger crowds

**Better programmes**

The ISl teams have began developing grassroot level programes to spoy and develop local talents for their teams,and of course for the indian football team. these programmes are in their premature stage and will only become better over time



## The U-17 FIFA WORLD CUP IN INDIA

The U-17 FIFA WORLD CUP which is going to be hosted by india is an opprtunity for the country to develop its football grounds and stadium facilites to a world class level.And hosting the best young footballers from all over the planet provieds a good chance for all the football superpoers here to cast them live in action ;an oppurtunity like never before P.S-being the host country ,india has automactically qualified for the tournament.thus,we are in a major international tournament for the first time,even it is at youth level,and is a good oppurtunity for the youth team to show their skills on the greatest stage of them all and impress the scouts who are surely going to be in attendance.

## U-16 TEAM OF INDIA

The current indian football team may not be the best in the world ,but india's U-16 team has been on a streak like never before, winning all most all their games against international opponents-sum of them by wide margins this bodies well for the furture,and if properly nutured,this could well be the golden generation of indian footaball

## FUTURE

Acadamics are now being setup all over the country to educate and train young kids who have got immense talent and potential.even festivals at grassroot are also being organised which represents and oppurtunity for youngters to show their metal.

Now the core foundations for growth of football are great infrastructure and expert coaches. we're seeing a rapid influx of many well recognised coaches / trainers and setting up of decent infrastructure in india

most imperatively people of india are slowly but surely recognising the fact that cricket is not the only speed.Basketball,football,boxing,tennis,badminton are all sports too.Parents in india are pushing their young, talented,ambitious kids to persue their passion in other sports besides cricket.

so,with all these we could undoubtedly say that,yes,we have a bright future.we just need to water it regularly and should organise regular grassroot programmes for the young talents in our nation.And that's it

Now,let us take a second to our FIFA ranking now,

current FIFA rangking-96!(highest in 21 years.!)

so yeah the future of football is quite amazing INDEED!

Let us save this "penalty".



# സോഷ്യൽ മീഡിയ മക്കാറാക്കുമ്പോൾ



Shemeer
2nd Physics








ലോകത്തെ ഞെട്ടിച്ച കണ്ടുപിടിത്തങ്ങളും യുദ്ധങ്ങളുമായിരുന്നു 20-ാം നൂറ്റാണ്ടിന്റെ സവിശേഷതയെങ്കിൽ ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന പുതുതലമുറ സാമൂഹ്യമാധ്യമങ്ങളാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അലങ്കാരം. ഭൂമിയിൽ ആദ്യമായി ജനിച്ചു വീഴുന്ന കുഞ്ഞിന്റെ മുതൽ ഒരു വൃദ്ധന്റെ ശവമടക്ക് വരെ സെൽഫിസ്റ്റിക്കുകളിൽ പകർത്തി സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നവർ മറ്റുള്ളവരെ കളിയാക്കുന്നതിലും അത്ര പിന്നോട്ടല്ല. ട്രോളുകളെന്നും, ചളികളെന്നുമെല്ലാം ഓമനപ്പേരിട്ട് വിളിക്കുന്ന ഒരുതരം Sarcasm . അല്ലെങ്കിൽ പച്ചമലയാളത്തിൽ മക്കാറ്. ഇന്ന് നവമാധ്യമങ്ങളിലും, പൊതുജീവിതത്തെയും വളരെയധികം സ്വാധീനിച്ച് കാണുന്നു.

ആക്ഷേപഹാസ്യമെന്ന വളരെ വിശാലമായ ഒരു മേഖല മുന്നിൽ കണ്ടാണ് ട്രോളുകൾ ഉണ്ടായിട്ടുള്ളത്. ട്രോൾ രൂപത്തിലുള്ള ആക്ഷേപഹാസ്യങ്ങൾ ആദ്യമായി കണ്ടുവരുന്നത് ഫേസ്ബുക്കിലെ ചില ഇംഗ്ലീഷ് പേജുകളിലാണ് എന്നാൽ അത്രപ്രചാരമല്ലായിരുന്ന ഈ ഒരു കലാരൂപം ഈ ദശകത്തിന്റെ തുടക്കത്തിൽ അത്ഭുതാവഹമായി ഒരു എഴുന്നേറ്റ് നിൽപ്പ് നടത്തി. പഴയ ആക്ഷേപഹാസ്യരീതികൾ ശബ്ദങ്ങൾക്കും, ചേഷ്ടകൾക്കും, ആംഗ്യങ്ങൾക്കും പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ ട്രോളുകൾ തങ്ങളുടേതായ മാധ്യമം കണ്ടെത്തി. പ്രസിദ്ധമായ സിനിമകൾ, പരമ്പരകൾ, കാർട്ടൂണുകൾ മുതൽ സാധാരണ ചിത്രങ്ങൾ വരെ



ട്രോളുകൾ ഉണ്ടാക്കാനായി ഉപയോഗിച്ചു തുടങ്ങി. സിനിമകളിലെയും, പരമ്പരകളിലെയും, വിവിധ രൂപത്തിലും ഭാവത്തിലുമുള്ള സീനുകളുടെ സ്ക്രീൻ ഷോട്ടുകളോ അല്ലെങ്കിൽ സ്റ്റില്ലുകളോ കാർട്ടൂണുകളോ അനുയോജ്യമായ രീതിയിൽ അടുക്കിവെച്ചാണ് ട്രോളിനുള്ള സങ്കേതം ഉണ്ടാക്കുന്നത്. ഇവയെ മീമുകൾ എന്നാണ് പൊതുവെ പറയാറുള്ളത്. ഈ മീമുകൾ അനുയോജ്യമായ തലക്കെട്ടുകളോ, അടിക്കുറിപ്പുകളോ, നൽകുന്നതോടെ അസ്സൽ ട്രോളുകളാവും. ഓരോ ട്രോളും ഓരോ കാര്യത്തെപ്പറ്റി സംസാരിക്കുകയും, ഒരേ സമയം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. ചില ഇന്റർനാഷണൽ ട്രോൾ പേജുകളിൽ സ്വന്തം മേന്മകൾ എടുത്തുപറയുന്നതും, സ്വയം താഴ്ത്തിപ്പറയുന്നതുമായ ട്രോളുകൾ വരെ വരാറുണ്ട്. ഇവയെ സെൽഫ് ട്രോളുകൾ എന്നാണ് പറയാറ്. ഇന്റർനാഷണൽ ട്രോളുകളുടെ മറ്റൊരു സവിശേഷത എന്തെന്നാൽ ഇവ സർവ്വസാധാരണ വിഷയങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത് എന്നാണ്. Sarcasm Be Like Bro, തുടങ്ങിയവ ഇത്തരത്തിലുള്ള പേജുകളാണ്.

നാടോടുമ്പോൾ നെടുകെ ഓടുക എന്നത് നമ്മ മലയാളികളുടെ ഒരു ട്രെൻഡ് ആയതിനാലാകണം 21-ാം നൂറ്റാണ്ടിന്റെ രണ്ടാം ശതകത്തിൽ തന്നെ മലയാളത്തിൽ ഒരു ട്രോൾ മലയാളം (TM) ഈ പേജിന്റെ ഉടമ ശരത് മേനോൻ മലയാളികൾക്ക് അനിവാര്യമായിരുന്ന ഈ കലാരൂപത്തെ കേരളക്കരയ്ക്ക് പരിചയപ്പെടുത്തി. ആദ്യകാലങ്ങളിൽ ട്രോളുകൾ സ്വന്തമായി നിർമ്മിച്ച് ഇടാറായിരുന്നു. അദ്ദേഹവും കൂട്ടാളികളും ചെയ്തിരുന്നത്. എന്നാൽ മറ്റൊരു ട്രോൾ പ്ലാറ്റ്ഫോം മലയാളത്തിൽ ഉണ്ടായി തികച്ചും ദ്വയാർത്ഥം നൽകുന്ന ഇന്റർനാഷണൽ ചളു യൂണിയൻ (ICCI) എന്ന പേര് ഏവരെയും ആകർഷിച്ചു. എന്നാൽ ട്രോൾ മലയാളത്തെ പോലെ സ്വന്തമായി ട്രോൾ ഇടുകയല്ല കളളക്ക ചെയ്തത്. അവർ ട്രോൾ അഥവാ ചളി ഇടാനായി ഒരു ഗ്രൂപ്പുണ്ടാക്കി. ഇതിന് വലിയ സ്വീകാര്യതയുണ്ടായി. ഈ സ്വീകാര്യത ലൈക്കുകൾ ആയപ്പോൾ, ആദ്യ ട്രോൾ പ്ലാറ്റ്ഫോമിനെ പിന്തള്ളി ICCI ഏറ്റവും കൂടുതൽ ഫോളോവേഴ്സുകളോടെ മുന്നിലെത്തി. പിന്നീടുള്ള വളർച്ച പെട്ടെന്നായിരുന്നു. ഇന്റർനാഷണൽ പേജുകളെയും, ടിന്റുമോൻഫലിതങ്ങളെയും പിന്തുടർന്ന് പോന്നവ ക്രമേണ സമകാലീന-രാഷ്ട്രീയ-സാമൂഹിക രംഗത്തെ അപചയങ്ങളെ ചൂണ്ടിക്കാട്ടി. കുടുകുടെ ചിരിപ്പിക്കാൻ തുടങ്ങി. ഇത് രണ്ടു പേജുകളുടെയും സ്വാകാര്യതയെ വളർത്തി. എന്നാൽ ഈയടുത്ത് ഒരുവർഷം മുമ്പ് ട്രോൾ മലയാളം വീണ്ടും ഏറ്റവും കൂടുതൽ ഫോളോവേഴ്സുമായി മുന്നേറി. ഇടക്കാലത്ത് ട്രോൾനിലവാരം കുറഞ്ഞതും ഗ്രൂപ്പിന്റെ പ്രൈവസി പോളിസിയും അഡ്മിഷൻമാരുടെ താൻകോയ്മയും ICCI വിന് വിനയായി. ഇത് ട്രോൾ രംഗത്ത് മലയാളത്തിൽ ഒട്ടേറെ സംരംഭങ്ങൾ ഉണ്ടാക്കി. ട്രോൾമേറ്റ്സ്, സ്കൂൾ-കോളജ് ട്രോൾസ്, കിടിലൻ ട്രോൾസ്, നോട്ടി ട്രോൾസ് സംഫിഫലിതങ്ങൾ,ട്രോൾ ഫുട്ബോൾ മലയാളം, ട്രോൾ ക്രിക്കറ്റ് മലയാളം, ട്രോൾ KTCI, നോട്ടി ട്രോൾസ്, ട്രോൾ മുവീസ് എന്നിവ മലയാളത്തിൽ ഇന്ന് പ്രചാരത്തിലുള്ള ട്രോൾപേജുകളാണ്. ഇവയിൽത്തന്നെ പേര് അന്വർത്ഥമാക്കുന്ന പോലെ സ്പെഷ്യലൈസ്ഡ് ട്രോളുകൾ അഥവാ ഒരു വിഷയത്തെയോ, വിഭാഗത്തെയോ ഉദ്ദേശിച്ചുള്ള ട്രോൾ, പൊതു ട്രോൾ എന്നിവയുമുണ്ട്.

ആദ്യം സ്പെഷ്യൽ ട്രോളുകളെക്കുറിച്ച് അന്വേഷിക്കാം. ട്രോൾ എന്ന സങ്കേതം എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് മനസിലായ ശേഷം ഉത്ഭവിച്ച ക്രിക്കറ്റ്, സിനിമാ പഠനം, സെക്സ്, രാഷ്ട്രീയം മുതലായ ഏതെങ്കിലും ഒരു വിഷയത്തെ ആസ്പദമാക്കി ട്രോളുകൾ ഇറക്കുന്ന പേജുകളാണിവ, ഇവ ഈ വിഷയത്തിൽ താൽപര്യം ഉള്ളവരെ കൂടുതലായി പേജിലേക്ക് ആകർഷിക്കുന്നു. ക്രിക്കറ്റ്, സിനിമ, ഫുട്ബോൾ

> പ്രസിദ്ധമായ സിനിമകൾ, പരമ്പരകൾ, കാർട്ടൂണുകൾ മുതൽ സാധാരണ ചിത്രങ്ങൾ വരെ ട്രോളുകൾ ഉണ്ടാക്കാനായി ഉപയോഗിച്ചു തുടങ്ങി. സിനിമകളിലെയും, പരമ്പരകളിലെയും, വിവിധ രൂപത്തിലും ഭാവത്തിലുമുള്ള സീനുകളുടെ സ്ക്രീൻ ഷോട്ടുകളോ അല്ലെങ്കിൽ സ്റ്റില്ലുകളോ കാർട്ടൂണുകളോ അനുയോജ്യമായ രീതിയിൽ അടുക്കിവെച്ചാണ് ട്രോളിനുള്ള സങ്കേതം ഉണ്ടാക്കുന്നത്.

തുടങ്ങിയവയിൽ ആരാധകരുടെയും വാക്സാമർഥ്യങ്ങളാണ് ട്രോളുകളായി മാറുന്നത്.


പൊതുട്രോൾ പേജുകളിൽ ഏതുവിഷയത്തെയും, എത്രയും രസകരമായും അവതരിപ്പിക്കണം. ഗ്രൂപ്പുകളിൽ മെമ്പേഴ്സ് ഇടുന്ന ട്രോൾ പോസ്റ്റുകളിൽ തിരഞ്ഞെടുത്തവ പേജുകളിലേക്ക് പോസ്റ്റ് ചെയ്യും. ഇവ ട്രോൾ ഉണ്ടാക്കിയ ആൾക്ക് വലിയ അംഗീകാരം നൽകുന്നു.

ട്രോളിന്റെ ഗുണങ്ങൾ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. പുതിയ വാക്കുകളെയും, ശൈലികളെയും കൊണ്ടുവരിക എന്ന ദൗത്യ










ത്തിൽ വളരെയധികം വിജയിച്ച ഒരു സംരംഭമാണ് ട്രോളുകൾ ഇടക്കാലത്ത് മലയാളം ട്രോൾ പേജുകളിൽ നിന്നും പ്രസിദ്ധിയാർജ്ജിച്ച ഒരു വാക്കാണ് മീനവിയൽ  അക്കരെ അക്കരെ അക്കരെ എന്ന സിനിമയിലെ ശ്രീനിവാസന്റെ ഡയലോഗിന്റെ പിൻനാമ്പുപിടിച്ചാണ് ഈ വാക്ക് വന്നത്.

ഡയലോഗ് : നീ വേഗം കുളിച്ചിട്ട് വന്നേ, നിനക്കിഷ്ടമുള്ള മീനവിയല് ഉണ്ടാക്കിയിട്ടുണ്ട്

മീനവിയൽ എന്ന പദം ഉപയോഗിച്ചത് ഇംഗ്ലീഷ് വാക്കായ മീൻവൈൽ (Meanwhile) എന്ന വാക്കിന് മധുരോദാഹരണമായാണ്. പിന്നീട് മലയാള സിനിമയിലെയും, ഇംഗ്ലീഷ്, ഹിന്ദി മറ്റുപല മേഖലയിൽ നിന്നും ട്രോൾ പദങ്ങൾ ഉണ്ടായിട്ടുണ്ട്. തള്ള്-ഈ പദം ഇന്ന് മലയാളികൾക്ക് സുപരിചിതമായത്. ട്രോൾ പേജുകളിലൂടെയാണ്. തള്ള് എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് പണ്ട് നമ്മൾ ഉപയോഗിച്ചിരുന്ന ബഡായി, വിടൽസ് എന്നീ പദങ്ങൾക്കൊക്കെ പകരമായാണ്. ഒരു വർഷത്തിന് മുൻപ് ട്രോൾ പേജുകളിൽ എത്തിയ ഈ പദം ഇന്നും വളരെ ജനപ്രിയമാണ്. ഇതല്ലാതെ രാഷ്ട്രീയ പേരുകൾ സംഘി, കൊങ്ങി, സുഡാപ്പി, മൂരി, ആപ്പി തുടങ്ങിയവയും ട്രോൾ പേജുകളിലുണ്ട്.

രാഷ്ട്രീയ - സാമൂഹിക അപചയ ട്രോളുകളാണ് ട്രോൾ പേജുകളുടെ എടുത്തു പറയാവുന്ന മറ്റൊരു സവിശേഷത. എന്നും മൂന്നോളം ട്രോളുകൾ എല്ലാ ട്രോൾ പേജുകളിലും ഈ വിഷയത്തിൽ upload ചെയ്യപ്പെടുന്നുണ്ട്.

ഈയിടെ വളരെ വിമർശിക്കപ്പെട്ട നോട്ട് നിരോധനത്തിനെതിരെ ദിവസവും ആയിരക്കണക്കിന് ട്രോളുകൾ ആ സമയത്ത് വന്നിരുന്നു. ഈയൊരു മാറ്റത്തിന്റെ ആവശ്യകതയും സ്വകാര്യ താൽപര്യങ്ങളെയും കപടസൽപ്പേരിനെയും ട്രോളുകൾ നിരന്തരം ചോദ്യം ചെയ്തും കേരളത്തിലും ഇന്ത്യയിലും നടക്കുന്ന സാമൂഹിക വൈകല്യങ്ങളെ വിമർശിച്ചുപോരുന്ന ട്രോൾ പേജുകൾ പുതു തലമുറയ്ക്ക് പ്രതികരിക്കാനും പ്രതിഷേധിക്കാനും ഇടം നൽകുന്നു. വംശീയ വെറി, ലിംഗവിവേചനം, ജാതി-മത വിവേചനം തുടങ്ങിയവയെയും ഇത്തരം നീചവൃത്തികളെ ഏറ്റുപിടിക്കുന്നവരെയും, ട്രോളന്മാർ വെറുതെ വിടുന്നില്ല. ഒരു നാടിന്റെ ഭരണകാരിയെന്നോ നടനെന്നോ, പ്രസ്ഥാനമെന്നോ എന്തിന് ആരാധിക്കുന്ന ദൈവമാണെന്ന് പോലും ട്രോളന്മാർക്ക് ഒരു വിഷയമല്ല. ആകാശത്തിന് കീഴിലുള്ളതെന്തും ഇനി ബഹിരാകാശത്തുള്ളവയെയും അവർ ട്രോളും.

ഈയിടെ അമൃതഹോസ്പിറ്റലിൽ നടന്ന ഈ പ്രശ്നത്തിൽ ദൃശ്യമാധ്യമങ്ങൾ ഒന്നും തന്നെ പ്രതികരിക്കാതിരുന്നപ്പോൾ ട്രോളന്മാരാണ് ഈ പ്രശ്നം പുറത്തെത്തിച്ചത്. ഇതുപോലെത്തന്നെ ബോബി ചെമ്മണ്ണൂർ മുതൽ, ജിഷ്ണു പ്രണോയിയുടെ ആത്മഹത്യ വരെ ട്രോളന്മാർ വാർത്തയാക്കി -സമൂഹത്തിൽ ഉന്നതിയിലുള്ള ആളുകൾക്കെതിരെ വിരൽചൂണ്ടാൻ മാധ്യമവേശ്യകൾ മടിക്കുമ്പോൾ ഈ ഉന്നതരെ ട്രോളന്മാർ കളിയാക്കി വിളിക്കുന്നത് - പ്രമുഖൻ എന്നാണ് ഇത് തുടങ്ങുന്നത് അമൃത ഹോസ്പിറ്റൽ വിഷയത്തിൽ നിന്നാണ് അന്ന് മിക്കചാനലുകളും, ഹോസ്പിറ്റലിന്റെ പേര്, പറയാൻ മടിച്ചു പ്രമുഖ ആശുപത്രി എന്നാണഅ പറഞ്ഞത് ഇതാണ് ട്രോളന്മാരെ ഭ്രാന്തന്മാരാക്കിയത്. ഏതായാലും ഇത്തരം ട്രോളുകൾ സമൂഹമധ്യത്തിൽ വലിയ ചർച്ചകളായാണ് അവസാനിക്കാറ്.

ട്രോളുകൾക്ക് ഗുണമെന്നപോലെ വലിയ ദോഷവശങ്ങളും നമുക്ക് കാണാൻ കഴിയും. വ്യക്തിഹത്യ, മതവികാരം, വ്രണപ്പെടുത്തൽ, അശ്ലീലം, ലൈംഗിക അധിക്ഷേപം, ഫാൻഫൈറ്റ് തുടങ്ങിയവ ഇവയിൽ ചിലതാണ്. ഒരു വ്യക്തിക്ക് തന്റെ സ്വകാര്യ ജീവിതത്തിലോ പൊതു ജീവിതത്തിലോ പറ്റിയ അമളികൾ ട്രോളന്മാർ ട്രോളാക്കി ചിരിച്ചു തള്ളുമ്പോൾ അയാൾക്ക് നഷ്ടപ്പെടുന്നത് അന്നുവരെ കഠിനാധ്വാനം കൊണ്ടുണ്ടാക്കിയ സൽപ്പേരും വ്യക്തിത്വവുമാണ്! ഇത്തരം ഇരകളാണ് മുൻമന്ത്രിമാരായിരുന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇ.പി. ജയരാജൻ തുടങ്ങിയവർ. ഇത്തരം വ്യക്തിഹത്യകൾ മാത്രമല്ല മറ്റുതരത്തിൽ, ഒരഭിപ്രായം രേഖപ്പെടുത്തുന്ന വ്യക്തിയ്ക്ക് അയാൾ പറഞ്ഞ അഭിപ്രായത്തിന്റെ പേരിൽ ട്രോളുകൾ അശ്ലീലരൂപത്തിൽ ലഭിക്കാറുണ്ട്. ഇടക്കാലത്ത് സംവിധായകൻ കമലിനെ ദേശീയഗാന വിവാദത്തിൽ ചില പ്രത്യേക രാഷ്ട്രീയ പ്രസ്ഥാനത്തോട് കൂറു പുലർത്തുന്നവർ അദ്ദേഹത്തെ വ്യക്തിപരമായി ആക്ഷേപിക്കുകയാണുണ്ടായത്. ഇത്തരം കാടത്തരങ്ങൾ ഗ്രൂപ്പ് അഡ്മിൻമാർ പെട്ടെന്ന് നോട്ട് ചെയ്ത് ബാൻ ചെയ്യാറുണ്ട്.

ഇപ്പോൾ ട്രോൾപേജുകളിലെ സജീവമായ വിഷയം മതമാണ്. മതത്തെയും ദൈവങ്ങളെയും ദൈവ അവതാരങ്ങളെയുമെല്ലാം ട്രോളന്മാർ കണക്കിന് ട്രോളുകളാക്കി. ഇത്തരം ട്രോളുകൾ അതിര് കടക്കുമ്പോൾ അത് വർഗ്ഗീയത പടരാൻ കാരണമാകുന്നു. വ്യക്തിഹത്യ തടയുന്ന ഗ്രൂപ്പ് അഡ്മിൻമാർ ഇത്തരം പോസ്റ്റുകൾ കണ്ടില്ലെന്ന് നടിക്കുന്നു.

മറ്റൊരു വിഷയം ആരാധകർ തമ്മിലുള്ള വാക്പോരുകളും സിനിമകളുടെ ഡീഗ്രേഡിങ്ങും ആണ്. ഇടക്കാലത്ത് ഇറങ്ങിയ വൻവിജയങ്ങളായ പുലിമുരുകൻ , ഗ്രേറ്റ് ഫാദർ എന്നീ സിനിമകൾക്ക് വലിയ ഹൈപ്പ് നൽകുന്നതിനും അതിന്റെ പ്രചരണം ഊർജസ്വലമാകുന്നതിനും ട്രോൾ പേജുകൾ വളരെയധികം ഉപകാരമായിട്ടുണ്ട്. എന്നാൽ ഇതേ രൂപത്തിൽ നല്ല രീതിയിൽ അവതരണം കാഴ്ചവെക്കുന്ന നല്ല സിനിമകളെ ആരാധകയുദ്ധത്തിൽ ആഴ്ത്തി- ഒരു പ്രത്യേക നടനോടോ നടിയോടോ സംവിധായകനോടോ മറ്റോ ഉള്ള പ്രിയത്തിൽ മറ്റുള്ളവരുടെ സിനിമകൾ എതിർത്ത് അവയെ പരാജയത്തിലെത്തിക്കുന്നതിലും ട്രോൾ പേജുകൾക്ക് പങ്കുണ്ട്. എന്നാൽ ഇപ്പോൾ ട്രോൾ പേജുകളിലെ അധികാരികൾ ഇത്തരം പ്രശ്നങ്ങളെ ജാഗ്രതയോടെ കാണുന്നുണ്ട്. ഇത് ആശാവഹമാണ്.

ട്രോൾ പേജുകൾ ഇനിയും ഒരുപാട് ഉണ്ടാകും ഉച്ചനീചത്വങ്ങളെയും അരാജകത്വത്തെയും അവർ വെച്ചുപൊറുപ്പിക്കില്ല. സമകാലീന കാലഘട്ടത്തിൽ പ്രായ രാഷ്ട്രീയ - വിദ്യാഭ്യാസ - മത - ലിംഗ ഭേദമന്യേ അനീതികൾക്കെതിരായുള്ള ഒരു പ്ലാറ്റ്ഫോമായി ട്രോൾപേജുകൾ മാറിക്കഴിഞ്ഞു. ഇനിയുമിവിടെ ജിഷ്ണുമാർ കൊല്ലപ്പെടും. ഇനിയും അമൃതഹോസ്പിറ്റലുണ്ടാവും, ഇനിയും നോട്ട് നിരോധിക്കപ്പെടും ട്രോളന്മാർ ഉറങ്ങുന്നില്ല..... അവർ കാത്തിരിക്കുകയാണ്..... അടുത്ത ഇരയ്ക്കു വേണ്ടി......

# वक्त



Afra
2nd B Com

वक्त हमारे बस का होता
वह चलती रहती है।
हम रोक भी नही सकते
वह बडा मूल्यवान होती है
उसे बरबाद न करना
समय बीत जाने पर हम बहुत पछ्ताओगे
अच्छी बात हो या बुरी
वह हो गई जो हो गई
उसे दोबारा पाना भी ना मुमकिन
गरीब या अमीर
दोनों केलिए वक्त है बराबर
उसके सही विनियोग करने में
होती है उसकी विजय।
वक्त मृत्यु और काल है।
जिंदगी में आगे बढना है तो
वक्त के महत्व को पहचानो।

# मैं इधर हूँ

रंग से और खुशबू से
एक फूल बोला - में इधर हूँ।
गाजों से और तरंगों से
चिडिया बोली - मैं इधर हूँ।

चाँद! तुम चाँदनी उडलता रहा
जुगनु बोली - हम है भी।

सागर, नदियाँ, पहाड सब कहतें हैं-
हम इधर हैं।

शब्दों से ज्वाला से, रंगों से
गंध, तरंग सब कहतें है-
में इधर हूँ।

मेरे प्रिय साथी
तुम भी बोलो न, जोर से
मैं इधर हूँ।



Rinsa
2nd B Com




Rhythwik
2nd Zoology

# ഇക്കിളി തേടുന്ന സംസ്കാരം

നൂതനസാങ്കേതിക വിദ്യ അതിന്റെ ഉത്തുംഗശൃംഗത്തിൽ എത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ സമൂഹമാധ്യമങ്ങളിലും ഇന്റർനെറ്റിലും അനന്ത ലക്ഷ സൈറ്റുകളിലും ട്രെൻഡായി ക്കൊണ്ടിരി ക്കുന്ന ഒന്നുതന്നെയാണ് അശ്ലീല ചിത്രങ്ങൾ അഥവാ പോൺ മൂവിസ്. പ്രായപൂർത്തിയായ ഏതൊരു മനുഷ്യ നെയും വശീകരിക്കാവുന്ന തരത്തിൽ പോൺഫിലിമുകൾ ഇന്ന് ലോകത്തെമ്പാടും പ്രചരിച്ചിരിക്കുന്നു. ഒരു പക്ഷെ, ഒരു ഫീച്ചർ സിനിമയിലെ അഭിനേതാവിനെക്കാളും സുപ്രസിദ്ധി ഇന്ന് ഒരു പോൺ സിനിമാതാരത്തിന് അങ്ങനെ ഒരുവാക്ക് ഉപയോഗിക്കാമോ? ലഭിക്കു ന്നത്, പ്രത്യേകിച്ച് സ്ത്രീ അഭിനേതാ ക്കൾക്ക്.


സണ്ണിലിയോണും, മിയഖലീഫയും വാഴുന്ന പോൺ രംഗത്ത് ഒട്ടേറെ വനിതാപ്രവർത്തകർ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായുണ്ട്. വിവിധ- വിചിത്ര സ്വഭാവികളായ മനുഷ്യർ ഇവർ അഭിനയിച്ച സിനിമകൾ കാണുകയും സായാഹ്ന നിർവൃതി പൂകുകയും ചെയ്യുന്നത് പുതുമയുള്ള കാര്യമൊന്നു മല്ല. എന്നാൽ ഇങ്ങനെയുള്ളവരിൽ പലരും ഒരിക്കലെങ്കിലും ഈ സ്ത്രീ ജനങ്ങളുടെ ജീവിതത്തെപ്പറ്റി എങ്ങനെ, എന്തിന്, എപ്പോൾ – ചിന്തിച്ചിട്ടുണ്ടായിരിക്കണം. സണ്ണിലിയോണെന്ന "കരൺ ജിത്ത് കനർ വൊഹ്റ" സിക്ക് കുടുംബത്തിൽ ജനിച്ച പെൺകുട്ടിയാണ് കാലമവളെ സണ്ണിലിയോണാക്കി മാറ്റി. സ്കൂൾ ജീവിത കാലഘട്ടത്തിൽ മറ്റൊരു സ്കൂളിലെ ബാസ്കറ്റ് ബോൾ കളിക്കാര നുമായി തന്റെ പതിനാറാം വയസിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട സണ്ണി പിന്നീട് തന്റെ പതിനെട്ടാം വയസിൽ താനൊരു ബൈസെക്ഷ്വൽ ആണെന്ന് തിരിച്ചറിഞ്ഞു. ഇങ്ങനെ എത്രയെത്ര പോൺ നായികമാർ ലോകത്ത് പിറവിയെടുത്തി രിക്കുന്നു. ഇവർക്കൊക്കെ ചലച്ചിത്രത്തിൽ അഭിനയിക്കുന്നതിന് ന്യായമായ പ്രതി ഫലവും അതിനനുസരിച്ച് പ്രസിദ്ധിയും അംഗീകാരവും ലഭിക്കുന്നുണ്ട്. എന്നാൽ നമുക്കിടയിൽ ഇത്തരം പോൺ ഫിലിമു കളിൽ പ്രത്യക്ഷപ്പെടാത്ത-ഒരുപാട് പീഢിപ്പിക്കപ്പെട്ട, ബലാത്സംഗം ചെയ്യപ്പെട്ട പെൺകുട്ടികളുണ്ട്. ഇവർക്ക് നാം അർഹ മായ പ്രാധാന്യം നൽകുന്നുണ്ടോ?

തന്റേതല്ലാത്ത കാരണത്താൽ ലൈംഗിക ചൂഷണത്തിന് ഇരയായ ഒരു പെൺകുട്ടിക്ക് ഇതുപോലുള്ള സുസ്ഥി രമായ ജനാധിപത്യ സോഷ്യലിസ്റ്റ് ആശയങ്ങൾ മുന്നോട്ട് വെയ്ക്കുന്ന ഒരു രാജ്യത്തിൽ കിട്ടുന്ന പരിഗണന ഒരു പോൺസ്റ്റാറിനോ, ഒരു വേശ്യയ്ക്കോ കിട്ടുന്നതിലും എത്രയോ താഴെയാണ്. അവർക്ക് കിട്ടുന്നതാകട്ടെ പീഢിപ്പിക്കപ്പെട്ടവൾ, പിഴച്ചവൾ, വശീകരിക്കുന്നവർ എന്നിങ്ങനെ വിവിധയിനം കുത്തുവാക്കുകൾ. എന്തായിരുന്നു അവർ ചെയ്ത തെറ്റ്. ഒരു പ്രാവശ്യം ചതിയിൽ



വീണതിന്റെ പേരിൽ, വീണ്ടുംമറ്റൊരുത്തന്റെ മുന്നിൽ തന്റെ മടിക്കുത്തഴിക്കാതിരുന്നതാണോ അതോ പിഴച്ചുപെറ്റ തന്റെ കുഞ്ഞിന്റെ വിശപ്പ് അടക്കാൻ കൂലിപ്പണിക്ക് പോയതോ? മാറേണ്ടി യിരിക്കുന്നു നമ്മുടെ സമൂഹം.

ഇന്ത്യ-വിഭജന കാലഘട്ടത്തിൽ ഒരു ലക്ഷ ത്തോളം സ്ത്രീകളെ തട്ടിക്കൊണ്ടു പോവുക യും, ലൈംഗിക പീഢനത്തിന് ഇരയാക്കുകയും ചെയ്തിട്ടുണ്ട്. 1971 ലെ ഇന്ത്യൻ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ സ്ത്രീകൾക്കെ തിരായ ലൈംഗിക പീഢനങ്ങൾ 700%ലേറെ വർദ്ധിച്ചതായി കാണാം. NCRB റിപ്പോർട്ട് പ്രകാരം അറുപതോളം ലൈംഗിക പീഡനങ്ങളാണ് ഇന്ത്യ യിൽ ദിവസവും നടന്നുകൊണ്ടിരിക്കുന്നത്. ഓരോ 25 മിനുറ്റുകൾക്കുള്ളിലും, ഇന്ത്യയിലെ ഒരു സ്ത്രീ ബലാത്സംഗം ചെയ്യപ്പെടുന്നു. സ്ത്രീക ൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യ കഴിഞ്ഞവർഷം നിലമെച്ചപ്പെ ടുത്തി നാലാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. 2016 ൽ ഇന്ത്യയിലെ അനൗദ്യോഗിക കണക്കു പ്രകാരം 34600 ൽ അധികം ലൈംഗിക പീഡന ,കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്രയധികം സ്ത്രീകൾ പീഢിപ്പിക്കപ്പെടുന്ന രാജ്യത്ത് നിയമസംവിധാനം




ഉണ്ടെങ്കിൽ പോലും സുഹൃത്തായ രീതിയിൽ നടപ്പിലാക്കാൻ നീതിന്യായ വ്യവസ്ഥയ്ക്ക് സാധി ച്ചിട്ടില്ല. ഒരു IAS കാരി പീഢിപ്പിക്കപ്പെട്ടപ്പോൾ പോലും അലംഭാവം കാണിച്ചവരിൽ നിന്നും സാധാരണ മനുഷ്യർ എങ്ങനെ നീതി നേടും.

സൂര്യനെല്ലി പെൺകുട്ടിയും, ജിഷയും, സൗമ്യയുമെല്ലാം താക്കീതുകളാണ്. ഇവരെ ഇല്ലാതാക്കിയവരുടെ കരങ്ങൾതന്നെയാണ് ഇവരെ കളിയാക്കുവാനും അടിച്ചമർത്തു വാനും മുതിരുന്നത്. കേവലം ഗോവിന്ദച്ചാമി മാർ മാത്രമല്ല ഇവരെ ഇല്ലാതാക്കിയത്. ഇവ രെപോലെ അനേകായിരം പെൺകുട്ടികൾ തങ്ങളുടെ ജീവനൊടുക്കിയത് മനം മടുക്കുന്ന കുത്തുവാക്കുകളിൽ നിന്നും ഉൾക്കൊണ്ട പാഠം കൊണ്ടാണ്. വൃദ്ധയും ബാലികയും അമ്മയും അനുജത്തിയും വഴിയെ പോവുന്ന സ്ത്രീയും നടിയും എല്ലാവരും പീഢിപ്പിക്കപ്പെ ടുന്ന ജന സമൂഹത്തിൽ സ്ത്രീക്ക് പ്രാധാന്യം നൽകുന്ന അവളെ അംഗീകരിക്കുന്ന അവളുടെ നിരപരാധിത്വം മനസ്സിലാക്കുന്ന ഒരു പറ്റം മനുഷ്യരെയാണ് നമുക്കാവശ്യം. നാട്ടിലും വീട്ടിലും പിഴച്ചവളെന്ന് വിളികേൾക്കേണ്ടിവ രുന്ന ഒരു പെണ്ണിന്റെ മനോവിഷമം മനസിലാ ക്കാൻ പറ്റുന്നവർ ഉണ്ടായേ തീരൂ. പീഡനത്തിനിരയാ യിട്ടും മറ്റുള്ളവരുടെ വാക്കിൽ മനം കൊടുക്കാ തെ ജീവിക്കുന്ന തുച്ഛം ചില ആളുകളുണ്ട്. അവരെ അഭിനന്ദിക്കാനും നാം മറന്നുകൂടാ.. ലൈംഗിക വേഴ്ചയുടെ സമ്മാ നമായി കിട്ടിയ കുരുന്നു ബാല്യത്തെ പരിപാ ലിച്ച് നല്ല നിലയിൽ എത്തിക്കുന്നവരുമുണ്ട്. അത്തരം സ്ത്രീകൾ ഉരുക്കുവനിതകളെന്ന് അറിയപ്പെണം. ഇങ്ങനെ ഒരു സ്ത്രീ ഇല്ലായിരു ന്നെങ്കിൽ ലോകമിന്നു വാഴ്ത്തുന്ന ജസ്റ്റിൻ ബീബർ തുടങ്ങിയ ലോക പ്രശസ്തരായ പ്രതിഭകളെ നമുക്കു ലഭിക്കില്ലാ യിരുന്നു.

അതെ നാം മാറേണ്ടതുണ്ട്. ഒരു പോൺ ആക്ട്രസ്സിന് നൽകുന്നതിനേക്കാൾ പ്രാധാന്യം ഒരു ബലാത്സംഗ ഇരയ്ക്ക് നൽകേണ്ടതുണ്ട് കാരണം നമ്മുടെ നാട് 'സാംസ്കാരിക കേരളം' എന്നാണറിയപ്പെടുന്നത്. അതിന് കോട്ടം തട്ടുന്ന യാതൊരുപ്രവൃത്തിയും നമ്മു ടെ ഭാഗത്തുനിന്നും ഉണ്ടാവാതെ നോക്കേ ണ്ടത് നാമോരോരുത്തരുടെയും കടമയാണ്.

# ഉത്തരാധുനികം



Anup Antony
Dept.of Malayalam

## മിടുക്ക്

മിടുക്കൻ/മിടുക്കി എന്ന് മറ്റുള്ളവരെക്കൊണ്ട് പറയിക്കുന്നത് മിടുക്ക്.


**വഴി** ഏതുമാകാം 

## അഭിപ്രായം

പറയുമ്പോഴെല്ലാം ഓന്ത് ഭഗവാനെ ഓർത്തോണം.

ഓന്തുകൾക്ക് സംഘടനയില്ല എന്ന വിശ്വാസത്തോടെ... 

~~വാക്യത്തിൽ~~ ജീവിതത്തിൽ പ്രയോഗിക്കുക – 'സൗഹൃദം'. 'മിടുക്ക'രോടും 'വിനയാ'ന്വിതരോടും 'അഭിപ്രായ'മുള്ളവരോടും 'സൗഹൃദ'മാകാവുന്നതാണ്.


ഇന്നത്തെ സിനിമ : ഞാൻ ഏകനാണ്. 

## വിനയം

മനസ്സുകൊണ്ട് കൊഞ്ഞനംകുത്തി മുഖം കൊണ്ട് ചിരിക്കാനുള്ള സിദ്ധി **ഇളിക്കുക** എന്നും പറയാം. 

## സൗഹൃദം

ഇക്കണോമിക്സിലെ Utility Theory (Alfred Marshel) Apply ചെയ്യാവുന്നതാണ്.

സമൂഹമാധ്യമങ്ങളോട് കടപ്പാട് 

# തണുത്ത കല്ലറകൾ



Ibrahim Badusha
Ist Physics

ഡിസംബർ 17, മഞ്ഞുപെയ്യുന്ന ഒരു രാത്രി. സമയം ഏകദേശം പതിനൊന്നുമണി കഴിഞ്ഞിരിക്കും. കല്ലുപാകിയ ഇടുങ്ങിയ റോഡിലൂടെ ഹെഡ്ലൈറ്റിന്റെ വെളിച്ചത്തിൽ ഒരു കാർ നേരിയ വേഗതയിൽ കടന്നുവരുന്നുണ്ടായിരുന്നു. കണ്ടാലറിയാം അതൊരു പഴയ മോഡൽ കാറാണ്. അതിന്റെ പിൻസീറ്റിന്റെ ഒരു ഡോർ യാത്രയിലുടനീളം ഇളകുന്നുണ്ടായിരുന്നു. കാറിൽ ഏകദേശം 40 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു മധ്യവയസ്കൻ മാത്രമാണ് ഉണ്ടായിരുന്നത്. അയാളുടെ താടിയുടെയും മുടിയുടെയും ഇഴകളിൽ നേരിയ നര ബാധിച്ചുതുടങ്ങിയിരുന്നു. രാത്രിയുടെ നിശബ്ദത നിറഞ്ഞ ആ വഴികളിൽ അയാൾ ആരെയോ തേടിവരികയാണ്. മഞ്ഞിനോടൊപ്പം ചെറിയ ചാറ്റൽ മഴയും അവിടെ പെയ്തു തുടങ്ങിയിരുന്നു. അയാൾ കാറിന്റെ വൈപ്പർ ചലിപ്പിച്ചിരുന്നെങ്കിലും അത് കൃത്യമായി പണി ചെയ്യുന്നില്ലായിരുന്നു. ഇടക്കിടെ അയാൾ തന്റെ കയ്യിലെ ടവ്വൽകൊണ്ട് ഗ്ലാസ് തുടക്കുന്നുണ്ടായിരുന്നു. ചീവീടുകളുടെ ശബ്ദം പോലുമില്ലാത്ത ആ വഴികളിൽ അയാൾ ശരിക്കും തനിച്ചായിരുന്നു.



അയാൾ എന്നോ തനിക്ക് നഷ്ടപ്പെട്ടുപോയ എന്തിനെയോ നേടിയെടുക്കാനായിരിക്കാം ഈ രാത്രിയിൽ തനിച്ച് ഇങ്ങനെ വരുന്നത്. കാറിന്റെ പിറകുവശത്തെ ലൈറ്റുകൾ ഉപയോഗശൂന്യമായതിനാൽ ദൂരേക്കു നീങ്ങുന്തോറും കാറിന്റെ കാഴ്ച്ച ഇരുട്ടിൽ മങ്ങിപ്പോയിരുന്നു.

നിലാവ് കുറവായിരുന്ന ആ രാത്രിയിൽ ഇരുട്ടിന് വലിയ കാഠിന്യമൊന്നുമില്ലായിരുന്നു. പഴയ ഒരു വീട്. ഇരുനിലകെട്ടിടം എന്ന് വേണമെങ്കിൽ പറയാം. മുകളിൽ ആകെ രണ്ടു മുറിയേ ഉണ്ടായിരുന്നുള്ളൂ. ആ വീടിന്റെ പല ഭാഗത്തും പൊട്ടിപ്പൊളിഞ്ഞ ചുമരുകളും ഗ്ലാസൊടിഞ്ഞ ജനാലകളും കാണാമായിരുന്നു. ശരിക്കും പറഞ്ഞാൽ ആ വീടിനു ചുറ്റും തന്നെ മറ്റു വീടുകളോ ആൾക്കാരോ ഒന്നും തന്നെയില്ലായിരുന്നു. സ്വൈര്യ വിഹാരത്തിനു അനുയോജ്യമായ ഒരു വീട്. ചെറിയ ചാറ്റൽ മഴ പെയ്യുമ്പോൾ ആ വീട് ശരിക്കും എന്തിനെയെല്ലാമോ അടക്കിപ്പിടിച്ചുകൊണ്ട് ഏതോ ലോകത്തെ സ്വപ്നം കണ്ടിരിക്കുന്നത് പോലെ തോന്നും. കുറച്ചകലെ ഒരു ശ്മശാന ഭൂമിയുണ്ടായിരുന്നു. അതും ഏറെ പുരാതനമായിരുന്നു. വള്ളിച്ചെടികളും കുറ്റിപ്പുല്ലുകളും തിങ്ങിനിറഞ്ഞതായിരുന്നു അത്. ആരോ അവിടെനിന്നും നടന്നുവരുന്നുണ്ടായിരുന്നു. പണ്ട് ഉരക്കല്ല് പാകിയ ഒരു വഴിയാണ് അവിടേക്ക് ഉണ്ടായിരുന്നത്. ഇപ്പോൾ കല്ലുകളെല്ലാം മണ്ണിൽ ഏറെക്കുറെ പൂഴ്ന്നിറങ്ങിയിരുന്നു. ആ പാതക്കു ചുറ്റും മരങ്ങൾ ഇടതൂർന്ന് വളർന്നതുകൊണ്ടാവാം. ആ വഴികളിൽ നിറയെ നനഞ്ഞ ചവേലകളായിരുന്നു. ആരോ നടന്നു വരുന്നുണ്ടായിരുന്നിട്ടും. ആ രാത്രിയുടെ ഇരുണ്ട നിശബ്ദതയിൽ പോലും ആ ചവേലകൾ അതിന്റെ സ്വഭാവഗുണം കാണിച്ചിരുന്നില്ല. ഒരു പതിനൊന്നു വയസ്സുള്ള പെൺകുട്ടിയായിരുന്നു അത്. ഇവാനിയ എന്നാണവളുടെ പേര്. എന്തിനായിരിക്കും അവളീ രാത്രിയിൽ തനിച്ച് ശ്മശാന ഭൂമിയിൽ പോയത്? ഇത് ശരിക്കും അവളുടെ വീടായിരുന്നോ? അറിയില്ല. അവൾ കടുംനീലനിറമുള്ള ഒരു ഉടുപ്പായിരുന്നു ധരിച്ചിരുന്നത്. അവൾ മുന്നോട്ടു പതിയെ നടന്നുകൊണ്ടിരുന്നു. അവൾ ആരെയോ തിരയുന്നതായി തോന്നുന്നുണ്ട്. ഇവാനിയയ്ക്ക് ശരിക്കും നിസ്സംഗത മുറ്റിയ ഒരു മുഖമായിരുന്നു. ആ വീടിന്റെ പിന്നാമ്പുറത്ത് നിന്ന് ഏതോ ചില പ്രാണികളുടെ തുളച്ചുകയറുന്ന ശബ്ദം അവളിലേക്കും എത്തിയിരുന്നു. അവൾ ഇടയ്ക്കിടെ താഴോട്ടു നോക്കുന്നുണ്ടായിരുന്നു. ആ വീടിന് ഏകദേശം നാല്പത് വർഷത്തോളം പഴക്കം കാണുമെന്നുറപ്പാണ്. അവൾ വീടിന്റെ വലതുവശത്തോടു ചേർന്ന മാവിന്റെ അരികിലേക്ക് പതിയെ പോയി. പഴകി ദ്രവിച്ച ഒരു ഊഞ്ഞാൽ ആ മാവിന്റെ ശിഖരങ്ങളിൽ കെട്ടിയിട്ടിട്ടുണ്ടായിരുന്നു. അഗാധതയിലെ സ്വപ്നത്തിലുറഞ്ഞുപോയ പോലെ അവൾ അതിലേക്കു കയറിയിരുന്നു. പതിയെ ആടാൻ തുടങ്ങി. ആടിത്തുടങ്ങിയപ്പോൾ വല്ലാത്ത ഒരു ശബ്ദമായിരുന്നു അതിന്. അതിനൊന്നും ശ്രദ്ധകൊടുക്കാതെ രണ്ടു കണ്ണുകളും ഇറുക്കിയടച്ചുകൊണ്ട് അവൾ സുഖമായി ആടിക്കൊണ്ടിരുന്നു. ഓരോ ആട്ടത്തിലും ആ ഭൂമിയിലെ എല്ലാ ഗന്ധത്തേയും അവൾ ഓരോ നിശ്വാസത്തിലൂടെ ഉള്ളിലേക്കെടുക്കുന്നുണ്ടായിരുന്നു.

അടുക്കള ഒഴിച്ചാൽ വീടിന്റെ താഴ്ഭാഗത്ത് മൂന്നുമുറികളാണ് പ്രധാനമായും ഉണ്ടായിരുന്നത്. അടുക്കളയിൽ ഒന്നുംതന്നെയില്ലായിരുന്നു. ഡൈനിംഗ് റൂമിന്റെ മധ്യത്തിൽ തേക്കുകൊണ്ടുണ്ടാക്കിയ ഒരു മേശ നിന്നിരുന്നു. അതിന്മേൽ പഴയകാല കൊത്തുപണികൾ കാണാമായിരുന്നു. ആ റൂമിന്റെ ചുവരുകളിൽ പലരുടെയും ഫോട്ടോകൾ ഫ്രെയിം ചെയ്തു വച്ചിരുന്നു. അവയ്ക്ക് കേടുപാടുകളൊന്നും തന്നെയില്ലായിരുന്നു. എങ്കിലും അവയെല്ലാം തന്നെ ചിലന്തിവലകളാൽ മൂടിക്കിടക്കുകയായിരുന്നു. നിലത്താകമാനം പൊടിയായിരുന്നു. മേശയുടെ ഒറ്റത്തിരുന്നുകൊണ്ട് ആരോ ഒരാൾ എന്തോ എഴുതുന്നുണ്ടായിരുന്നു. അയാളുടെ മുഖം ശക്തമായ വേദനയെയും നിരാശയേയും ഒരേ സമയം പ്രതിഫലിപ്പിക്കുന്നുണ്ട്. അയാൾ കരഞ്ഞുകൊണ്ടാണ് എഴുതിയിരുന്നതെങ്കിലും യുവത്വം നിറഞ്ഞ അയാളുടെ കണ്ണുകളിൽ കണ്ണുനീരില്ലായിരുന്നു. ഏകദേശം ഇരുപത്തിനാല് വയസ്സ് മാത്രം തോന്നിക്കുന്ന ഒരു യുവാവായിരുന്നു അയാൾ. പുറത്ത് ചെറിയ മിന്നൽ തുടങ്ങിയിരുന്നു. നല്ല മഴയ്ക്കുള്ള മുന്നോടിയായിരിക്കാം. മഞ്ഞുകാലമായതിൽപ്പിന്നെ അവിടെ മഴ കുറവായിരുന്നു. ആ മിന്നൽ വെളിച്ചം ജനാലയുടെ പൊട്ടിയ ഗ്ലാസിന്റെ ഇടയിലൂടെ കടന്നുവരുന്നുണ്ടായിരുന്നു. അയാൾ നിർത്താതെ ഒരുപാട് എഴുതുകയായിരുന്നു അവിടെ ചുമരിൽ കൊളുത്തിയ ക്ലോക്കിൽ സമയം രണ്ടു മണിയായിരുന്നു കാണിച്ചിരുന്നത്. ശരിക്കും അപ്പോൾ രാത്രി പതിനൊന്നു മണി കഴിഞ്ഞ് പതിനഞ്ച് മിനിറ്റോളം ആവുന്നേയുണ്ടായിരുന്നുള്ളൂ. ആ ക്ലോക്ക് എന്നോ നിലച്ചുപോയതാണ്. അതിപ്പോൾ പ്രവർത്തിക്കാറില്ല. അയാൾ എന്തിന്മേലാണ് ഇരിക്കുന്നത് എന്നറിയില്ല. അയാൾ ശരിക്കും ഉയരം കുറഞ്ഞ ആളായിരുന്നിട്ടും നിവർന്നു നിന്നുകൊണ്ടാണ് ഉയരമുള്ള ആ മേശക്കു മുകളിൽ വെച്ചുകൊണ്ട് എഴുതിക്കൊണ്ടിരിക്കുന്നത്.

അപ്പോഴേക്കും ആ പഴയ കാർ ആ വീടിന്റെ മുന്നിൽ എത്തിയിരുന്നു. ഹെഡ്ലൈറ്റിന്റെ വെളിച്ചം താനെ അണഞ്ഞുപോയിരുന്നു. ലേസാം എന്ന ഒരു മധ്യവയസ്കനായിരുന്നു അത്. അയാൾ കാറിൽ നിന്നും ഇറങ്ങി വീടിന്റെ മുൻഭാഗത്തെ മരത്തിന്റെ കസേരയിലേക്കു തുറിച്ചു നോക്കി. അവിടെ ആരുമില്ലായിരുന്നു. കസേരയുടെ പൊളിഞ്ഞ ഒരു ഭാഗം മാത്രമാണ് അവിടെയുണ്ടായിരുന്നത്. മുന്നിലെ വാതിൽ തുരുമ്പെടുത്ത, ഒരു ഇരുമ്പ് ലോക്ക് കൊണ്ട് അടച്ചിരുന്നു. അയാൾ ശരിക്കും തന്റെ അമ്മയുടെ ഒരേയൊരു മകനായിരുന്നു. വളരെയേറെ കഷ്ടപ്പെട്ടാണ് അമ്മ അയാളെ വളർത്തിയത്. വിവാഹത്തിനു ശേഷം തന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ അമ്മയെ ഒറ്റപ്പെടുത്തുന്നത് വരേക്കും എത്തിച്ചു. അത് ശരിക്കും ഒരിക്കൽ അവരുടെ വീടായിരുന്നു. അവിടെ നിന്നാണ് അയാൾ പതിനാലു കൊല്ലം മുമ്പ് ഇറങ്ങിയത്. അന്നു മുതൽ തന്റെ അമ്മ അയാളെയും കാത്ത് ആ വീടിന്റെ ഉമ്മറത്ത് പലപ്പോഴും ഒരുപാട് സമയം നിൽക്കാറുണ്ടായിരുന്നു. ജീവിതത്തിന്റെ ഏതോ വേളയിൽ മകനോടുള്ള വേർപാടിന്റെ ദുഃഖഭാരത്താൽ അവർ മനം നൊന്തായിരിക്കാം മരിച്ചത്. അയാൾ ശരിക്കും വന്നത് എന്റെ അമ്മയെ കാണാനായിരുന്നു. ചെയ്തുപോയ തെറ്റിൽ നിന്നും അയാൾക്ക് മോചനം വേണ്ടിയിരുന്നു

ഇവാനിയായുടെ കുടുംബം വളരെ ചെറുതായിരുന്നു. പതിനൊന്നു വയസ്സുള്ള അവൾക്ക് ഒരു അനിയനുണ്ടായിരുന്നു. അപ്പനും മമ്മക്കുമൊപ്പം ആ പൊളിഞ്ഞു തുടങ്ങിയ വീട്ടിലായിരുന്നു അവരുടെ താമസം. അതും ഏതാണ്ട് ഇരുപതു കൊല്ലങ്ങൾക്കു മുമ്പ്. അന്ന് വീട് ഇതുപോലൊന്നുമല്ലായിരുന്നു. അവിടത്തെ താമസം തുടങ്ങിയ കാലത്ത്, മാവിന്റെ കൊമ്പിൽ അവളുടെ അപ്പനായിരുന്നു ഊഞ്ഞാൽ കെട്ടിക്കൊടുത്തത്. അതും സാധാരണ ചകിരിയുടെ കയർ കൊണ്ട്. ഇപ്പോൾ അത് തുരുമ്പെടുത്തു നശിച്ചതാണെങ്കിലും ഒരു ഇരുമ്പു ചങ്ങലകൊണ്ടായിരുന്നു ആരോ പുതുക്കിപ്പണിതതായിരിക്കാം. ജീവിതത്തിൽ നിറങ്ങൾ എന്തെന്ന് പൂർണ്ണമായി അറിയാൻ പോലും സമയം കാത്തിനിൽക്കാതെ തന്നെ ഏറെ സ്നേഹിക്കുകയും ഓമനിക്കുകയും ചെയ്തിരുന്ന തന്റെ കുടുംബത്തെ ഇവാനിയക്കു നഷ്ടമായിപ്പോയിരുന്നു. ഒരിക്കലും തിരികെ കിട്ടാത്തതാണെന്നറിഞ്ഞിട്ടും അവളതിൽ തൂങ്ങി നിന്നു. അവൾ ലോകത്ത് ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് മൂടിയ ആകാശത്തിന്റെ കടുംനീല നിറത്തെയായിരുന്നു.

ലൂഫിയാൻ എന്ന യുവാവായിരുന്നു ഇമവെട്ടുന്ന നിശബ്ദതയിൽ അവിടെയിരുന്നുകൊണ്ട് എഴുതിക്കൊണ്ടിരുന്നത്. യഥാർത്ഥത്തിൽ അവൻ നിർമ്മിച്ചതായിരുന്നു ആ വീട്. തന്റെ ജീവനെക്കാളും മറ്റെല്ലാത്തിനേക്കാളും താൻ സ്നേഹിച്ച പ്രണയിനിക്ക് വേണ്ടി. അത്രയും ചെറിയ പ്രായത്തിൽ തന്നെ അവന്റെ നിശ്ചയദാർഢ്യം അവനതു നേടിക്കൊടുത്തു. ലൂഫിയാൻ തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നത് എർഷി എന്ന പെൺകുട്ടിയെയായിരുന്നു. അവന് ഒരിക്കലും തന്റെ സ്നേഹം അവളോട് പറയാൻ കഴിഞ്ഞിരുന്നില്ല. തന്റെ പഠനകാലത്ത് അവൻ സ്നേഹിച്ചുതുടങ്ങിയതായിരുന്നു അവളെ. ഒരിക്കൽപോലും അവളോട് പറയാൻ കഴിയാതെ പോയ ആ പ്രണയം അവന് ഒരിക്കൽക്കൂടി ജീവിപ്പിക്കേണ്ടിയിരുന്നു. അവൻ അവളിൽ കണ്ടെത്തിയ ഒരുപാട് മനോഹരമായ രൂപങ്ങൾ കൊത്തുപണികളാൽ അവൻ ആ വീട്ടിൽ അലങ്കരിച്ചു. എന്നെങ്കിലും ഒരിക്കൽ തന്റെ പ്രണയിനിയുമായൊരു വർണ്ണലോകം സൃഷ്ടിക്കാമെന്നു കരുതിയ ലൂഫിയാൻ അവളെ എവിടെ വെച്ചോ മറന്നുപോയി. അവസാനമായി അവൻ അവളെ കണ്ടുമുട്ടിയത് ശൈത്യകാലത്തെ ഒരു ഞായറാഴ്ച ദിവസമായിരുന്നു. അതും സെമിത്തേരിയിലെ പ്രാർത്ഥനക്കിടയിൽ. അപ്പോൾ പെയ്ത മഴയിൽ അവർ കയറിനിന്ന പള്ളിയുടെ പടികളും തൂണുകളും അവരുടെ സുദീർഘമായ സംസാരത്തിന്റെ സംസാരിക്കാത്ത സാക്ഷികളായിരിക്കാം. ലൂഫിയാന് ജീവിതത്തിൽ ഒരുപക്ഷെ സ്നേഹിക്കാനോ സ്നേഹിക്കപ്പെടാനോ മറ്റാരും ഇല്ലാത്തതുകൊണ്ടായിരിക്കാം അവൻ എർഷിയെ അത്രമാത്രം സ്നേഹിച്ചിരുന്നത്.

വർഷങ്ങളും മാസങ്ങളും ലേസാമിനെയും ഇവാനിയെയും ലൂഫിയാനെയും ബന്ധിപ്പിച്ചിരുന്നു. ലേസാം ശരിക്കും ഒരു കുറ്റബോധമുള്ളവനായിരുന്നു. ഇവാനിയ തനിക്കു നഷ്ടപ്പെട്ടുപോയ ലോകത്തെ വീണ്ടെടുക്കാൻ വേണ്ടി വന്നവളായിരുന്നു. വീണ്ടുമൊരിക്കൽക്കൂടി തന്റെ അപ്പന്റെയും മമ്മയുടെയും കൂടെ ജീവിക്കാമെന്ന പ്രതീക്ഷകളുമായി. ലൂഫിയാൻ ഒരിക്കലും തിരിച്ചുകിട്ടാത്ത തന്റെ പ്രണയിനിക്കുവേണ്ടി വന്നവനായിരുന്നു. ലേസാമും ഇവാനിയയും ലൂഫിയാനും കുറേ വർഷങ്ങളുടെ വ്യത്യാസത്തിൽ തണുത്ത കല്ലറകളിൽ മറഞ്ഞുപോയവരായിരുന്നു. വീണ്ടുകിട്ടാത്ത ഒരു ലോകം തേടി വന്ന അവർ പരസ്പരം കണ്ടുമുട്ടുകപോലും ചെയ്യാതെ ആ തണുത്ത രാത്രിയിൽ അവരുടേതായ ലോകത്തിലേക്കു തന്നെ മറഞ്ഞു പോയി. ഒപ്പം അവരുടേതായ എല്ലാം. പൊട്ടിയ ഗ്ലാസിന്റെ ജനാലയിലൂടെ, രാത്രിയിലെപ്പോഴോ കടന്നുവന്ന നനുത്ത കാറ്റ് മേശക്കു മുകളിലെ കടലാസിനെ വായുവിലേക്ക് പറത്തിക്കളഞ്ഞു. അതിനു ചുറ്റുമുള്ള എല്ലാ ജീവനുകളും അതിനെ ഇപ്രകാരം വായിച്ചെടുത്തു "എന്നെങ്കിലും ഇവിടേക്ക് എത്തിപ്പെട്ടാൽ, ഒരിക്കൽ നിന്നെ ഞാൻ ഒരുപാട് സ്നേഹിച്ചിരുന്നു എന്ന് നീ മനസ്സിലാക്കണം" - ലൂഫിയാൻ.

PARAGON
SINCE 1939

Kannur Road, Calicut.
Ph: 0495 761020, 276720

Lulu Mall
Edappally, Ernakulam
Ph: 0484 4011000

Salkara
Paragon Group
A unit of Paragon Restaurant Catering

West Nadakavu, Calicut, Ph: 0495 405 44 44
East nadakavu Calicut, Ph: 0495 2760062, 2760063
Railway Station Calicut, Ph: 0495 2300042
Hi Lite Mall, Thondayad Bypass, Calicut

Paragon Group
M GRILL
GRILLS & MULTICUSINE

3rd Floor, Focus Mall, Rajaji Road, Calicut-4
PH: 0495 4140000

PARAGON'S™
brown town

Vellayil, Calicut
Ph: 0495 2365020
E-mail : paragonsbrowntown@gmail.com

Calicut | Sharjah | Dubai | Cochin



# ഭഹിക്കാൻ ബുദ്ധിമുട്ടുള്ള ചിലത്



Bhadra
2nd Maths

പലവിധത്തിൽ പ്രകൃതിയോട് ചേർന്നുനിൽക്കുന്നുവെങ്കിലും പഴയപോലെ പ്രകൃതിയുടെ അതേ പകർപ്പായിരിക്കാൻ കഴിയാത്ത വിധം മനുഷ്യൻ മാറിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം ആവശ്യങ്ങൾക്കുമാത്രമായി നാം സസ്യജന്തുക്കളെ കീഴ്പ്പെടുത്തുന്നു. സസ്യാഹാരമാണെങ്കിലും മാംസാഹാരമാണെങ്കിലും 'ഹിംസ' നടക്കുന്നുണ്ട്. 'കാളയിറച്ചി' കഴിക്കുന്നതിലും 'കാളൻ' കുടിക്കുന്നതിലും ഹിംസയുണ്ട്. വ്യത്യസ്ത രൂപങ്ങളിലാണെന്ന്മാത്രം. കഴുത്തറക്കുമ്പോൾ ചോര വരുന്നത് മാത്രം ഹിംസയാണെന്ന് കണക്കാക്കുന്ന സമൂഹം സസ്യങ്ങളുടെ കരച്ചിലും കേൾക്കാൻ ശ്രമിക്കേണ്ടതല്ലേ? അപ്പോൾ മനുഷ്യജീവൻ തന്നെ ആപത്തിലായേക്കാം. സ്വന്തം അഭിരുചികൾക്കനുസരിച്ച് ഒരു ഭക്ഷണസംസ്കാരം നിലനിർത്തുന്ന ജനാധിപത്യസമൂഹത്തിന് മുന്നിലാണ് പുതിയ 'ഭക്ഷണനിയമങ്ങൾ' തലയുയർത്തുന്നത്.

ഭക്ഷണം ഒരു ശീലമാണ്. ജനിച്ചുവളരുന്ന സാഹചര്യത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടാകുന്ന ഒന്ന്. "എന്നെത്തിന്നാത്ത എന്തിനെയും



ഞാൻ തിന്നും" എന്ന ഉൾനാട്ടുകാരന്റെ മൊഴി മാംസഭു ക്കുകളെ ഞാൻ തിന്നുകയില്ല എന്ന് ഒരിക്കലും ഉദ്ദേശിച്ചിട്ടുണ്ടാവില്ല. മറിച്ച് ഞാൻ തിന്നാൻ നോക്കുമ്പോൾ തന്നെ അകത്താക്കാത്ത സർവ്വതിനേയും തിന്നാവുന്ന തരത്തിലുള്ള ഒരു ഭക്ഷണസ്വീകാര്യത തനിക്കുണ്ട് എന്നു സൂചിപ്പിക്കാനാണ്. ഇന്ന് ഒരു പക്ഷേ അയാൾക്ക് അങ്ങനെ പറയാൻ കഴിയണമെന്നില്ല. അയാൾ എന്ത് ഭക്ഷിക്കണം എന്ന് മറ്റൊരാൾ തീരുമാനിക്കുന്ന പുതിയ കാഴ്ചയുടെ കാലമാണിത്. പ്രത്യേകിച്ചും മാംസഭക്ഷണത്തിന്റെ കാര്യത്തിൽ. എന്നാൽ ഇത് നിങ്ങൾകഴിക്കരുത് എന്ന് പറയുന്നവർ നാളെ നിങ്ങൾ ഇന്നത് കഴിച്ചിരിക്കണം എന്നുകൂടി പറയാം എന്ന വസ്തുതയെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. സസ്യഭക്ഷണം മേലാളരുടേതും മാംസഭക്ഷണം കീഴാളരുടേതുമായി കരുതുന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. എന്നാൽ പണ്ട് സവർണർ മാംസഭക്ഷണം കഴിച്ചിരുന്നു എന്നത് പല ഗ്രന്ഥങ്ങളിലും കാണാം. നിങ്ങൾ എന്താഹരി ക്കുന്നുവോ, നിങ്ങൾ അതായിത്തീരും എന്ന് പറഞ്ഞുറപ്പിക്കാൻ ശ്രമിക്കുന്നവർ സസ്യഭക്ഷണ ത്തിന്റെ മഹത്വം തന്നെയാണ് പറഞ്ഞുവെക്കുന്നത്. പക്ഷെ ഹിറ്റ്ലർ സസ്യാഹാരി ആയിരുന്നുവെന്നത് സൗകര്യപൂർവ്വം വിസ്മരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ പല കലാപങ്ങളിലും പ്രധാന പങ്കുവഹിച്ചവർ സസ്യാഹാര സിന്ദാബാദുകാർ ആണല്ലോ!

ഞാൻ ചെയ്യുന്നത് മാത്രമേ നിങ്ങൾ ചെയ്യാവൂ എന്ന് പറയുന്നതാണ് ഫാസിസത്തിന്റെ ശൈശവ രൂപം. വളരുന്തോറും അതിന്റെ കൂർത്ത ദംഷ്ട്രകൾ തെളിഞ്ഞുവരും. ഞാനെനിക്കിഷ്ടമുള്ളത് തിന്നും, നിങ്ങൾക്കിഷ്ടമുള്ളത് നിങ്ങൾക്കും കഴിക്കാം എന്നത് ജനാധിപത്യത്തിന്റെ ഒരു ലഘുപാഠമാണ്. മറ്റെന്തിലുമെന്നപോലെ ഭക്ഷണത്തിലെ വ്യത്യസ്തതകളെ അംഗീകരിച്ച് ആദരിക്കലാണ് ജനാധിപത്യം. ചായവേണ്ടവർക്ക് ചായ, കാപ്പിവേണ്ടവർക്ക് കാപ്പി, രണ്ടും വേണ്ടെങ്കിൽ വേണ്ട എന്നതാണ് ആഹാരത്തിന്റെ ജനാധിപത്യം. മാംസം വേണ്ടാത്തവന്റെ വായിലേക്ക് മാംസം തിരുകും പോലെത്തന്നെയാണ്, മാസം വേണ്ടവൻ അത് തിന്നുമ്പോൾ അവന്റെ കൈ പിടിച്ചുവെയ്ക്കുന്നതും.

ഭക്ഷണം ഏതെങ്കിലും മതത്തിന്റെയോ ജാതിയുടേയോ പ്രശ്നമല്ലെന്നും, അത് വ്യക്തിതാൽപര്യങ്ങൾ ക്കനുസരിച്ചാണെന്നുമുള്ള തിരിച്ചറിവാണ് ആദ്യം വേണ്ടത്. മൃഗസംരക്ഷണം മതത്തിന്റെ മുദ്രകുത്തിയിട്ടല്ലാതെ മനുഷ്യന്റെ സ്നേഹത്തിന്റെയും ദയയുടെയും ഫലമായിട്ടായിരിക്കണം. 'നാനാത്വത്തിൽ ഏകത്വം' എക്കാലവും നിലനിൽക്കണമെന്ന് നമ്മളാഗ്രഹിക്കുന്നൊരു ഇന്ത്യ ആഹാര ശീലങ്ങളിൽ വിലക്കേർപ്പെടുത്തിക്കൊണ്ടും മറ്റും ബഹുസ്വരതകളുടെ ശ്മശാനമായി മാറാതിരിക്കട്ടെ.



എന്ത് ഭക്ഷിക്കണം എന്ന് മറ്റൊരാൾ തീരുമാനിക്കുന്ന പുതിയ കാഴ്ചയുടെ കാലമാണിത്. പ്രത്യേകിച്ചും മാംസഭക്ഷണത്തിന്റെ കാര്യത്തിൽ. എന്നാൽ ഇത് നിങ്ങൾകഴിക്കരുത് എന്ന് പറയുന്നവർ നാളെ നിങ്ങൾ ഇന്നത് കഴിച്ചിരിക്കണം എന്നുകൂടി പറയാം എന്ന വസ്തുതയെക്കുറിച്ചും ചിന്തിക്കേണ്ടതാണ്.

# ഈറോം ശർമിള

## കേരളത്തിൽ പറഞ്ഞത്

"കേരള ജനത എക്കാലവും തന്നെ പിന്തുണച്ചിട്ടുണ്ട്. നിങ്ങളുടെ ആതിഥ്യം സ്വീകരിക്കാൻ
അതിയായ താൽപര്യമുണ്ടെന്നും എല്ലാത്തിൽ നിന്നും വിട്ട് നിൽക്കാനും പരിപൂർണ്ണ വിശ്രമത്തി
നുമായാണ് കേരളത്തിലെത്തിയത്" മലയാളി സുഹൃത്തുക്കളുടെ ക്ഷണം സ്വീകരിച്ച് കേരളത്തിലെ
അട്ടപ്പാടിയിലെ ശാന്തിഗ്രാമത്തിലെത്തിയ ഈറോം ശർമിള പറഞ്ഞവാക്കുകളാണിത്. മണിപ്പൂരിലെ
ഉരുക്കു വനിത ഇറോം ശർമിള 16 വർഷം നീണ്ട ഉപവാസം അവസാനിപ്പിച്ച് ആദ്യമായെത്തിയത്
കേരളത്തിലാണ്. സൈന്യത്തിന് പ്രത്യേക അധികാരം നൽകുന്ന വിവാദമായ അഫ്സ്പ നിയമം
പിൻവലിക്കണമെന്നാവശ്യപ്പെട്ടാണ് 16വർഷം അവർ ഉപവാസമിരുന്നത്. 2016 ഓഗസ്റ്റ് 9ന് ഉപവാസം
അവസാനിപ്പിക്കുകയും 2017 ൽ മണിപ്പൂരിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച് പരാജയ
പ്പെടുകയും ചെയ്ത അവർ കേരളത്തിൽ ഏറെ പ്രതീക്ഷലോടെയാണെത്തിയത്. തന്റെ സമരങ്ങ
ളുടെഭാഗമായി ദൽഹിയിൽ പോയതൊഴിച്ചാൽ മണിപ്പൂരിന് പുറത്തേക്ക് പൊതുവേ യാത്ര
ചെയ്യാറില്ലാത്ത ശർമിളയുടെ കേരള സന്ദർശനം രാജ്യവും വളരെ ശ്രദ്ധയോടെയാണ് വീക്ഷിച്ചത്.
അട്ടപ്പാടിയിലെ ശാന്തി ആശ്രമത്തിൽ നിന്നും മലബാർ ക്രിസ്ത്യൻ കോളേജടക്കം കേരളത്തിന്റെ തെക്ക്
മുതൽ വടക്കുവരെ അവർ സഞ്ചരിച്ചു. മണിപ്പൂരുകാരെ നോവിക്കാതെ കേരളത്തെ പ്രശംസിച്ച് അവർ
പലതും കേരളത്തിൽ പറഞ്ഞു. ആ വാക്കുകൾ ഇന്നും കേരളജനതയുടെ കാതുകളിൽ മുഴങ്ങി
ക്കേൾക്കുന്നുണ്ട്.



Hatif
2nd History





## കേരള രാഷ്ട്രീയത്തെക്കുറിച്ച്...

കേരളത്തിലെ രാഷ്ട്രീയ പരിസ്ഥിതിയെ കുറിച്ച് ഇറോമിന് നൂറ് നാവാണ്. "കേരളത്തിലെ ജനങ്ങൾക്ക് കൃത്യമായ രാഷ്ട്രീയ ബോധമുണ്ട്. നല്ല രീതിയിലുള്ള പിന്തുണ സമരം ആരംഭിച്ചനാൾ മുതൽ ഇന്ന് വരെ കിട്ടിയിട്ടുണ്ട്. അതുകൊണ്ട് തന്നെ കേരളത്തെ ഒരുപാട് ഇഷ്ടമാണ്. രാഷ്ട്രീയവും മനുഷ്യജീവിതവും വേറിട്ടുനിൽക്കേണ്ടതല്ലെന്നും ഇവ തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന കാര്യം തിരിച്ചറിഞ്ഞവരാണ് മലയാളികൾ.

## പിണറായിയോടും സിപിഎമ്മിനോടും പിന്തുണ തേടിയപ്പോൾ...

മുഖ്യമന്ത്രി പിണറായി വിജയനെ കണ്ടപ്പോഴും തിരുവനന്തപുരത്തെ എ.കെ.ജി സെന്ററിലുമെത്തിയപ്പോഴും അനുകൂല പ്രതികരണമാണ് ലഭിച്ചത്. എകെജി സെന്ററിൽ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെയും എൽഡിഎഫ് കൺവീനർ വൈക്കം വിശ്വനുമായാണ് ചർച്ച നടത്തിയത്. മുഖ്യമന്ത്രിയും സിപിഎമ്മും മണിപ്പൂരിൽ താൻ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തതായി ഇറോം പറഞ്ഞു.

## മണിപ്പൂരുകാരെ കുറിച്ച്...

മണിപ്പൂരി ജനത ധനബലത്തിലും പേശീബലത്തിലും മയങ്ങിപ്പോയി. മണിപ്പൂരിലെ ജനങ്ങൾ പ്രബുദ്ധരാകേണ്ടതുണ്ട്. സാമൂഹിക യാഥാർത്ഥ്യങ്ങളെക്കുറിച്ച് അവർ ഇനിയും അറിവ് നേടേണ്ടതുണ്ട്. ഒരു കരിനിയമത്തിനെതിരെ ദീർഘകാലം പോരാട്ടം നടത്തിയിട്ടും അക്കാര്യം അവിടുത്തെ ജനങ്ങൾക്ക് വേണ്ടത്ര ബോധ്യപ്പെട്ടിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് വ്യക്തമാക്കി. ഇതല്ല അവരിൽ നിന്ന് പ്രതീക്ഷിച്ചത്.

## മണിപ്പൂരിലെ നിലവിലെ സർക്കാരിനെ കുറിച്ച്...

മണിപ്പൂരിൽ അധികാരത്തിൽ വന്ന ബി.ജെ.പി ജയിച്ചത് പണക്കൊഴുപ്പിന്റെയും കൈയ്യൂക്കിന്റെയും ബലത്തിലാണ്. ബി.ജെ.പിയും കോൺഗ്രസും അഴിമതിക്കാരുടെ പാർട്ടികളാണ്. തെരഞ്ഞെടുപ്പിൽ സി.പി.എം തനിക്കു നൽകിയ പിന്തുണ വോട്ട് കുറയാൻ കാരണമായെന്ന് കരുതുന്നില്ല. സഹായിക്കാൻ താൽപര്യമുള്ളവർ സഹായിക്കുന്നതിൽ സന്തോഷമുണ്ട്. അതിനെ രാഷ്ട്രീയമായല്ല അംഗീകാരമായാണ് കാണുന്നത്. മണിപ്പൂരിൽ നിലവിൽ ഉൾപ്പെടുത്തിയ സാമ്പത്തിക ഉപരോധം പിൻവലിച്ചതിൽ സന്തോഷമുണ്ട്.

## ക്രിസ്ത്യൻ കോളേജിൽ പറഞ്ഞത്

കേരളത്തിന്റെ പ്രകൃതി ഭംഗിയെയും രാഷ്ട്രീയ സാഹചര്യവും അഭിനന്ദാർഹമാണ്. മണിപ്പൂരുകാർ തന്റെ അധ്വാനത്തെ തിരസ്കരിച്ചു. മണിപ്പൂർ ജനത ഇത്രയും കാലം ചെയ്ത ത്യാഗത്തിന്റെ ഫലമല്ല ഇന്നനുഭവിക്കുന്നത്. അവർക്ക് എല്ലാം നഷ്ടമായെന്നല്ലാതെ മറ്റൊന്നും പറയാനില്ല. താൻ ജയിച്ചാൽ അവർക്കായി ഒന്നും ചെയ്യാൻ കഴിയില്ലെന്നതാണ് എന്നെ തോൽപ്പിക്കാനുള്ള കാരണം.

## ആദ്യമായി കടൽത്തിരകളെ തലോടിയപ്പോൾ

ആർത്തലയ്ക്കുന്ന തിരകളെ നോക്കി കോഴിക്കോട് കടപ്പുറത്തെ മണലിൽ ഇറോം ശർമിള ഇരുന്നു. ജീവിതത്തിലാദ്യമായി കടൽ കണ്ടപ്പോൾ നിഷ്കളങ്കതയും നൈർമല്യവും നിറഞ്ഞ അവരുടെ കണ്ണുകളിൽ മറ്റൊരു കടലിരമ്പുന്നുണ്ടായിരുന്നു. രണ്ട് മണിക്കൂർ അറബിക്കടലിനെ ഹൃദയത്തിലാവാഹിച്ച് മടങ്ങുമ്പോൾ സമുദ്രം ദൈവത്തിന്റെ അത്ഭുതകരമായ സൃഷ്ടിയാണെന്ന് ഇറോം ഒപ്പമുള്ളവരോട് പറയുന്നുണ്ടായിരുന്നു. അറബിക്കടലിന്റെ മനോഹാരിത ആവോളം ആസ്വദിച്ചെന്നും കേരളത്തിലെ പ്രകൃതിയുടെ മനോഹാരിത വർണ്ണനാതീതമാണെന്നും അവർ പറഞ്ഞു.


**പോരാട്ടം അവസാനിപ്പിക്കില്ല.**

ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ് എന്റെ പോരാട്ടം. താൻ എതിർക്കുന്ന നിയമത്തിന്റെ യഥാർത്ഥ മുഖം ലോകത്തെ മുഴുവൻ ബോധ്യപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സമരശേഷിയും ഉത്തരവാദിത്തവും തുടർന്നും ഉപയോഗപ്പെടുത്തും. എന്നാൽ രാഷ്ട്രീയത്തിൽ തുടരാൻ ഉദ്ദേശിക്കുന്നില്ല.

## യുവാക്കളോട് പറയാനുള്ളത്...

സമാധാനത്തിനും സ്നേഹത്തിനും വേണ്ടി യുവാക്കൾ ഉണരണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രചാരക മാത്രമാണ് ഞാൻ. ഒരു സമാധാന സ്നേഹിയും നീതിയുടെ പ്രചാരകയുമാകാനാണ് ഞാൻ ശ്രമിച്ചത്. മത, ജാതി, ലിംഗ വ്യത്യാസങ്ങൾക്ക് അതീതമായി എല്ലാ മനുഷ്യർക്കും നീതിയും സമാധാനവും ലഭ്യമാകണമെന്ന് ഞാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ സൃഷ്ടിയിൽ എല്ലാവരും തുല്യരായിരുന്നല്ലോ. ശരിയായ ജനാധിപത്യവും ശരിയായ മനുഷ്യത്വവും തിരിച്ചുകൊണ്ടുവരണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സ്ത്രീകൾ, കുട്ടികൾ, ദുർബലർ എന്നിവർക്ക് ശക്തിയേകാൻ നമുക്കു കഴിയണം. അതിന് നമ്മുടെ മനസ്ഥിതിയിൽ മാറ്റം വരണം.. വിദ്യാർത്ഥികളും യുവാക്കളുമാണ് സമൂഹത്തിന്റെ കണ്ണാടിയും പ്രതിബിംബവും. അവരാണ് സമൂഹത്തിന് പ്രചോദനമാവേണ്ടത്.

'യുവാക്കളേ, നിങ്ങളാണ് സ്നേഹത്തിന്റെ പരസ്പര ബഹുമാനത്തിന്റെയും അടയാളം. നിങ്ങളിലാണ് ലോകത്തിന്റെ പ്രതീക്ഷ. നിങ്ങൾ തന്ന ആദരവിന് നന്ദി'. ഇത് പറഞ്ഞാണ് ഇറോം കേരളത്തിനോട് വിടപറഞ്ഞത്.



# College Union



Aswin.rm
Chairman



Arunima
Vice Chairman



Arunsankar
G. Secretary



Jayasneha
Jo. Secretary



Ajay Lal
UUC



Farveena
UUC



Rahul MR.
Fine Arts Secretary



Nihal VP
Editor



Mirshad
G. Captain



Sanith
U. Executive



Sarjad
U. Executive

# GALLERY






























Make your Celebration
Memorable
REGAL BAKES
Happy Birthday
5th
TAARA
■ CAKES ■ PASTRIES ■ COOKIES ■ SNACKS
REGAL BAKES
Royal Blend of Rare Tastes...
Near St. Joseph's Church, Gandhi Road, Calicut - 1. Ph: 0495 2361515
www.facebook.com/regalbakes



## ASSOCIATIONS



Shamil
Chemistry



Sinu Jesin
Physics



Vignesh
Economics



Arshin
Maths



Akshay
Zoology



Hisrath lulu
History



Abin Bhas
Malayalam



Anjali
English



Gayathri
Commerce & Management

## YEAR REP



Karthik
Ist DC



Shalu
IInd DC



Adarsh Sunny
IIIrd DC



Arun S Na
PG Rep

# STOP CHILD ABUSE






Asbaha Nasrin
Ist Zoology

# ചരിത്രത്തിലെ കുട്ടികൾ

കുട്ടികൾ സമൂഹത്തിലെ ദുർബല വിഭാഗമായാണ് പലപ്പോഴും കണക്കാക്കപ്പെടുന്നത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും മുതിർന്ന ഒരാളുടെ സഹായത്തോടെയാണ് കുട്ടികൾ ജീവിക്കാറുള്ളത് എന്നത് തന്നെയാണ് ഇതിനു കാരണം.

മുതിർന്നവരാൽ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നവരും ഒരു പക്ഷേ കുട്ടികൾ തന്നെയാണ്. നേരിട്ടുള്ള ശാരീരിക-മാനസിക-ലൈംഗിക ചൂഷണങ്ങൾ കൂടാതെ മറ്റു പല വിധേനയും കുട്ടികൾ ഇരകളാക്കപ്പെടാറുണ്ട്. യുദ്ധങ്ങളും അഭയാർത്ഥി പ്രവാഹങ്ങളും പ്രകൃതിക്ഷോഭങ്ങളും വംശീയ കലാപങ്ങളുമൊക്കെത്തന്നെ സാരമായി ബാധിക്കുന്നത് കുട്ടികളെയാണ്. ലോകത്തിന്റെ വിശാലതയിലേക്ക് പറക്കാൻ കരുത്താർജ്ജിക്കും മുൻപ് അവരുടെ ചിറകുകൾ അരിഞ്ഞുവീഴ്ത്തപ്പെടുകയാണ്. ഇത്തരം ചൂഷണങ്ങൾക്കു വിധേയരായി മരണപ്പെടുന്ന കുട്ടികളേക്കാൾ ദുരിതം പേറേണ്ടി വരുന്നത് ജീവൻ ബാക്കി കിട്ടുന്ന കുട്ടികൾക്കാണ്. അവരെ ഒരിക്കലും നമുക്ക് രക്ഷപ്പെട്ടവരെന്നു വിളിക്കാൻ സാധിക്കില്ല. ഉറ്റവരെ നഷ്ടപ്പെട്ടും അംഗവൈകല്യം സംഭവിച്ചും മാനസികമായി തകർന്നടിഞ്ഞും അവർ യഥാർത്ഥത്തിൽ ഭൂമിയിൽ തന്നെ നരകം കാണുകയാണ്.

പക്വത നേടിയവരെന്ന് അഹങ്കരിക്കുന്നവരുടെ പ്രവർത്തനങ്ങളുടെ ഫലമായി ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ട ചിലർ 'ഞങ്ങൾ വെറും കുട്ടികളല്ലെന്ന് വിളിച്ചു പറഞ്ഞുകൊണ്ട് പ്രത്യാശയുടെ പൊൻവെളിച്ചമായി, പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ആൾരൂപമായി ലോകത്തിനു മുൻപിലേക്കു ഉയർന്നുവന്നു. മെഡിറ്ററേനിയൻ കടലിൽ മുങ്ങി മരിച്ച് അയ്‌ലാൻ കുർദിയുടെ ചിത്രവും ഷെല്ലാക്രമണത്തിൽ തകർന്ന വീടിനടിയിൽ നിന്ന് ജീവനോടെ പുറത്തെടുക്കപ്പെട്ട് നിസ്സംഗനായി ശൂന്യതയിലേക്ക് കണ്ണുനട്ടിരുന്ന ഒമ്രാൻ ദാഖ്നീഷിന്റെ ചിത്രവും ക്യാമറ കണ്ട് തോക്കാണെന്ന് ഭയന്ന് ഇരു കയ്യുമുയർത്തി നിൽക്കുന്ന സിറിയൻ ബാലന്റെ ചിത്രവുമൊക്കെ മനുഷ്യത്വം നഷ്ടപ്പെടാത്തവരുടെ കണ്ണുകളെ ഈറനണിയിച്ചു. ലോകത്തിന് കണ്ണീരൊഴുക്കാൻ മാത്രമല്ല ഞങ്ങളുടെ ജീവിതമെന്ന് ഉറക്കെ പ്രഖ്യാപിച്ച് പുതിയൊരു ലോകത്തിന്റെ സൃഷ്ടിക്കായി മുൻപോട്ട് വന്ന കുട്ടികളും നമുക്ക് മുൻപിലുണ്ട്.

രക്തസാക്ഷികളുടെ രാജകുമാരൻ എന്നറിയപ്പെടുന്ന ഭഗത്സിംഗ്, ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അനശ്വരമായ ഒരു വിപ്ലവനക്ഷത്രമാണ്. ചുരുങ്ങിയ കാലത്തെ ജീവിതം കൊണ്ട്



എക്കാലവും ഓർമ്മിക്കപ്പെടുന്ന ഒരു സാന്നിധ്യമായി മാറാൻ അദ്ദേഹത്തിന് സാധിച്ചു. 1919 ൽ ജാലിയൻ വാലാബാഗ് കൂട്ടക്കൊല അരങ്ങേറുമ്പോൾ അദ്ദേഹത്തിന് വെറും 12 വയസ് മാത്രമായിരുന്നു പ്രായം. ഇതിനുത്തരവാദികളായവരോട് പ്രതികാരം ചെയ്യുമെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്തു. പിന്നീടുള്ള ജീവിതകാലയളവ് മുഴുവൻ തന്റെ പ്രതിജ്ഞ നിറവേറ്റാനുള്ള ധീരമായ പോരാട്ടമായിരുന്നു. അദ്ദേഹത്തിന്റേത്. ഇരുപത്തിമൂന്നാം വയസിൽ തൂക്കിലേറ്റപ്പെടുമ്പോഴും ബ്രിട്ടീഷ് സാമ്രാജ്യത്തോടുള്ള തന്റെ ശക്തമായ വിയോജിപ്പിൽ നിന്നും പിന്തിരിയുവാൻ ഭഗത്സിംഗ് തയ്യാറായിരുന്നില്ല. കഴുമരത്തിൽ പോലും സ്വന്തം പ്രതിജ്ഞയെ ചേർത്തുപിടിച്ച ഭഗത് സിംഗ്, ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നത് കൊച്ചുകുട്ടിയായല്ല, അവിസ്മരണീയമായ ഒരു വിപ്ലവമുഖമായാണ്.

പഞ്ചാബിന്റെ മണ്ണിൽ പിറവിയെടുത്ത മറ്റൊരു ധീര ദേശാഭിമാനിയായിരുന്നു ഉദ്ദംസിംഗ്. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് ഉത്തരവാദിയായ ജനറൽ ഡയറിനെ വധിക്കുമെന്ന് ഉദ്ദംസിംഗ് പ്രതിജ്ഞയെടുക്കുമ്പോൾ അദ്ദേഹം ഒരു പതിനാറ് വയസുകാരനായിരുന്നു. ചെറുപ്രായത്തിലെ ധീരമായ പ്രതിജ്ഞ മനസിൽ സൂക്ഷിച്ചുകൊണ്ടാണ് തന്റെ ഭാവിജീവിതത്തെ അദ്ദേഹം മുൻപോട്ടു നയിച്ചത്. 1941 ൽ ലണ്ടനിലെ ബുക്ക്സ്റ്റൺ ഹാളിൽ വച്ച് ഡയറിന്റെ നെഞ്ചിലേക്ക് നിറയൊഴിച്ചു



കൊണ്ട് അദ്ദേഹം തന്റെ പ്രതിജ്ഞ നിറവേറ്റി. ജാലിയൻ വാലാബാഗ് മൈതാനിയിൽ മരിച്ചുവീണ മുഴുവൻ മനുഷ്യർക്കുമായാണ് ഉദ്ദംസിംഗ് തന്റെ ജീവിതം സമർപ്പിച്ചത്. കോടതി രേഖകളിൽ തന്റെ പേര് റാം മുഹമ്മദ് സിംഗ് ആസാദ് എന്നായിരിക്കണമെന്ന് ആവശ്യപ്പെട്ട അദ്ദേഹം മരണത്തിലും ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിൽക്കണമെന്നാഗ്രഹിച്ച ധീരദേശാഭിമാനിയാണ്.

രണ്ടാം ലോക മഹായുദ്ധത്തിന്റെ തിക്താനുഭവങ്ങളുടെ നീണ്ട ശ്രേണി പരിശോധിക്കുമ്പോൾ അവയിൽ അദ്വിതീയമാണ് ആൻഫ്രാങ്ക് എന്ന പെൺകുട്ടിയുടേത്. ലോകത്തിനായി തന്റെ എഴുത്തുകൾ മാത്രം ബാക്കിവച്ച് അവൾ മടങ്ങുമ്പോൾ, നാസികളുടെ ക്രൂരമായ ചിത്രമാണ് നമുക്ക് വ്യക്തമായത്. ഒരു കുട്ടിയുടെ മാനസികാവസ്ഥകളിൽ നിന്നും യുദ്ധത്തിന്റെ തീവ്രാനുഭവങ്ങളെ പ്രകടമാക്കുന്നവയായിരുന്നു ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. പതിനാറു വയസുകാരിയായ ആ പെൺകുട്ടി, ഹിറ്റ്ലറുടെ കടുത്ത ജൂതവിരുദ്ധ നയങ്ങൾ കാരണം നാടുവിടപ്പെട്ട് ഒളിവിൽ കഴിയവേയാണ് തനിക്ക് പിറന്നാൾ സമ്മാനമായി കിട്ടിയ ഡയറിയിൽ തന്റെ ദൈനംദിനാനുഭവങ്ങൾ കുറിച്ചിട്ടത്. ഇന്നും യുദ്ധവിരുദ്ധ പോരാട്ടങ്ങൾക്കുള്ള ഊർജ്ജമായി അവ നിലകൊള്ളുന്നത് ആൻഫ്രാങ്കിന്റെ തീവ്രമായ അനുഭവ പ്രതിഫലനം കൊണ്ടുതന്നെയാണ്.

പോരാട്ടത്തിന്റെ ആൾരൂപമായി മാറിയ ഒരു ബാലനാണ് ഇക്ബാൽ മാസിക്. ആർക്കും പ്രയോജനമില്ലാതെ അനേകം വർഷങ്ങൾ ജീവിച്ചുതീർക്കുന്നതിലും ഭേദം ജീവിക്കുന്ന കുറഞ്ഞ കാലയളവിൽ ജീവിതത്തെ അന്വർത്ഥമാക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതാണെന്ന് ലോകത്തിനു പഠിപ്പിച്ചു തന്ന ബാലൻ.

പാക്കിസ്ഥാനിലെ ലാഹോറിനടുത്തുള്ള ഒരു ഗ്രാമത്തിൽ ജനിച്ച ഇക്ബാൽ തന്റെ നാലാം വയസ്സിൽ രക്ഷിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവനാണ്. ഒരു കാർപ്പെറ്റ് കമ്പനിക്ക് വിൽക്കപ്പെട്ട ആ പിഞ്ചു ബാലന് പതിനാല് മണിക്കൂറോളം കൈകാലുകൾ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടുകൊണ്ട് ജോലി ചെയ്യേണ്ടി വന്നിരുന്നു. കഠിനതരമായ ജീവിതാവസ്ഥകളാൽ പൊറുതി മുട്ടി പത്താം വയസിൽ അവൻ ആ കമ്പനിയിൽ നിന്നും ഓടി രക്ഷപ്പെട്ട് പോലീസ് സ്റ്റേഷനിൽ അഭയം പ്രാപിച്ചു. എങ്കിൽ



"ഒരു പേനയ്ക്ക് ഒരു പുസ്തകത്തിന്, ഒരു അധ്യാപികയ്ക്ക്, ഒരു കുട്ടിക്ക് ഈ ലോകത്തെ മാറ്റിമറയ്ക്കുവാൻ സാധിക്കും. അതെ അറിവാണ് ഏറ്റവും വലിയ ആയുധം." ഇതായിരുന്നു മലാലയുടെ വാക്കുകൾ

കൈക്കൂലിക്കാരായ പോലീസുകാർ അവനെ തിരിച്ച് കമ്പനിയിൽ ഏൽപ്പിച്ചു. എങ്കിലും തന്റെ പ്രയാസങ്ങൾ ലോകത്തോടു വിളിച്ചു പറയുവാനായി അവൻ തീവ്രമായി അഭിലഷിച്ചു. പീഡിതരായ ഒരു വലിയ വിഭാഗത്തിന്റെ ശബ്ദമായി മാറുന്ന ഇക്ബാലിന്റെ വലിയ ചുവടായിരുന്നു ഈ അഭിലാഷം.

ബോണ്ടഡ് ലേബർ ലിബറേഷൻ ഫ്രണ്ട് (BLLF) എന്ന സംഘടനയുടെ ഭാഗമായി നടന്ന ഒരു സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പങ്കെടുക്കാനായി ഒരിക്കൽ ഇക്ബാലിനു അവസരം കൈവന്നു. അവിടെ വച്ച് കുട്ടികളുടെ അവകാശത്തെക്കുറിച്ച് കേൾക്കാനിടയായ ഇക്ബാൽ വേദിയിൽ കയറി താൻ ഫാക്ടറിയിൽ അനുഭവിക്കുന്ന പീഡനങ്ങളെ ഉറക്കെ വിളിച്ചുപറഞ്ഞു. ആ ബാലൻ കാണിച്ച ധൈര്യം അവനോടൊപ്പം അനേകായിരം കുട്ടികളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി മാറുന്ന കാഴ്ചക്കാണ് പിന്നീട് ലോകം സാക്ഷ്യം വഹിച്ചത്. ഈ സംഭവത്തോടെ സമാന അവസ്ഥ അനുഭവിച്ചുകൊണ്ടിരുന്ന മുന്നൂറോളം കുട്ടികൾ സ്വതന്ത്രരാക്കപ്പെട്ടു.

പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലെങ്കിലും ഇക്ബാൽ നല്ലൊരു പ്രാസംഗികനായിരുന്നു. ബാലവേലക്കെതിരെ ശക്തമായ പ്രഭാഷണ പരമ്പരകളുമായി അവൻ മുൻപോട്ടുപോയി. ഇക്ബാലിന്റെ പ്രവർത്തനങ്ങൾ കാർപ്പറ്റ് ഫാക്ടറി ഉടമകളുടെ ഉറക്കം കെടുത്തുന്നവയായി മാറി. കമ്പനി ഇക്ബാലിനെ, തങ്ങളുടെ ഗുണ്ടകളെ ഉപയോഗിച്ച് വെടിവച്ച് കൊലപ്പെടുത്തി. പന്ത്രണ്ടാം വയസിൽ കൊല്ലപ്പെട്ട ആ ബാലന്റെ ജീവിതം ഇന്നും മഹത്തരമായി നിലകൊള്ളുന്നത് ഹ്രസ്വകാലത്തെ പ്രവർത്തനങ്ങളാൽ തന്നെയാണ്. അടിച്ചമർത്തപ്പെട്ട തന്റെ ജീവിതത്തെ അനേകായിരങ്ങളുടെ മോചനത്തിനായുള്ള ആയുധമാക്കി മാറ്റുവാൻ ഇക്ബാൽ കാണിച്ച മനോധൈര്യം ഇന്നും പകീർത്തിക്കപ്പെടുന്നു.

യുദ്ധത്തിന്റെ ഭയാനകത ചിത്രീകരിക്കുന്ന ഏറ്റവും പ്രശസ്തമായ ചിത്രങ്ങൾ പരിശോധിക്കുമ്പോൾ അതിൽ പ്രഥമഗണനീയമാണ് ബോംബാക്രമണത്തിൽ നിന്നും രക്ഷപ്പെട്ടുകൊണ്ട് നഗ്നയായി ഓടുന്ന ഒരു ബാലികയുടെ ചിത്രം. കിംഫുക്ക് എന്ന വിയറ്റ്നാമീസ് പെൺകുട്ടി നമുക്ക് സുപരിചിതയാകുന്നത് ഈ ചിത്രത്തിലൂടെയാണ്.

1972 ജൂൺ 8ന് അമേരിക്ക വിയറ്റ്നാമിൽ നടത്തിയ നാപാം ബോംബാക്രമണത്തിൽ കിംഫുക്കിന് തന്റെ സഹോദരങ്ങളുടെ ജീവൻ നഷ്ടപ്പെട്ടു. ആക്രമണത്തിൽവച്ച് അവളുടെ വസ്ത്രങ്ങൾക്ക് തീ പിടിക്കുകയും ശരീരത്തിന്റെ പുറകുവശത്ത് ഗുരുതരമായി പൊള്ളലേൽക്കുകയും ചെയ്തു. ജീവിതത്തിന്റെയും സമാനദൂരങ്ങൾക്കു നടുവിൽ ഒരു ചോദ്യചിഹ്നമായി ഓടിയടുക്കുന്ന ആ ഒൻപതു വയസുകാരിയുടെ ചിത്രം, ഇന്നും യുദ്ധവിരുദ്ധ പോരാട്ടങ്ങൾക്ക് കരുത്തുപകരുന്നു. യുദ്ധവിരുദ്ധ പ്രവർത്തക എന്ന നിലയിലേക്ക് മാറിയ കിംഫുക്ക് യുനെസ്കോയുടെ ഗുഡ്‌വിൽ അംബാസിഡറായും പ്രവർത്തിക്കുകയാണിപ്പോൾ.

അടിച്ചമർത്തപ്പെട്ടവർക്ക് ഒരു തെറ്റായ സംസ്കാരത്തെ പാടേ മാറ്റിമറിയ്ക്കുവാൻ കെൽപ്പുണ്ടെന്ന് ലോകത്തിനെ പഠിപ്പിച്ച ബാലികയാണ് നുജൂദ്. പുരുഷന്റെ ആഗ്രഹസഫലീകരണത്തിനായുള്ള കേവലമൊരു ഉപാധി മാത്രമാണ് സ്ത്രീ എന്ന് ചിന്തിക്കുന്ന ഒരു സമൂഹത്തിനിടയിൽ നിന്ന് പൊരുതിക്കൊണ്ടാണ് നുജൂദ് ലോകശ്രദ്ധയാകർഷിക്കുന്നത്. ഒമ്പതാം വയസിൽ നുജൂദിനെ അവളുടെ പിതാവ് അവളേക്കാൾ വളരെയധികം പ്രായം കൂടിയ ഒരു വ്യക്തിക്ക് വിവാഹം ചെയ്തു കൊടുത്തു. (യെമനിലെ നിയമപ്രകാരം പെൺകുട്ടികൾക്ക് ഏതു പ്രായത്തിലും വിവാഹിതരാകാം) ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും നിരന്തരമായ ശാരീരിക-മാനസിക പീഡനങ്ങൾ സഹിക്കവയ്യാതെ മൂന്ന് മാസങ്ങൾക്ക് ശേഷം അവൾ



സ്വന്തം വീട്ടിലേക്ക് ഒളിച്ചോടി. തുടർന്ന് നടത്തിയ ശക്തമായ നിയമപോരാട്ടത്തിലൂടെ പത്താമത്തെ വയസിൽ വിവാഹമോചനം നേടി. ഇതുവഴി, യമനിലെയും അയൽ രാജ്യങ്ങളിലെയും ചെറുപ്രായത്തിൽ തന്നെ വിവാഹം കഴിച്ച് അയക്കപ്പെടുന്ന പെൺകുട്ടികളുടെ അവകാശപ്പോരാട്ടങ്ങൾക്കുള്ള വെളിച്ചമായി മാറുകയായിരുന്നു നുജൂദ്. 'ഒളിച്ചിരിക്കുന്നവൾ' എന്നർത്ഥം വരുന്ന തന്റെ പേരിനെ ആകാശത്തെ നക്ഷത്രങ്ങൾ എന്ന അർത്ഥത്തിലേക്ക് അവൾ മാറ്റിയെഴുതി. ഇരുളടഞ്ഞ ഒരുപാട് ജീവിതങ്ങൾക്ക് പ്രകാശം നൽകിയ ഒരു നക്ഷത്രമായി മാറിയ ഈ ബാലികയെ തേടി അനവധി പുരസ്കാരങ്ങൾ എത്തുകയുമുണ്ടായി. 2008 ലെ വുമൺ ഓഫ് ദി ഇയർ പുരസ്കാരം നുജൂദിനും അവളുടെ അഭിഭാഷകയായ ഷദ നാസറിനുമായിരുന്നു.

ബാലവേലയ്ക്കെതിരെ ശക്തമായി പോരാടിയ ഇക്ബാൽ മാസിക്കിന്റെ നാട്ടിൽ നിന്നും ഉയർന്നു വന്ന മറ്റൊരു പോരാളിയാണ് മലാല. താലിബാൻ നിയന്ത്രണത്തിലുള്ള സ്വാത് താഴ്വരയിൽ, പെൺകുട്ടികൾ അനുഭവിക്കുന്ന സാമൂഹികവും വിദ്യാഭ്യാസപരവുമായ വിവേചനങ്ങൾക്കെതിരെ അവൾ ശക്തമായ പ്രതിഷേധങ്ങളുയർത്തി. ഗുൽമഖായ് എന്നുപേരിട്ട തന്റെ ബ്ലോഗിലൂടെ സ്വന്തം നിലപാടുകളെ ധൈര്യസമേതം അവൾ തുറന്നുപ്രകടിപ്പിച്ചു. ഒരു പെൺകുട്ടി കാണിച്ച ധൈര്യം താലിബാൻ തീവ്രവാദികളെ വലിയ രീതിയിൽ ചൊടിപ്പിച്ചു. ഒരു ദിവസം സ്കൂൾ വിട്ടു വീട്ടിലേക്ക് മടങ്ങുകയായിരുന്ന മലാലയെ സ്കൂൾ വാനിൽ നിന്നും പുറത്തിട്ട് അവർ വെടിയുതിർത്തു. എന്നാൽ ദീർഘകാലത്തെ ചികിത്സയ്ക്കു ശേഷം ഈ പെൺകുട്ടി മരണത്തെ തോൽപ്പിക്കുന്ന ആത്മധൈര്യവുമായി തിരികെയെത്തി. മലാലയുടെ ജീവിതം ലോകം മുഴുവൻ ഏറ്റെടുക്കുന്ന ഒരു കാഴ്ചയാണ് പിന്നീട് കണ്ടത്. മാധ്യമങ്ങൾ മലാലയുടെ എഴുത്തുകൾക്കും പ്രസ്താവനകൾക്കുമായി കാത്തിരുന്നു. 'ആയുധങ്ങൾകൊണ്ടാണ് ചരിത്രം രചിക്കേണ്ടതെന്ന് വിശ്വസിച്ചിരുന്ന ലോകത്തിന് മറ്റൊരു സന്ദേശം പകരുകയായിരുന്നു ഈ ബാലിക. "ഒരു പേനയ്ക്ക് ഒരു പുസ്തകത്തിന്, ഒരു അധ്യാപികയ്ക്ക്, ഒരു കുട്ടിക്ക് ഈ ലോകത്തെ മാറ്റിമറയ്ക്കുവാൻ സാധിക്കും. അതെ അറിവാണ് ഏറ്റവും വലിയ ആയുധം." ഇതായിരുന്നു മലാലയുടെ വാക്കുകൾ. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട അനേകായിരങ്ങൾക്കായുള്ള ശബ്ദമായി ഈ പെൺകുട്ടി മാറുവാൻ അധിക കാലമൊന്നും വേണ്ടിവന്നിരുന്നില്ല. പിന്നീട് സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനു വരെ മലാല അർഹയായിത്തീരുകയായിരുന്നു. ലോകമെമ്പാടുമുള്ള വിദ്യാഭ്യാസ അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങളിൽ ശക്തമായ സ്വാധീനശക്തിയായി മാറുവാൻ ഈ പെൺകുട്ടിക്ക് സാധ്യമായി.

വെറും കുട്ടികളെന്ന് പറഞ്ഞുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തുന്ന ഒരു വിഭാഗത്തിൽ നിന്നും ലോകത്തിനു മാതൃകയാകും വിധത്തിൽ ചലനങ്ങൾ സൃഷ്ടിച്ച ചുരുക്കം ചില പേരുകൾ മാത്രമാണ് ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസ അവകാശങ്ങൾക്ക് വേണ്ടി, സമാധാനത്തിന് വേണ്ടി, മനുഷ്യാവകാശങ്ങൾക്ക് വേണ്ടി സന്നദ്ധമേഖലകളിലടക്കം സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനവധി കുട്ടികളുണ്ട്. അവർ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. 'പക്വത നേടിയ മുതിർന്നവരുടെ ലോകത്തേക്കാൾ മനോഹരമായ ലോകം കെട്ടിപ്പടുക്കുവാൻ ഞങ്ങളുടെ നിഷ്കളങ്കമായ മനസുകൾക്കാവും ഞങ്ങൾ നമ്മപൂക്കുന്ന വസന്തത്തിന്റെ പുലരിയാണ്.'



Athulya Rai
Ist Chemistry

# ഇന്നലെ വിരിഞ്ഞ പൂവ്

ഇന്നലെ വിരിഞ്ഞൊരാ പൂവിൻ ഇതളുകൾ
കൊഴിയുമാ സന്ധ്യയെ നോക്കിനിന്നു
അരുതേ ! പറയുവാൻ ആഗ്രഹിച്ചു.
പക്ഷേ, വിഫലമെന്നാരോ കാതിൽ മൂളി
കടിഞ്ഞാൺ പൊട്ടിയ കുതിരപോൽ കാലം
പായുന്നു എന്നെ മൂകയാക്കി
കാലത്തിൻ കുത്തൊഴുക്കിൽ ഞാനും പൊഴിഞ്ഞു
വീണു.
ഭൂമിതൻ മാറിൽ അലിഞ്ഞുചേരാൻ
മൊട്ടായ് വിരിഞ്ഞു നിന്നൊരാക്കാലത്തിൻ,
വർണ്ണാഭമാം ചിത്രം മാഞ്ഞുപോയി.
തിരിഞ്ഞൊഴുകാൻ വെമ്പുന്ന ഹൃദയത്തെ
പിടിച്ചുകെട്ടി.
നീങ്ങി ഞാനുമാ കുത്തൊഴുക്കിൽ
ഇന്നലെ വിരിഞ്ഞൊരാ പൂവിൻ ഇതളുകൾ
മാഞ്ഞുപോയ് കാലമാം പ്രവാഹത്തിൽ
അപൂർണമാം സ്വപ്നത്തെ ബാക്കിയാക്കി
ഇന്നലെ വിരഞ്ഞൊരാ പൂവിൻ ഇതളുകൾ
ഭൂമിതൻ മാറിൽ അലിഞ്ഞു ചേർന്നു.



Padmajith
Ist History


# ഫിദൽ
## അസ്തമയമില്ലാത്ത രക്തനക്ഷത്രം

“നിങ്ങൾ ശിക്ഷിച്ചോളൂ, പക്ഷെ ചരിത്രം എന്നെ കുറ്റക്കാരനല്ലെന്ന് വിധിക്കും." മൊങ്കാദ ബാരക്ക്സ് ആക്രമണക്കേസിന്റെ വിചാരണയിൽ നാല് മണിക്കൂർ നീണ്ട തന്റെ വാദം ഫിദൽ അവസാനിപ്പിച്ചത് ഇങ്ങനെയാണ്. വർഷങ്ങൾക്കിപ്പുറം 2016 നവംബർ 25ന് ഫിദൽ ഓർമ്മയിലേക്ക് മറഞ്ഞപ്പോൾ ലോകത്തിന്റെ എല്ലാ കോണുകളിൽനിന്നും ആ ചരിത്രപുരുഷന് ആദരമർപ്പിച്ചുകൊണ്ട് ആയിരങ്ങൾ മുന്നോട്ടു വന്നത് അദ്ദേഹത്തിന്റെ വാക്കുകൾ ശരിയായി എന്നതിന് തെളിവാണ്.

1926 ആഗസ്റ്റ് 13ന് ക്യൂബയിലെ ഓറിയന്റെ പ്രവിശ്യയിലെ മയാറിലാണ് ഫിദൽ അലെഹാന്ദ്രോ കാസ്ട്രോ റൂസ് ജനിച്ചത്. സ്വാതന്ത്ര്യസമരം അടിച്ചമർത്താൻ സ്പെയിൻ ക്യൂബയിലേക്കയച്ച സൈന്യത്തിലെ അംഗമായിരുന്നു പിതാവ്. എയ്ഞ്ചൽ കാസ്ട്രോ. ഏയ്ഞ്ചലിന് ക്യൂബക്കാരിയായ രണ്ടാം ഭാര്യ ലിന റൂസ് ഗോൺസാലെയിൽ ഉണ്ടായ ഏഴ് മക്കളിൽ മൂന്നാമനാണ് ഫിദൽ. ആധുനികലോകം കണ്ട ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളിലൊരാളായി പിൽക്കാലത്ത് ഫിദൽ മാറിയപ്പോൾ തോളോട് തോൾ ചേർന്നു നിന്ന ഒരനിയനുണ്ടായി, 'റൗൾകാസ്ട്രോ'.

ഫിദൽ ജനിക്കുമ്പോഴേക്കും കഷ്ടതകളെല്ലാം മാറി സമ്പന്നരായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. ക്യൂബയിൽ അമേരിക്കൻ കമ്പനികൾക്ക് വേണ്ടി ഭൂമി പാട്ടത്തിനെടുത്തും കരിമ്പ് കൃഷിയിലേക്കു തിരിഞ്ഞും, 800 ഹെക്ടർ ഭൂമിക്കുടമകളായിരുന്നു ഫിദലിന്റെ കുടുംബം. സ്വന്തം കുടുംബം സമ്പന്നമായിരുന്നെങ്കിലും ചുറ്റുവട്ടത്തെ ദാരിദ്ര്യം കണ്ടു തന്നെയാണ് ഫിദൽ വളർന്നത്. പാടങ്ങളിൽ പണിക്കെത്തിയിരുന്ന ഹെയ്തിക്കാരും അവരുടെ മക്കളുമൊക്കെയായിട്ടുള്ള കൂട്ടായിരിക്കണം. ഒരുപക്ഷേ പിൽക്കാലത്ത് അധ്വാനിക്കുന്ന ചൂഷിതവർഗ്ഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനും ആത്മാഭിമാനത്തിനും വേണ്ടി സ്വന്തം ജീവൻ പണയംവെച്ചും പോരാട്ടം നയിക്കാൻആ വിപ്ലവകാരിയെ പ്രേരിപ്പിച്ചത്.

1952ലെ തിരഞ്ഞെടുപ്പിൽ ഓർത്തഡോക്സ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി ഫിദൽ ക്യൂബൻ കോൺഗ്രസിലേക്ക് മത്സരിച്ചിരുന്നു. എന്നാൽ ആ ഘട്ടത്തിലാണ് ഏകാധിപതിയായ ബാറ്റിസ്റ്റ പട്ടാള അട്ടിമറിയുടെ ഭരണം



നിയന്ത്രണത്തിലുള്ള ഈ പാവ ഗവൺമെന്റിനെതിരെയുള്ള പോരാട്ടമാണ് ഫിദലിലെ വിപ്ലവകാരനെ ഉരുവാക്കിയത്. ക്യൂബൻ വിമോചനപോരാളിയായിരുന്ന ഹോസെ മാർട്ടിയുടെയും ലാറ്റിനമേരിക്കൻ സ്വാതന്ത്ര്യപ്പോരാളികൾക്ക് എക്കാലവും ആവേശമായ സൈമൺബൊളിവറുടെയും ചരിത്രത്തിലും ക്യൂബൻ ജനതയുടെ ഇതിഹാസസമാനമായ പോരാട്ടങ്ങളിലും ആവേശം കൊണ്ട് ദേശീയവാദിയായാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും സർവകലാശാല വിദ്യാഭ്യാസകാലത്ത് അദ്ദേഹം മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്താഗതികളിൽ ആകൃഷ്ടനായി. ക്യൂബൻ വിപ്ലവത്തിന്റെ വിജയത്തിന് ശേഷമാണ് അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റായി മാറുന്നത്.

1953 ജൂലൈ 26ന് ഫിദലിന്റെ നേതൃത്വത്തിലുള്ള വിപ്ലവകാരികൾ മൊങ്കാദ സൈനിക ബാരക്ക് ആക്രമിച്ചു. ബാരക്ക് പിടിച്ചെടുക്കാനായെങ്കിലും കൂടുതൽ സൈന്യം എത്തി വിപ്ലവകാരികളെ കീഴ്പ്പെടുത്തി. ഈ കേസിന്റെ വിചാരണവേളയിൽ തനിക്കുവേണ്ടി സ്വയം വാദിച്ചുകൊണ്ട് ഫിദൽ നടത്തിയ നാലു മണിക്കൂർ നീണ്ട പ്രസംഗം പിന്നീട് ചരിത്രത്താളുകളിൽ ഇടംനേടി. സ്പാനിഷ് അധിനിവേശത്തിനെതിരെ ഹോസെമാർടിയുടെ നേതൃത്വത്തിൽ പടപൊരുതി സ്വാതന്ത്ര്യം നേടിയ ക്യൂബൻ വിപ്ലവകാരിയുടെ മണ്ണിൽ ആധിപത്യം സ്ഥാപിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെയും അതിന് കുടപിടിച്ചു കൊടുക്കുന്ന സൈനികഗവൺമെന്റിനെതിരെയും പിൽക്കാലത്ത് ജനലക്ഷങ്ങളെ പിടിച്ചിരുത്തിയ തന്റെ സ്വതസിദ്ധമായ പ്രസംഗശൈലിയിൽ ആഞ്ഞടിച്ച അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇപ്രകാരമാണ്:

"നിങ്ങൾക്കെന്നെ ശിക്ഷിക്കാം, പക്ഷെ ചരിത്രം എന്നെ കുറ്റക്കാരനല്ലെന്ന് വിധിക്കും." ഈ വിഖ്യാതമായ പ്രസംഗം ജയിൽവാസക്കാലത്ത് ഫിഡൽതന്നെ എഡിറ്റ് ചെയ്തത് പുസ്തകമാക്കി ഇറങ്ങുകയുണ്ടായി. (History will Absolve me).

മൊങ്കാദ ആക്രമണത്തിന്റെ പേരിൽ തടവിലാക്കപ്പെട്ടെങ്കിലും ശക്തമായ പ്രക്ഷോഭത്തിന്റെ പേരിൽ തടവിൽനിന്ന് വിട്ടയക്കപ്പെട്ടു. പിന്നീട് മെക്സിക്കോയിലേക്ക് കടന്ന ഫിദലും സംഘവും അവിടെ വെച്ച് ഒളിപ്പോർ മുറകൾ പരിശീലിച്ച് അടുത്ത പോരാട്ടത്തിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിനിടെ വിപ്ലവസംഘത്തിലെ ഡോക്ടറാവാൻ ഒരാൾ എത്തി. ആ അർജന്റീനക്കാരനായ യുവഡോക്ടറെ ഫിദലിന് പരിചയപ്പെടുത്തിയത് അനുജൻ റോൾ കാസ്ട്രോ ആയിരുന്നു. ലോകത്തെ മുഴുവൻ വിമോചനപ്പോരാട്ടങ്ങൾക്കും ആവേശമായി മാറിയ രക്തസാക്ഷികളിലെ രക്തനക്ഷത്രം അനശ്വര വിപ്ലവകാരി ഏണസ്റ്റോ ചെ ഗുവേരയായിരുന്നു ആ യുവ ഡോക്ടർ. വിപ്ലവസൈന്യത്തിലെ ഡോക്ടറായി തുടങ്ങി ക്യൂബയിലെ സൈനിക കമാന്റർ വരെയായി മാറി ചെ.

ചെയുടെയും ഫിദലിന്റെയും നേതൃത്വത്തിലുള്ള 82 പട്ടാളക്കാർ 'ഗ്രാന്മ' എന്ന ചെറുനൗകയിലേറി ക്യൂബയിലേക്ക് പോവുകയും ലോകം കണ്ട ഏറ്റവും മഹത്തായ വിപ്ലവപോരാട്ടങ്ങളിലൊന്നിൽ പോവുകയും ലോകം കണ്ട ഏറ്റവും മഹത്തായ വിപ്ലവപോരാട്ടങ്ങളിലൊന്നിൽ ലോകപോലീസായ അമേരിക്കയുടെ മൂക്കിൻ തുമ്പിൽ നിന്ന് അമേരിക്കൻ പാവ ഗവൺമെന്റിന്റെ ദുർഭരണത്തിൽ നിന്ന് ക്യൂബയെന്ന കൊച്ചുരാഷ്ട്രത്തെ മോചിപ്പിക്കുകയും ചെയ്തു.

കടലാസിലെഴുതി വെക്കുംപോലെ എളുപ്പമായിരുന്നില്ല ഫിദലിന്റെയും സഖാക്കളുടെയും പോരാട്ടം. 26 പേരെ കൊള്ളുന്ന കൊച്ചു നൗകയിൽ 82 പേരെ തിക്കിനിറച്ച് ക്യൂബൻ തീരത്തെത്തും മുമ്പ് തന്നെ ബാറ്റിസ്റ്റയുടെ കൂലിപ്പട്ടാളം വിപ്ലവസൈന്യത്തെ ആക്രമിക്കാൻ തുടങ്ങിയിരുന്നു. എങ്കിലും ആക്രമണങ്ങളിൽ പതറാതെ ആ വിപ്ലവകാരികളുടെ ചെറുസംഘം മുന്നോട്ട് നീങ്ങി. ഏത് പ്രതിസന്ധിയിലും അടങ്ങാത്ത ദേശസ്നേഹവും ധൈര്യവും ആയിരുന്നവർക്ക് മുതൽക്കൂട്ട്.

ലോകത്തെ കാൽക്കീഴിലാക്കിവെച്ച് ചൂഷണം ചെയ്യുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ അമേരിക്കയ്ക്ക് കിലോമീറ്ററുകൾ മാത്രമകലെയുള്ള ക്യൂബയിൽ എണ്ണത്തിലും ആയുധബലത്തിലും അവരോട് യാതൊരു തരത്തിലും സാമ്യപ്പെടുത്താനാകാത്ത ഒരു കൂട്ടം വിപ്ലവകാരികളെ വിജയത്തിലേക്ക് നയിച്ചത് തന്നെയാണ് എന്നെന്നും ഓർമ്മിക്കപ്പെടാനുള്ള കാരണം. ക്യൂബ എന്ന കൊച്ചുരാജ്യത്തെ അങ്കിൾ സാമിന്റെ തിട്ടൂരങ്ങൾക്കും ഭീഷണികൾക്കും ഉപരോധങ്ങൾക്കും വഴങ്ങാതെ ഇടതുപാതയിൽ വികസനത്തിലേക്ക് നയിച്ചതു തന്നെയാണ് ഫിദലിനെ മഹത്തായ നേതാവാക്കുന്നത്.

ഐസൻ ഹോവർ മുതൽ ജോർജ്ബുഷ് ജൂനിയർ വരെയുള്ള പത്ത് അമേരിക്കൻ പ്രസിഡണ്ടുമാരുടെ ഉപരോധവും ഭീഷണിയും വകവെക്കാതെയാണ് ഫിദൽ എന്ന കുനിയാത്ത ശിരസ്സും അടങ്ങാത്ത ആത്മാഭിമാനവും ഉള്ള കമ്മ്യൂണിസ്റ്റുകാരൻ ക്യൂബയെന്ന കൊച്ചുരാജ്യത്തെ ഇടതുപക്ഷത്തിലേക്ക് നയിച്ചത്. ലോകത്തിന്റെ പഞ്ചസാരഖനി എന്നറിയപ്പെടുന്ന ക്യൂബയിൽ നിന്ന് പഞ്ചസാര വാങ്ങാതെ വ്യവസായ ഉപരോധം ഏർപ്പെടുത്തി അവരെ സാമ്പത്തികമായി തകർക്കാമെന്നും അതുവഴി തങ്ങളുടെ ചൊൽപ്പടിക്ക് നിർത്താമെന്നും കരുതിയ അമേരിക്കൻ സാമ്രാജ്യത്വ കുബുദ്ധിയെ ക്യൂബയിലെ 100 കോടി ഡോളർ ആസ്തി വരുന്ന അമേരിക്കൻ സ്വത്തുവകകൾ കണ്ടുകെട്ടിയാണ് ഫിഡൽ എതിരിട്ടത്.



സാമ്രാജ്യത്വകാലഘട്ടത്തിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളെയും തങ്ങളുടെ കാൽക്കീഴിലാക്കി അവിടുത്തെ സമ്പത്ത് മുഴുവൻ ചൂഷണം ചെയ്യാമെന്ന അമേരിക്കൻ മോഹത്തെ മഹാനായ ഹോചിമിന്റെ നേതൃത്വത്തിൽ വിയറ്റ്നാമിലെ ജനത ഐതിഹാസികമായി എതിരിട്ട് തോൽപ്പിച്ചത് പോലെ ക്യൂബയെ തങ്ങളുടെ വരുതിയിലാക്കാമെന്ന മോഹത്തെ ഫിദലിന്റെ ശക്തമായ നേതൃത്വത്തിൽ ക്യൂബൻ ജനത ചെറുത്തു തോൽപ്പിക്കുക തന്നെ ചെയ്തു. അമേരിക്കയും സഖ്യരാഷ്ട്രങ്ങളും ഉയർത്തിയ സാമ്പത്തിക - നയതന്ത്ര ഉപരോധത്തിലും പതറാതെ നിൽക്കാൻ ക്യൂബയെ സഹായിച്ചത് സോവിയറ്റ് യൂണിയനും ചൈനയും ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുമായിരുന്നു.

ലോകത്തെ കാൽച്ചുവട്ടിലാക്കാമെന്ന തങ്ങളുടെ മോഹത്തെ നിഷ്പ്രയാസം തോൽപ്പിച്ച ഈ കരുത്തനായ കമ്മ്യൂണിസ്റ്റ്കാരനെ ചതിയിലൂടെ ഇല്ലാതാക്കാൻ അമേരിക്ക ശ്രമിച്ചത് 638 തവണയാണ്. ഐസൻ ഹോവറിന്റെ കാലത്തു തുടങ്ങിയ ഈ ശ്രമങ്ങൾ അദ്ദേഹത്തിന്റെ പിൻഗാമികളും തുടർന്നു പോന്നു. ഫിദലിന്റെ പ്രസിദ്ധമായ ചുരുട്ടുപ്രേമം മുതലാക്കി ചുരുട്ടുബോംബുകൾ നിർമ്മിച്ചായിരുന്നു തുടക്കം. പിന്നീട് ശംഖിന്റെ രൂപത്തിലും ബോംബുണ്ടാക്കി. വിഷം കൊടുത്തും ബോംബുവെച്ചും വാടകക്കൊലയാളികളെ വെച്ചും ഒക്കെത്തന്നെ ഫിദലിനെ ഇല്ലാതാക്കാൻ സാമ്രാജ്യത്വം ശ്രമിച്ചിരുന്നു.

എല്ലാത്തരത്തിലുള്ള ആക്രമണങ്ങളേയും എതിരിട്ടുകൊണ്ട് ക്യൂബൻ ജനത ഇന്നും ലോകത്തിനു മുന്നിൽ തലയുയർത്തിപ്പിടിച്ച് നിൽക്കുകയാണ്. എല്ലാവർക്കും സൗജന്യവിദ്യാഭ്യാസവും സൗജന്യ ആരോഗ്യപരിപാലനവും ഉറപ്പുവരുത്തിയിരിക്കുന്നു ഇന്ന് ക്യൂബയിൽ. സ്ത്രീ സമത്വത്തിന്റെ കാര്യത്തിൽ ലോകത്തിന് മാതൃകയാണ് ക്യൂബ. ലോകത്തിലെ ഏറ്റവും മികച്ച ഡോക്ടർമാരും ചികിത്സാസൗകര്യവും ഇന്ന് ക്യൂബയിലാണുള്ളത്. അതെ ക്യൂബ ഒരു പ്രതീകമാണ്. മുതലാളിത്തത്തിനു മുന്നിൽ തലകുനിക്കാത്ത ഇടതുപക്ഷത്തിന്റെ പ്രതീകം. ആ ക്യൂബയിൽ നിന്ന് കരുത്തുൾക്കൊണ്ടാണ് ലാറ്റിനമേരിക്കയിൽ സോഷ്യലിസ്റ്റ് വസന്തം ഉണ്ടായത്. വെനസ്വേലയും ബൊളീവിയക്കും, ബ്രസീലും, അർജന്റീനയും നിക്കാരാഗ്വയും പരാഗ്വേയുമൊക്കെ ചുവന്നത് ഫിദൽ പകർന്നു നൽകിയ ഊർജ്ജമുൾക്കൊണ്ടാണ്. അമേരിക്കൻ സാമ്രാജ്യത്വത്തെ അവരുടെ മൂക്കിൻതുമ്പിൽ നിന്ന് കൊണ്ട് വെല്ലുവിളിക്കാൻ ഈ രാജ്യങ്ങളെ പ്രാപ്തരാക്കിയതിനു പിന്നിൽ ഫിദലിന്റെ പ്രവൃത്തികളാണ്.

ഒടുവിൽ ലോകം മുഴുവൻ കീഴടക്കിയ അങ്കിൾ സാമെന്ന ഭീമൻ ക്യൂബയെന്ന കൊച്ചു മുതലയ്ക്ക് മുന്നിൽ തലകുനിച്ചു. ഫിദൽ പ്രവചിച്ചതുപോലെതന്നെ ലോകത്തിൽ ഒരു ലാറ്റിനമേരിക്കൻ മാർപ്പാപ്പയും അമേരിക്കയിൽ ഒരു കറുത്ത വർഗ്ഗക്കാരൻ പ്രസിഡണ്ടും ഉണ്ടായപ്പോൾ അമേരിക്ക ക്യൂബയ്ക്ക് മുന്നിൽ മുട്ടുകുത്തി. ഉപരോധങ്ങൾ പിൻവലിക്കാമെന്ന് സമ്മതിച്ചു. പ്രായം തളർത്താത്ത പോരാളിയുടെ നിശ്ചയദാർഢ്യം ഏറ്റവും വലിയ ശത്രുവിനെപ്പോലും അവനുമുന്നിൽ മുട്ടുകുത്തിച്ചു.

ഫിദൽ എന്നത് കേവലമൊരു വ്യക്തി മാത്രമല്ല. ലോകമെമ്പാടുമുള്ള പൊരുതുന്ന ചൂഷിതവർഗ്ഗത്തിന്റെ ആവേശമാണ്, പ്രതീക്ഷയാണ്. അസ്തമയമില്ലാത്ത രക്തനക്ഷത്രമാണ് ഫിദൽ. ലോകത്തിന്റെ ഏത് കോണിലും ചൂഷകനും നേരെ അടിച്ചമർത്തപ്പെടുന്നവൻ ശബ്ദമുയർത്തുമ്പോൾ, ചെങ്കൊടി കയ്യിലേന്തുമ്പോൾ, പ്രതികരിക്കുമ്പോൾ അവിടെ ഫിദലിന്റേയും ചെഗ്വേരയുടെയും അവരുടെ സഖാക്കളുടെയും നാമം സ്മരിക്കപ്പെടും. ഇടതുബദൽ സാധ്യമാണ് എന്ന് ലോകത്തിന് തെളിയിച്ചു കൊടുക്കുകമാത്രമല്ല സോഷ്യലിസമാണ്, കമ്മ്യൂണിസമാണ് ശരി എന്ന് തന്റെ ജനതയുടെ ജീവിതത്തിലൂടെ ലോകത്തിന് ബോധ്യപ്പെടുത്തി കൊടുക്കുകയും ചെയ്തു ഫിദൽ. അതുകൊണ്ട് തന്നെയാണ് ഫിദൽ ജീവിച്ചിരിക്കുമ്പോൾ നാവുയർത്താൻ മടിച്ചിരുന്ന ഡൊണാൾഡ് ട്രംപിനെപ്പോലെയുള്ള രാഷ്ട്രീയ കോമാളികൾ അദ്ദേഹത്തിന്റെ മരണശേഷം ഫിദലിനെ ഏകാധിപതി എന്ന് വിശേഷിപ്പിച്ചപ്പോൾ ലോകമാകെ അതിനെതിരെ പ്രതിഷേധിച്ചത്.

അതെ, ഫിദൽ ഒരു വികാരം കൂടിയാണ് ലോകത്തിൽ ഒരുപാടൊരുപാട് 'ക്യൂബ മുകുന്ദൻ'മാരെ സൃഷ്ടിക്കുന്ന വികാരം. നമ്മളുക്കുന്ന സമത്വസുന്ദരമായ നവലോകം നിർമ്മിക്കാൻ ഹൃദയപക്ഷ മാർഗ്ഗത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന് തെളിയിച്ചവൻ, എന്നെന്നും വിജയത്തിലേക്ക് തിരിച്ചവൻ.

# ഇന്റർസോൺ റിപ്പോർട്ട്








Murshid
Ist Economics



**ആറ് ജില്ലകളിലെ കലാലയങ്ങളെ ക്കൂടാതെ ലക്ഷ്യദ്വീപിലെ മത്സ രാർത്ഥികളെയും കൂടി ഉൾക്കൊ ള്ളിക്കാൻ കഴിഞ്ഞത് യൂണിവേ ഴ്സിറ്റി യൂണിയന് നേട്ടമായി. മാനാഞ്ചിറ, മിഠായിത്തെരുവ്, വലി യങ്ങാടി, കാപ്പാട്, ബേപ്പൂർ എന്നീ അഞ്ച് വേദികളിലായി, അഞ്ച് ദിന ങ്ങളായി സ്റ്റേജ് സ്റ്റേജിതര മത്സര ങ്ങൾ നടന്നപ്പോൾ തിരുത്തപ്പെട്ടത് ചരിത്രമായിരുന്നു.**

ഇന്റർസോൺ കലോത്സവം... പഠനത്തിനുമപ്പുറം കോളേജ് വിദ്യാർത്ഥികൾക്ക് തങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള രംഗവേദി. രചനാ വൈവിധ്യങ്ങളും ഭാവനയുടെ അലൗകിക തലങ്ങളും നൃത്തനാട്യ വിസ്മയങ്ങളും സമന്വയിക്കുന്ന കലാവേദി. കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയനു കീഴിലെ ഈ വർഷത്തെ ഇന്റർസോൺ കലോത്സവം 'ഹല്ലാ ബോൾ' കോഴിക്കോടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മലബാർ ക്രിസ്ത്യൻ കോളേജിലും ഐ.എച്ച്.ആർ.ഡി.യിലുമായി നടന്നു. 2017 ഏപ്രിൽ 8 മുതൽ 12 വരെ നീണ്ടുനിന്ന കലോത്സവത്തിൽ യൂണിവേഴ്സിറ്റിക്കുകീഴിലെ വിവിധ കലാലയങ്ങളിൽ നിന്നായി ആയിരത്തോളം പ്രതിഭകളാണ് മാറ്റുരച്ചത്. സംഘടനാ മികവ് കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ട കലോത്സവം ഏവരുടെയും പ്രശംസപിടിച്ചുപറ്റുകയും ചെയ്തു. ഈ വർഷത്തെ കലോത്സവം കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയന്റെ ഉജ്ജ്വല വിജയം തന്നെയായിരുന്നു.

മാനാഞ്ചിറ, മിഠായിത്തെരുവ്, വലിയങ്ങാടി, കാപ്പാട്, ബേപ്പൂര് എന്നീ അഞ്ച് വേദികളിലായി, അഞ്ച് ദിനങ്ങളായി സ്റ്റേജ് സ്റ്റേജിതര മത്സരങ്ങൾ നടന്നപ്പോൾ തിരുത്തപ്പെട്ടത് ചരിത്രമായിരുന്നു. 'ശബ്ദമുയർത്താം, സർഗാത്മക കലാലയങ്ങൾക്കായി' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സഫ്ദർ ഹാഷ്മിയുടെ നാടകത്തിന്റെ നാമധേയത്തിൽ രണ്ട് ദിനങ്ങളിലായി സ്റ്റേജിതര മത്സരങ്ങളും മൂന്ന് ദിനങ്ങളിലായി സ്റ്റേജ് മത്സരങ്ങളും നടന്നു. കോഴിക്കോട് നഗരത്തിലെ പ്രധാന സ്ഥലങ്ങളുടെ പേര് വേദികൾക്ക് നൽകപ്പെട്ടത്, ആതിഥേയത്വത്തിന്റെ ഉദാത്തമാതൃകയായ കോഴിക്കോടൻ മണ്ണിൽ വിരുന്നെത്തിയവർക്കും കൗതുകമായി.



കൊടികളും തോരണങ്ങളും കമനീയമായ ബോർഡുകളുമാണ് പ്രവേശന കവാടത്തിൽ മത്സരാർത്ഥികളെ വരവേൽക്കുന്നത്. ക്യാമ്പസിലേക്ക് പ്രവേശിച്ചാൽ എങ്ങും സംഘാടകരുടെ പുഞ്ചിരിക്കുന്ന മുഖങ്ങൾ, സേവന സന്നദ്ധരായി ഓടി നടക്കുന്ന വോളണ്ടിയർമാർ, വേദികളിൽ നിന്നുയരുന്ന അനൗൺസ്മെന്റുകൾ. എല്ലാം മറ്റുള്ള കലോത്സവങ്ങളിൽ നിന്ന് വേറിട്ട കാഴ്ചകളായിരുന്നു. ഒപ്പനയുടെ മൈലാഞ്ചിച്ചുവപ്പിൽ, തിരുവാതിരയുടെ വർണ്ണപ്പൊലിമയിൽ, കോൽക്കളിയുടെ താളക്രമത്തിൽ, മാർഗ്ഗം കളിയുടെ ഐക്യബലത്തിൽ, നാടകത്തിന്റെ അഭിനയപാടവത്തിൽ പൂത്തുലയുന്ന വേദികൾ. മാറിവരുന്ന മഴയും വെയിലും വകവെയ്ക്കാതെ ആവേശഭരിതരായ കാണികളുടെ കൈയടിയുടെ അലയൊലി. കലയെയും കലാകാരന്മാരെയും ഹൃദയത്തിലേറ്റിയ കോഴിക്കോടിന്റെ മണ്ണിൽ വിരുന്നെത്തിയ ഈ കലോത്സവത്തിനും പ്രത്യേകതകളേറെയായിരുന്നു. എന്തും ചെയ്യാൻ സന്നദ്ധരായി, മത്സരാർത്ഥികൾക്ക് വേണ്ട എല്ലാ സഹായസഹകരണങ്ങളുമായി കലോത്സവ നഗരിയുടെ മുഖമുദ്രകളായത് സംഘാടകരും വോളണ്ടിയർമാരും തന്നെയായിരുന്നു.

വിഭവസമൃദ്ധമായ ഭക്ഷണം, നിലവാരമൊത്ത വിധി നിർണ്ണയം ഊണും ഉറക്കവുമൊഴിഞ്ഞ് സഹായഹസ്തങ്ങളുമായി സംഘാടകർ, കലോത്സവമണ്ണ് സ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃകാഭൂമിയാവുകയായിരുന്നു. മൂന്ന് വർഷത്തിനു ശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ വൻ ഭൂരിപക്ഷത്തിൽ പിടിച്ചെടുത്ത എസ്.എഫ്.ഐ. ചെഗ്വേരയുടെ ചുവന്ന കൊടിയെ സാക്ഷിയാക്കി ചരിത്രത്തിന്റെ താളുകളിൽ ചുവന്ന അക്ഷരങ്ങൾ എഴുതിച്ചേർക്കുകയായിരുന്നു.

ആറ് ജില്ലകളിലെ കലാലയങ്ങളെക്കൂടാതെ ലക്ഷ്യദ്വീപിലെ മത്സരാർത്ഥികളെയും കൂടി ഉൾക്കൊള്ളിക്കാൻ കഴിഞ്ഞത് യൂണിവേഴ്സിറ്റി യൂണിയന് നേട്ടമായി. പുറമെ നടന്ന സംഘർഷങ്ങളൊന്നും കലോത്സവത്തിന്റെ സംഘാടനമികവിനെ ഒരു തരത്തിലും ബാധിച്ചില്ല. അഞ്ച് ദിനങ്ങൾ കഴിഞ്ഞ് കലോത്സവനഗരിയിൽ നിന്നിറങ്ങുമ്പോൾ, വരാനിരിക്കുന്ന കലോത്സവങ്ങളും ഇതേ മികവിലായിരിക്കണമെന്ന പ്രത്യാശ ഓരോ വിദ്യാർത്ഥിയുടെ കണ്ണുകളിലും കാണാമായിരുന്നു.

# കോളേജ് യൂണിയൻ റിപ്പോർട്ട്

മലയാളത്തിന്റെ മഹാകവി കുമാരനാശാന്റെ കവിത ഈ അവസരത്തിൽ ഓർമ്മിക്കുന്നു.

"സ്വാതന്ത്ര്യം തന്നെ അമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം"

ലോകത്ത് ചൂഷിത വർഗ്ഗത്തിന്റെ അവകാശപോരാട്ടങ്ങളുടെ മാനിഫെസ്റ്റോ ആയ വിപ്ലവ ആചാര്യൻ കാൾ മാർക്സിന്റെ 124-ാം ഓർമ്മദിനമായ ഇന്ന് മാർച്ച് - 14, അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ട് തുടങ്ങുന്നു.

1498-ൽ കോഴിക്കോടിനടുത്ത് കടൽത്തീരത്ത് പോർച്ചുഗീസ് നാവികൻ വാസ്കോഡ ഗാമ കപ്പലിറങ്ങിയതോടെയാണ് കേരളത്തിൽ അധിനിവേശത്തിന്റെ കാലടികൾ ആദ്യമായ് പതിഞ്ഞത്. ഈ നഗരഭൂമിയുടെ ഹൃദയഭൂമിയിൽ നൂറ്റാണ്ടിന്റെ പൈതൃകം ഉണർന്നും ഉറങ്ങിയും കിടക്കുന്ന മലബാർ ക്രിസ്ത്യൻ കോളേജിന്റെ ക്യാമ്പസിനകത്തും അധികാരത്തിന്റെയും അധിനിവേശത്തിന്റെയും കൈകൾ ഒരുപോലെ പിടിമുറുക്കിയ സവിശേഷ സാഹചര്യത്തിലാണ് നമ്മൾ യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

അക്കാദമിക് ഇന്ത്യയുടെ തലച്ചോറെന്ന് വിശേഷിപ്പിക്കുന്ന ഡൽഹിയിലെ ജെ.എൻ.യു. യൂണിവേഴ്സിറ്റി വിദ്യാർത്ഥി മുന്നേറ്റങ്ങളെ ഭരണകൂടം അടിച്ചമർത്തുകയും വിദ്യാർത്ഥികളെ രാജ്യദ്രോഹകുറ്റം ചുമത്തി ജയിയിലടയ്ക്കുകയും ചെയ്ത വർഗ്ഗീയ ഫാസിസ്റ്റുകൾ എഴുത്തിന് കഴുത്ത് പകരം പ്രഖ്യാപിക്കുകയും ഇതിനെതിരെ ഇന്ത്യയിലാകമാനം ഇടതുപക്ഷവും ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനവും അതിശക്തമായ പ്രതിഷേധവും പ്രക്ഷോഭവും തീർക്കുകയും ചെയ്ത അനുകൂല കാലഘട്ടത്തിലാണ് മലബാറിന്റെ ഹൃദയഭൂമിയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ കോളേജിലും ഒക്ടോബർ 21-ന് ഇലക്ഷൻ നടക്കുന്നതും ചരിത്രത്തിലാദ്യമായി എതിരില്ലാതെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനം ഭരണസാരഥ്യത്തിലേക്ക് എത്തുകയും ചെയ്തത്.

കഴിഞ്ഞ തവണ നഷ്ടമായത് ഹിസ്റ്ററി അസോസിയേഷൻ തിരിച്ചു പിടിച്ച് വിദ്യാർത്ഥി യൂണിയൻ തങ്ങളുടെ ശക്തമായ സാന്നിദ്ധ്യം അറിയിച്ചു. ജാതിക്കും മതത്തിനും വർണ്ണത്തിനുമപ്പുറം ഇടതുബോധത്തിന്റെ ഹൃദയപക്ഷത്തെ ഇടനെഞ്ചിലേറ്റിയ മലബാർ ക്രിസ്ത്യൻ കോളേജിന്റെ പ്രബുദ്ധ വിദ്യാർത്ഥി സാക്ഷ്യങ്ങൾക്ക് ഒരിക്കൽ കൂടി കോളേജ് യൂണിയന്റെ അഭിവാദ്യങ്ങൾ.

## ഈ വർഷത്തെ യൂണിയൻ ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | : | അശ്വിൻ ആർ.എം |
| വൈസ് ചെയർമാൻ | : | അരുണിമ. എസ് |
| സെക്രട്ടറി | : | അരുൺ ശങ്കർ |
| ജോയിന്റ് സെക്രട്ടറി | : | ജയസ്നേഹ.ആർ |
| ജനറൽ ക്യാപ്റ്റൻ | : | മിർഷാദ്.കെ |
| ഫൈൻ ആർട്സ് | : | രാഹുൽ. എം.ആർ |
| എഡിറ്റർ | : | നിഹാൽ.വി.പി |
| യു.യു.സി. | : | അജയ്ലാൽ.എം |
| | | ഹർവിന ഫൈസൽ |

## ഈ വർഷത്തെ അസോസിയേഷൻ ഭാരവാഹികൾ

| | | |
|---|---|---|
| മലയാളം | : | അഭിൻ ഭാസ് |
| ഫിസിക്സ് | : | സിനു ജെസിൻ |
| എക്കണോമിക്സ് | : | വിഘ്നേഷ് |
| സുവോളജി | : | അക്ഷയ് വി.ടി |
| കെമിസ്ട്രി | : | ഷാമിൽ |
| മാത്സ് | : | അർഷിൻ |
| ഹിസ്റ്ററി | : | ഹിസ്റത്ത് ലുലു |
| ഇംഗ്ലീഷ് | : | അഞ്ജലി ബാബു |
| ബി.കോം | : | ഗായത്രി |
| എം.സി.ജെ. | : | ഷഫീഖ് |

## ഈ വർഷത്തെ ഇയർ - റെപ്പ്

| | | |
|---|---|---|
| Ist ഇയർ | : | കാർത്തിക്. പി |
| IInd ഇയർ | : | ഷാലു. പി |
| IIIrd ഇയർ | : | ആദർശ് സണ്ണി |
| പി.ജി | : | അരുൺ നാഥ് |

ഒക്ടോബർ - 25ന് പ്രിൻസിപ്പൽ ഗോഡ്വിൻ സാമ്രാജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കോളേജ് യൂണിയൻ പ്രഥമയോഗത്തിൽ ഡോ. ശ്രീജിത്ത് എം. നായർ സാറിനെ സ്റ്റാഫ് അഡ്വൈസറായും കൾച്ചറൽ ഓഫീസറായി മലയാളം വിഭാഗം അദ്ധ്യാപകൻ ഡോ. ശ്രീജിത്ത് സാറിനേയും ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക അനുരാധ മിസ്സിനെയും സ്റ്റാഫ് എഡിറ്ററായി മലയാളം വിഭാഗം അദ്ധ്യാപിക മീര മിസ്സിനെയും തെരഞ്ഞെടുത്തു. ഒപ്പം തന്നെ മലബാർ ക്രിസ്ത്യൻ കോളേജിന്റെ സമരമുഖങ്ങളിലെ ശ്രദ്ധേയസാന്നിദ്ധ്യമായ അജയ് എസ്. ആർ, സർജാദ്, സനിത്ത് എന്നിവരെ കോളേജ് യൂണയൻ എക്സിക്യൂട്ടീവ് അംഗങ്ങളായി തെരഞ്ഞെടുത്തു. 2016 ഡിസംബർ 13-ാം തിയ്യതി കോളേജ് യൂണിയൻ ഉദ്ഘാടനം ദേശീയ ചലച്ചിത്ര അവാർഡ് ജേതാവും മിമിക്രി കലാകാരനുമായ മുസ്തഫ ഭരത് നിർവ്വഹിക്കുകയും പ്രിൻസിപ്പൽ ശ്രീ. ഗോഡ്വിൻ സാമ്രാജ് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്ന് മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി, വിവധങ്ങളായ സംഗീത കലാപരിപാടികൾ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. യൂണിയന്റെ ആദ്യത്തെ ഔദ്യോഗിക പരിപാടിയെന്ന നിലയിൽ അവ മികച്ചതായി രണ്ടുഘട്ടങ്ങളായി നടന്ന കോളേജ് യൂണിയൻ ഫൈൻ ആർട്സ് പൊടിപൂരം - 2K17 വിദ്യാർത്ഥികളുടെ മികച്ച പങ്കാളിത്തം കൊണ്ടും മികവുറ്റതായി 2017 ജനുവരി 20,23,25,27 എന്നീ തിയ്യതികളിൽ നടന്ന ഓഫ് സ്റ്റേജ് മത്സരങ്ങൾ മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗവും സിനിമാ നടനും ആയ ശ്രീശാന്ത് ഉദ്ഘാടനം ചെയ്തു.

മാർച്ച് 13-ാം തിയ്യതി വിവിധങ്ങളായ കലാപരിപാടികളോടു കൂടി ഫൈൻ ആർട്സ് ഫെസ്റ്റ് പൊടിപൂരം - 2K17 ഓൺസ്റ്റേജ് മത്സരങ്ങൾ പുതുമുഖ സിനിമാതാരം ആന്റണി വർഗീസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കഴിഞ്ഞ വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി അസോസിയേഷനുകൾ നാല് ഗ്രൂപ്പുകളായി തിരിച്ച് ആവേശോജ്വലമായ മത്സരക്രമത്തോടുകൂടിയാണ് ഈ വർഷത്തെ ആർട്സ് ഫെസ്റ്റ് സംഘടിപ്പിച്ചത്.

2017 ഫെബ്രുവരി 10,13 തിയ്യതികളിലായി നടന്ന സിൽമാ ടാക്കീസ് ഫിലിം ഫെസ്റ്റിവൽ മികച്ച വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടും കലാമൂല്യമുള്ള സിനിമകൾ കൊണ്ടും വ്യത്യസ്താനുഭവമായി. ഫിലിം ഫെസ്റ്റിൽ നിന്നും ലഭിച്ച തുക കോളേജ് പാലിയേറ്റീവ് കെയർ യൂണിറ്റിന് നൽകി ജീവകാരുണ്യ പ്രവർത്തനങ്ങളിലും സാന്നിദ്ധ്യമറിയിച്ചു. 2017 ഫെബ്രുവരി 16ന് ദേശാഭിമാനി എം.ടി. ഫെസ്റ്റിന്റെ ഭാഗമായി ജേർണലിസം ക്ലബുമായി ചേർന്ന് എം.ടിയുടെ തിരക്കഥകളുടെ പ്രദർശനം

സംഘടിപ്പിച്ചു. ഒപ്പം സുഭാഷ് ചന്ദ്രന്റെ പുസ്തകങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു.

ഡിസംബർ 22-ാം തിയ്യതി ബി.കോം അസോസിയേഷനും കോളേജ് യൂണിയനും സംയുക്തകതമായി ആദ്യമായി അവതരിപ്പിച്ച Ozora-MCC Magna 2016 മാനേജ്മെന്റ് ഫെസ്റ്റ് മികച്ച സംഘാടനത്തിലൂടെയും മറ്റു കോളേജുകളുടെയും പങ്കാളിത്തം കൊണ്ടു മികച്ചതായി.

കായികം

വരും വർഷങ്ങളിൽ പോലും മാതൃകയാവാൻ പാകത്തിലുള്ള പ്രവർത്തനങ്ങളാണ് ജനറൽ ക്യാപ്റ്റന്റെ നേതൃത്വത്തിൽ ഈ വർഷം നടന്നത്. മലബാർ ക്രിസ്ത്യൻ കോളേജിന്റെ കായിക ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത സംഘാടനമികവോടുകൂടിയാണ് ജനുവരി 5,6 തിയ്യതികളിൽ നടന്ന ബാഡ്മിന്റൺ ലീഗ് ആരംഭിച്ചത്. ആദ്യമായി കോളേജ് സംഘടിപ്പിച്ച വോളിബോൾ ലീഗ് കായിക വിദ്യാർത്ഥികൾക്ക് വ്യത്യസ്ത അനുഭവമായി. ഫെബ്രുവരി 16,17 തിയ്യതികളിലായി ക്രിക്കറ്റ് ലീഗും കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച ലീഗ് മത്സരമായ ഫുട്ബോൾ ലീഗ് ഇത്തവണയും എം.സി.സി. സൂപ്പർ ലീഗായി തന്നെ നടത്താനും യൂണിയന് സാധിച്ചു.

വൈകി നടന്ന ഇലക്ഷനാലും സെമസ്റ്റർ സമ്പ്രദായത്തിന്റെ പരിധികൾ നിശ്ചയിച്ച പരിമിതിക്കുള്ളിലും കുറഞ്ഞ കാലയളവിൽ വിദ്യാർത്ഥികളുടെ ബഹുസ്വരതയെ മാനിച്ചുകൊണ്ടും മികച്ച പ്രവർത്തനങ്ങൾ നടത്താൻ യൂണിയന് സാധിച്ചു. യൂണിയൻ പ്രവർത്തനങ്ങൾക്ക് കൂടെ നിന്ന പ്രിൻസിപ്പൽ, സ്റ്റാഫ് അഡ്വൈസർ, കൾച്ചറൽ ഓഫീസർ, സ്റ്റാഫ് എഡിറ്റർ, പ്രിയ വിദ്യാർത്ഥി സുഹൃത്തുക്കൾ തണലായ സഖാക്കൾ ഏവർക്കും വിദ്യാർത്ഥി യൂണിയൻ ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. അധികാരം സ്വാതന്ത്ര്യത്തിന് സമയപരിധി നിശ്ചയിക്കുകയും വ്യക്തിത്വത്തിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കപ്പെടുകയും ഒത്തുപോകാത്തവർക്ക് നൂറാവർത്തി പകർത്തി എഴുത്തുകൾ മുറയാക്കുകയും അധികാരത്തിന്റെ ഭയക്കണ്ണുകൾ ക്യാമറകളായി തലയ്ക്കുമുകളിൽ തലകീഴായി തൂങ്ങിക്കിടക്കുകയും ചെയ്യുന്ന ക്യാമ്പസിൽ അടിച്ചമർത്തപ്പെട്ടവന്റെ അവസാന സ്വരമായി, പുറത്താക്കപ്പെട്ടവരുടെ ഉണർത്തു പാട്ടായി തൊണ്ടയിലെ അവസാനത്തെ ജലതന്മാത്രയും പ്രതിഷേധത്തിന്റെ കത്തുന്ന എതിർ സ്വരങ്ങളായി പരിവർത്തിപ്പിക്കുന്ന പോരാട്ടത്തിന്റെ അലയൊലികൾ ഇവിടെ ആയിരമായിരം ആവർത്തി ഉച്ചത്തിൽ ഉച്ചത്തിൽ ഉയരത്തിൽ ഉയരത്തിൽ ഉയരേണ്ടതുണ്ട്, എന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് മുഴുവൻ ആളുകളെയും കോളേജ് യൂണിയന് വേണ്ടി അവസാനമായി ഇടനെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട് അഭിവാദ്യം ചെയ്യുന്നു.

സഖാക്കളേ............. അഭിവാദ്യങ്ങൾ.............

# 'എൻ.എസ്.എസ്. റിപ്പോർട്ട്

'സാമൂഹ്യ സേവനത്തിലൂടെ വ്യക്തിത്വ വികസനം' എന്ന പരമമായ ലക്ഷ്യം മുന്നിൽക്കണ്ടു കൊണ്ട്, വിദ്യാർത്ഥികളെ പഠനത്തോടൊപ്പം രാഷ്ട്ര നിർമ്മാണത്തിലും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ 1969 ൽ രൂപീകൃതമായ എൻ.എസ്.എസ് ഇന്ന് ഓരോ കലാലയത്തിന്റെയും സ്പന്ദനമാണ്. നാളെയുടെ വാഗ്ദാനങ്ങളെ ഇന്നിന്റെ ഉലയിൽ വാർത്തെടുത്ത്, സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി സേവനസന്നദ്ധരായ, പൂർണ്ണ മനുഷ്യരാക്കിത്തീർക്കുക എന്ന ദൗത്യത്തിന്റെ ആദ്യപടി യാണ് എൻ.എസ്.എസ്. നിർവ്വഹിക്കുന്നത്. മനുഷ്യത്വം മരവിച്ച ഇന്ന്, സ്നേഹത്തിന്റെ കെടാവിളക്കുമായി സമൂഹത്തിൽ പ്രകാശം പരത്താൻ നിയോഗിക്കപ്പെട്ടവരാണ് ഓരോ എൻഎസ്എസ് വളണ്ടിയറും.

മലബാർ ക്രിസ്ത്യൻ കോളേജിലെ എൻ.എസ്.യൂണിറ്റ് വൈവിധ്യങ്ങളാർന്ന പരിപാടികളാണ് വർഷങ്ങളോളമായി കാഴ്ച വെയ്ക്കുന്നത്. കോളേജിലും പുറത്തുമായി സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിൽ ഇവിടുത്തെ എൻ.എസ്.എസ്. എന്നും മുന്നിട്ടു നിൽക്കുന്നു. മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങളെ മാനിച്ച് ജില്ലാ തലത്തിൽ മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. സേവന തത്പരരായ പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ എൻ.എസ്.എസ് സേവന പാതയിലൂടെയുള്ള അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

വിവിധ ദിനാചാരണങ്ങൾ, കൃഷി, ക്യാമ്പസ് നവീകരണം, ക്യാമ്പുകൾ, തുടങ്ങി അകത്തും പുറത്തുമായി നിരവധി പ്രവർത്തനങ്ങളാണ് എൻ.എസ്.എസ്. ഈ വർഷം നടത്തിയത്. 06-06-2016 ന് കോളേജ് ചാപ്പൽ പരിസരത്തും മറ്റുമായി അൻപത് ആര്യവേപ്പിൻ തൈകൾ നട്ടുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതി. 14-06-16 ലോക രക്തദാന ദിനം ആചരിച്ചു. ജില്ലാ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി സഹകരിച്ച് ഒരു രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഈ കോളേജിൽ നിന്നു തന്നെ അൻപതോളം വളണ്ടിയർമാർ രക്തദാനം നടത്തി. 06-08-16 ഹിരോഷിമ ദിനത്തിൽ വിദ്യാർത്ഥി അവബോധത്തിന്റെ ഭാഗമായി ഒരു എക്സിബിഷൻ നടത്തി. 15-08-16 സ്വാതന്ത്ര്യദിനം 'ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ്' എന്ന പേരിൽ കോളേജ് പരിസരം വൃത്തിയാക്കിക്കൊണ്ട് ആഘോഷിച്ചു. ആഗസ്റ്റ് 25 മുതൽ സെപ്തംബർ 8 വരെ നീണ്ടു നിൽക്കുന്ന ദേശീയ നേത്രദാന പക്ഷാചരണത്തിന് KBA യുമായി സഹകരിച്ചു കൊണ്ട് 25-08-2016 ന് ക്രിസ്ത്യൻ കോളേജിൽ തുടക്കം കുറിച്ചു. വിദ്യാർത്ഥികളെ അണിനിരത്തിക്കൊണ്ടുള്ള റാലി കൂടാതെ, 5000 പേർ ഒപ്പിട്ട നേത്രദാന സമ്മതപത്രവും കൈമാറി. സെപ്തംബർ 6 ന് കോഴിക്കോട് ട്രാഫിക് സി.ഐ ശ്രീജിത്തിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായ് റോഡ് സുരക്ഷയെക്കുറിച്ച് ട്രാഫിക് ബോധവത്കരണ ക്ലാസ് നടത്തി. സെപ്തംബർ 9ന് ഭിന്നശേഷിക്കാരുടെ

**PROGRAMME OFFICERS**



Dr. Biju Joseph
Dept.ofMalayalam



Mrs. Shyama M.P
Dept.of Maths



പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന പോസ്റ്റർ പ്രദർശനം സംഘടിപ്പിച്ചത് ഏവർക്കും വേറിട്ട അനുഭവമായി. വർഷങ്ങളായി സംസ്ഥാന സാക്ഷരതാ മിഷനുമായി സഹകരിച്ചു കൊണ്ട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം ഭേദമായവർക്ക് എൻ.എസ്. എസ്. വളണ്ടിയർമാർ ക്ലാസ്സെടുത്തു കൊടുക്കുന്നു. ആഗസ്റ്റ് 8ന് വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് അഴിമതി രഹിത കേരളം എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ആഗസ്റ്റ് 20ന് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിലെ റിഹാബിലിറ്റേഷൻ സെന്റർ എൻ.എസ്.എസ് വലണ്ടിയർമാർ പെയിന്റ് ചെയ്തു വൃത്തിയാക്കി ഒക്ടോബർ 28 മുതൽ 30 വരെ കോളേജിൽ വെച്ച് ത്രിദിന ക്യാമ്പ് നടത്തി. ജനുവരി 26 റിപ്പബ്ലിക് ദിനത്തിന്റെ ഭാഗമായി ക്വിസ്സ് മത്സരം നടത്തി. എൻ.എസ്.എസ്. വളണ്ടിയർമാർ ഇരുവഴിഞ്ഞിപ്പുഴയിൽ നിർമ്മിച്ച തടയണയുടെ പ്രസന്റേഷന് CWRM ന്റെ രണ്ടാം സ്ഥാനം ഈ യൂണിറ്റ് കരസ്ഥമാക്കി. ഇതിനൊക്കെ പുറമെ സംവാദം, ജോബ് ഫെസ്റ്റുകൾ, മെഡിക്കൽ ക്യാമ്പ് തുടങ്ങി സാമൂഹ്യ പ്രതിബദ്ധതയുള്ള വിവിധങ്ങളായ പരിപാടികളുമായി എൻ.എസ്.എസ് ഈ കലാലയത്തിന്റെ ഹൃദയസ്പന്ദനമായി, തരിശു ഭൂമിയിൽ സ്നേഹത്തിന്റെയും സഹനത്തിന്റെയും പൊന്ന് വിളയിക്കുന്നു.

2016 ഡിസംബർ 22 മുതൽ 28 വരെ തിരുവമ്പാടി സേക്രട്ട് ഹാർട്ട്സ് ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് അറുപതോളം വോളണ്ടിയർമാരെ പങ്കെടുപ്പിച്ചു കൊണ്ട് സപ്തദിന സഹവാസക്യാമ്പ് നടത്തി. സ്കൂൾ പരിസര നവീകരണം, വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ, നേത്യപരിശോധന ക്യാമ്പ്, തടയണ നിർമ്മാണം തുടങ്ങി വൈവിധ്യമാർന്ന പരിപാടികളോടെയുള്ള എൻ.എസ്.എസ് ക്യാമ്പ് വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി. ഇരുവഴിഞ്ഞിപ്പുഴയുടെ രണ്ട് ഭാഗങ്ങളിലായി വോളണ്ടിർമാർ നിർമ്മിച്ച തടയണ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. സ്നേഹത്തിന്റെയും സഹവർത്തിത്തത്തിന്റെയും പങ്കുവെക്കലിന്റെയും ഏഴു ദിനങ്ങൾ. ഒരു പാത്രത്തിലേക്ക് നീളുന്ന ഒരുപാട് കൈകളും, ഒരു വിരിപ്പിലെ കെട്ടിപ്പിടിച്ചുള്ള ഉറക്കവും, 'ഞാനെ'ന്നോ 'നീ'യെന്നോ ഇല്ലാതെ 'നമ്മളെ'ന്ന ഒരൊറ്റ വികാരവും മധുരിക്കുന്ന ഓർമ്മകൾ മാത്രമാക്കി പടിയിറങ്ങുമ്പോൾ എന്തുകൊണ്ടോ നനവാർന്ന കണ്ണുകളും വിതുമ്പുന്ന ചുണ്ടുകളും മറയ്ക്കാൻ പാടു പെടുകയായിരുന്നു ഓരോ വോളണ്ടിയറും.







# MALABAR CHRISTIAN COLLEGE, CALICUT
## COLLEGE REPORT 2016-2017

### CONDOLENCES

The college report begins in honour of memory of the staff, who died this year. I offer my deep condolence to late Prof.Balakrishnan Nair, former faculty in the department of mathematics, Late Prof.edward augustus, former faculty in the department of Physics, late Prof.Premnanth M, former faculty in the department of economics, late Sri.Job, former lab staff, late Sri.KM Purushothaman, library assistant and to our student, Late Sri.Jithin of 1st BA Economics.

### About College

It is my great pleasure and privilege to present this year's academic report. Malabar Christian College, situated at the heart of Calicut City, started by the German missionaries from basel has been providing spiritual, physical and mental support to the youth. At the time, When education was not available for everyone in the society, Malabar Christian College opened her doors to all, without discrimination. It was started off as a school in feroke back in 1848,graduated to a junior college in 1909,and has grown over the years to a full -fledged college.

The college is managed by the CSI Diocese of the Malabar and the Chairman of the College governing body is our Bishop RT. Rev. Dr. Royce Manoj Victor. We have a visionary manager, Sri Jaypal Samuel Zachai supported by the governing body, which includes former principal, clergies, banking and medical professionals. Together they are committed towards the upliftment of the college . at this juncture, I wish to remember all our former managers, principals, staff and students, who helped to mould the college into its present state.

The present principal of the college, Dr.Godwin Samraj took charge from Dr.Susannah Seth, Associate Professor of Chemistry on 19th Sep 2016

### Infrastructure

This year, a new research block and DAT-FIST funded network facility are added to our existing infrastructure. It is inaugurated by our patron, Bishop Rt. Rev. Dr. Royce Manoj Victor on 23rd September 2017.the chemistry Department Staff room, lab, Computer Room and Library is renovated

### Research

There are 32 research scholars doing PHD in the 4 Research departments. The College Acknowledge Dr.Mary Anithalatha Sadanandan and Dr.Lambert Kishore for successfully producing three PhDs from Zoology Research centre this year. Congratulations to Dr. Sajna, Dr.Shareef and Dr.Veena on their successful competition in PhD. Congratulations to Dr.Megna U, adhoc faculty in Department of Physics, who is recently awarded with PhD from University of Calicut. Congratulations to Dr. S. Santhosh for becoming a Research guide

of University Of Calicut. Two of our Staff members, Sri.Biju Mathew of Economics department and Smt. Prajila M. of Chemistry Department are doing their PhD under UGC faculty development program. There are 7 part-time PhD scholars among the faculties. They are:

| | |
|---|---|
| 1. Smt.Shyama, | Department of Mathematics |
| 2 .Smt.Sheela F Christina, | Department of History |
| 3. Sri.Haris.C, | Department of Chemistry |
| 4. Miss. Elsy Shereena, | Department of Chemistry |
| 5. Sri.Robart. V.S, | Department of Malayalam |
| 6. Sri.Prasoon.V.S, | Department of Malayalam |
| 7. Smt.P.V. Rajeswari | Department of Political Science |

We have faculties with externally funded research projects and published works to their credit. Dr Santhosh of Department of Zoology & Dr. Premanand of department of English are currently running major projects. Dr.Rema of Department of Chemistry, Dr.Dhanaraj and Dr.Deepa of Department of Physics and Dr.Sachin James of Department of Zoology are engaged In UGC Minor Projects.

**Awards and Books**

I wish to congratulate Dr.Premanand of Department of English for bagging the Prof. MM Ghani Award for the best teacher and Dr. Govind Raj, Assistant Professor of Chemistry department for getting selected for the FLAIR internship instituted by the Department of Higher Education, Govt of Kerala. Congratulations to Dr. NM Sunny, Associate Professor, Department of Hindi for publishing the book 'Bahishkrithan', and to Dr. Premanand of Department of English, for publishing the book 'Nuts and Bolts of English'. Congratulations to Sri. Haris, Associate Professor, Department of Chemistry and Sri. Joseph, Associate Professor, Department of History for securing third place in the intercollegiate Quiz competition for college teachers at MES College, Mampad.

**Activities**

In This year 2016-17, we have signed many outreach and extension programs. MCC have signed MoU with Govt. UP School, East Nadakkavu to assist in their academic endeavours and to conduct outreach programs for their students periodically. Members of the Women's cell is actively involved in the daily affairs of Govt. Mental Health care, Kozhikode, upholding our social commitment. Department of Physics has signed MoU with the Regional Science Center, Calicut and had conducted several classes for the students of MCC. Department of Chemistry has also signed MoU with CWDRDM, Calicut.

**Academic Bodies**

Our staffs are in the panel of different administrative and academic bodies of the Calicut university and other educational institutions. Dr. Godwin Samraj DP, Principal, MCC is the senate Member of the University of Calicut and Sri. Joseph, Associate Professor of the Department of History, is in the academic council of Calicut University. The Members of the Board of Studies are: Dr. Elsamma Jacob, Sri. Haridhasan K, Sri Haris C., Smt. Sindhu RS., Dr Anna Sally EM, Dr. Louis J Kattady, Sri. Vasisht MC Dr. Sreejith M. Nair, Dr. Ranjini KR, Dr. Santhosh S., Dr. ME Premanand, Dr.NM Sunny.

**Retirement**

This academic year three teaching staffs – Smt. Vineetha Sophia Gabriel, HOD, Department Of English, Smt. Beryl Gilbert, HOD, Department of Malayalam, and Dr. Mary Anithalatha Sadhanandhan, HOD, Department of Zoology are retiring. Three Non-teaching staff: Sri. Meryl Manoj Vincent, Head Accountant, Sri. George Jacob, Librarian, and Sri Simon, Lab Staff, will retire from their service. I convey my best wishes to all of them to continue their service to the cause of Higher Education.

**Lumanaries Visited**

This year has been glorious for Malabar Christian College, for many luminaries have marked their presence in the college like, celebrated Malayalam writer, MT Vasudevan Nair, well- known critic and writer, M K Sanu, retired civil servant and renowned writer N S Madhavan, prominent Marathi writer Sharan Kumar Limbale, Indian Cricketer Sreesanth, eminent historian MGS Narayanan, Leading Indian Social Scientist Rajan Gurukkal, Bhatnagar Award Winner Dr. V. Chandrashekaran, alumnus of MCC, Visiting Professor, Institute of Chemical Technology , Mumbai.

**Student's Achievements**

Students of MCC have accomplished praiseworthy achievements this year. Rohan S. Kunnumel, 1 BA English, has been selected to the under 19 Indian Cricket team. Ajaylal, 1 MA Malayalam, has been voted as University Union Vice Chairman. Jayasneha, 3rd BA Malayalam has presented a noteworthy performance in her solo, 'Penne PookumKalam'. College Union Chairman, Aswin RM had made the lyrics of Nandu, from 3rd BA Malayalam, into a music album titled 'Mazha'.

**University Exam Results of the Last Academic Year**: The Course and its pass percentage will be read out in sequence;

| | | |
|---|---|---|
| 1 | BSc Chemistry | 92 |
| 2 | BSc Mathematics | 78 |
| 3 | BSc Physics | 80 |
| 4 | BSc Zoology | 91 |
| 5 | BA Economics | 65 |
| 6 | BA History | 68 |
| 7 | BA Malayalam | 84 |
| 8 | BA Fntl. English | 93 |
| 9 | Bcom Finance | 76 |
| 10 | MSc Chemistry | 83 |
| 11 | MSc Mathematics | 77 |
| 12 | MSc Zoology | 100 |
| 13 | MA Malayalam | 100 |
| 14 | MA History | 95 |
| 15 | MSc Physics | 83 |
| 16 | MA Economics | 92 |
| 17 | MA English | 88 |
| 18 | MCJ | 92 |

## Departmental & Club Activities

### Chemistry

The Department of Chemistry is credited with two International publications this year. An Interactive Session by Dr. Renil Manat, Alumnus of the Department Of Chemistry, Senior Scientist, Carlsberg Research Centre, Denmark was steered on 2 August 2016. The Department organized an intercollegiate Chemistry Quiz Competition on 8 February 2017. An Annual Project Presentation Contest was conducted, on 27th September 2016. Prof. PP Krishnan endowment lecture delivered by Dr. V. Chandrashekharan, visiting Professor, IICT, Mumbai on 23 February 2017. The Department offers scholarship to the needy students. The alumni and well-wishers of the department give thirteen cash prices every year. MS Athira E K will be awarded the Gold medal as the BSc topper by the Chemistry alumni. Ms. Ragija P was awarded the best outgoing PG student price.

### Economics

Department of Economics has organised an UGC Sponsored National seminar on 'Bank Financing for Industries and Foreign Trade' on 2nd and 3rd February 2017. In collaboration with State Bank of Travancore, the Department conducted an intercollegiate oratorical competition on 'Corruption and its impact on Developing Countries' during Vigilance Awareness Week on 31 October 2016

### English

The Department of English continues to produce innovative ICT tools for making the learning process simple and interesting like gamification in classrooms, Nuts & Bolts of English, Podcasts, and Quickmems. The Indo-Anglian Theatre is a pedagogical tool by the department. The department has 25 published papers and 4 seminars were held including an international seminar. The Department of English celebrated the Digital Learning Day on 23 Feb 2017. Department conducted four workshops and one extention lecture on Media Literacy and Academia delivered by Dr. Arunlal, Assistant professor, Govt. College, Mokeri On 16 Feb 2017. Smt. Reshmi CB, Research scholar of former HOD Lissy Manjooran, Is awarded PhD and won Best Paper award at National conference at Goa.

### Hindi

The Department of Hindi celebrated Premchand Day on 29 July 2016 in association with the Calicut Book club. Isaac Eappen, Bhasi Malaparambe, Pavur Sasiendren, and T P Mammu Master were present for the function. The department organized a motivation class by Faslu Rahman, Research scholar, TISS, on 22 August 2016. Sri. Balendu B. was awarded M.Phil from DBHPS, Chennai under the guidance of Dr. N M Sunny. Dr. N M Sunny and Dr. Annasalley EM have given talks at All India Radio,Kozhikode.

### History

Department organized a talk on Archaeological Excavations by Smt. Jenne Peter, Assistant Professor of History, UC College, Aluva on 13 Jun 2016. Dr. K N Ganesh has lectured on Revenue Administration of the cholas on 23 June 2016. On 27 June 2016, Dr. M R Raghava Warrier presented a paper on Chola state. Renowned historian Dr. MGS Narayanan presented a lecture on Calicut in History. The Department conducted an Exibition of Archival Documents inaugurated by Hon. Mayor Sri. Thottathil Raveendran. Sri. Abdul Majeed, Retd. Archivist, Regional Archives, Calicut have given a class on 'Archieves' on 25 November 2016. The renowned social scientist Dr. Rajan Gurukkal delivered Prof. Neelakada Shasthri Memmorial lecture on 6th Mar 2017. Dr. Shinoy Jesinth prepared calendar on history of Southern Railways. The calendar was supported with archival documents and photographs.

**Malayalam**

As a part of Diamond Jubilee celebrations, the department conducted several programs like interclass Mathematics Quiz competition, interclass SUDOKU competition, Intercollegiate Mathematics presentation contest and talk on Formalism by Prof. Muhammed P., Retd. Professor, Govt. College, Tirur. Orientation class for PG students on Mathematics project and Research methodologies was held by Retd. Prof. Chandrashekharan, Govt. College, Calicut. A regional seminar on Combinatorial Analysis and linear Algebra was conducted by the department in which Dr. Varghese Mathew, Associate Professor, Mar Thomas College, Tiruvalla and Dr. Anil Kumar V. were the resource persons. Certificate course on Latex was inaugurated by an introductory class by Dr. Sudheer K, Associate Professor, Farook College, Calicut.

**Physical Education**

This year was yet another glorious year for Department of Physical Education. The following students are the national level achievers in their games:

ROHAN S KUNNUMMAL (I BA Eng) -Represented U-19 India South Zone Cricket Team.

ASWINI SURESH (II BA Eco) -Bronze Medal in National Junior Power lifting Championship.

VRINDA S KUMAR (II MA His) -Represented Kerala Senior Cricket Team in the Nationals.

CHANDANA KP (II BA Eng) -Represented Kerala State Senior Taekwondo Team in the Nationals and won Silver Medal.

SOORYA GANESH (II Bsc Mat) - Represented Kerala State Senior Taekwondo Team in the South Zone Nationals.

MUHAMMED SHAHAL K (II Bsc Zoo) -Represented Kerala State Junior Wrestling Team in Nationals

SWATHI KISHOR (II Bcom) -Participated in the National Junior Power lifting Championship

AKSHAY PRAKASH (III Bsc Mat) -Selected to Represent Indo-Bhutan Rural Games in Boxing.

**Physics**

The Department of Physics conducts a certificate course on Astronomy and Astrophysics. In connection with International space week celebrations, the department organized an exhibition on 7 Oct 2016. Mr. Jithin Prakash and Amogh M S of III BSc Physics, won prizes in inter- collegiate Quiz competition held at Providnce Women's College on 14 January 2017 and at St. Joseph's College, Devagiri on 25 January 2017. Aneesh CP, Hima Nakulan, Sisira Baburaj and Harikrishnan P Ravi, won first prize in the treasure hunt competition held at St. Joseph's College, Devagiri at Brahmam fest.

**Statistics**

The Department organized a seminar on "Actuarial Profession: An Overview" on 4 Oct 2016 and talk on "Scope for Higher Studies & Career Opportunities in Mathematics" on 20 Jan by Ms. Bindu PP.

**Zoology**

The faculties of the department published 12 papers, 3 books and presented a paper at international conference. The department celebrated Environment Day by holding a talk on 'Environmental Issues in Kerala'. Zoology Alumni Association organized Prof. Hund=t memorial lecture. Dr. Saseendhan, Scientist, IFGTB, Coimbatore, delivered the lecture on 8 Feb 2017. Awareness classes were conducted by the faculty members on Drug abuse, Adolescence problems etc at the educational institutions in the city.

**Commerce & Management Studies**

Organized One day Management Fest (Ozora MC-MAGNA,2k16) on Dec 2016, Hon. Dr. P. Mohan, Pro-Vice Chancellor, University Of Calicut inaugurated the Fest. A Blood Stem Cell Donor Camp was conducted as association with Dharthi Blood Stem Cell Donors registry.

**Department of Journalism and Mass Communication**

Department of MCJ organized an Awareness program on World Rabies Day and a talk on New Trends in Malayalam Journalism by Sreejith K. Warrier, Manorama Chief Subeditor on 7th Nov 2016. The Department publishes a college newsletter, MCC TIMES. Congratulations to Arjun Govind and Sooraj Nair for winning second prize in Ad Film contest; Amurutha Lal for winning second prize in mobile phone photography & Sunaina for winning the first place in script writing contest in the Communion Media Fiesta 2017 bt Calicut University.

**PTA**

PTA extends help to needy students and financial assistance or counseling. PTA helped a family to build their house. A motivation class was conducted for the first year students on October 2016. PTA organized a general body meeting of parents of I year students on 17 November 2016, in which more than 350 parents participated. An awareness class was conducted for the parents regarding effective parenting by Rev. Dr. TI James.

**NSS**

The MCC NSS unit got second prize for constructing the bund across the river from CWRDM. Our students regularly visits and clean surroundings of Mental Health Centre, Calicut. MCC NSS unit planted a Neem sapling on Evironmental day. Mr. Jeejo Godfed selected the PRD Camp and National Youth Festival Camp.

**NCC**

NCC Girls Army wing of MCC flagged off the activities by planting around the college on 4 June 2016. NCC cadets visited 'Home of Love', spend time with the inmates, distributed dress and sweets. NCC celebrated The National Yoga Day on 21 June 2016. Aiswarya K of III Bsc Mathematics attended All India Trekking Camp in November 2016 at Ajmeer. Ananya SB and Neeraja of II Physics attended National Integration Camp in Dec 2016. Shibina K. of II BA Malayalam attended NIC. In 2016, ten II year cadets appeared for 'B' certificate exam, and 14 cadets appeared for 'C' certificate exam.

**IQAC**

IQAC organized a NAAC sponsored seminar on Quality sustenance and Enhancement in Higher Education on 18th February 2017, in which NAAC Advisor Mr. Ponmudiraj participated and delivered a talk. IQAC organized a series of NET, PSC and Remedial coaching classes this year.

**SSP**

A cluster of meeting was held on 28 Jan 2016, for six colleges in and around Calicut. Main speakers were ---- Dr. APM Muhammed Rafeeq, Dr. Lambert Kishore and Dr. T N Jagadeesh Kumar. General Mentoring Session was conducted on 21 Feb 2017. Mr. Jamaludheen, chief career consultant, CIGI spoke on Personality Development.

**WWS**

Top ranked students were selected for mentoring and grooming for the next three years. External mentoring sessions in Personality Development by Mr. Hemapalan, Career options by Ms. Ramala Beegum, Mind power development, Resume writing, etc were organized.

**Women's cell**

The activities of the year 2016-17 were inaugurated by Ms. Shamin Sebastian, Deputy Collector, Kozhikode on 6 Sep 2016. The club organized 20 programmes in a period of 6 months like Motivation class by Prof. Gladys PE Issac, Retd. Principal, Malabar Christian College; Echibition of student's handicrafts, painting and food festival in collaboration with Youth clinic of the college on 8 Dec 2016 and Debate on women's safety moderated by Dr. Suneeta TV, Guruvayoorappan College. This year's Women's Day was inaugurated by MS. Mourmayi Joshi IAS, Secretary, Kozhikode Corporation. A talk on Role of Youth in Preventing Corruption in connection with Vigilance Awareness week by Mr. Sabu G, DySP, Vigilance and Anti Corruptions Bureau, Kozhikode. Cancer Awareness Programme by Dr. Vajitha Rijju, Palliative Oncologist was conducted on 17 Feb 2017.

**Science Forum**

Science Forum has implemented Green Protocol in the campus and an oath taking ceremony was held. The Forum conducted a training workshop on LED assembling, organized National Science Day lecture by Dr. KV Thomas and an awareness programme on Plastic Waste Management by Dr. Lisa Sreejith, NIT, Calicut. Inter- departmental Quiz competition, Poster making competition and Essay competition were conducted. A Quiz club started in campus, for providing training to the students.

**Film and Journalism Club**

The club organized a memorial lecture in honor of noted scriptwriter TA Razak on 21 Aug 2016. On 4 Oct 2016, a seminar on Gandhi was organized. A talk on 'New Trends in Malayalam Media' was delivered by Sreejith Warrier, Senior Sub Editor, English translations etc were held at MCC Library. Documentary Film Festival, Russian Film Festival etc were screened and an exhibition of Subjash Chandran's books was held.

**Chair for Christian Studies**

Chair for Christian Studies organized a Debate on Women in Religion on 7th Mar 2017. Eminent writer Shahina Rafeek, Sister Nirmal and Dr. Devi participated in debate. Dr T.I James wast the moderator.

It was an active year for the college. There are lot more activities happening in the college, which couldn't be mentioned due to time and space constraints. All these achievements were possible due to the committed service of the teaching staff, non-teaching staff and the students. I would like to conclude this annual report by thanking the Chairman, Governing Body, Faculty Members, Staff and students for their help and support to the development of Malabar Christian College, Calicut



# NCC ACTIVITIES 2016-17

## 9(K) NAVAL NCC

**The Independance day and the republic Day was observed in the campus. Four cadets of 9(K) Naval NCC have attended National Campus including All India Nau Sainik Camps and Republic Day Camp.Cadet Jayakrishnan of 3rd BSc. Physics attended All India Nau Sainik Camp at Karwar, Karnataka.Cadet Soorej Arun of 3rd BSc. Zoology attended republic day camp at Delhi.Cadet Anusree K.C. of 3rd BA Economics attended All India Yachting Regatta at Chilka. Cadet Harsha of 3rd BA economics attended rock climbing training camp at Gwalior,Madhya Pradesh.This year 17 2nd year cadets appeared for B certficate exam and 8 3rd year cadets appeared for C certificate exam.On July 5th,Environmental day was celebrated by planting trees in the MCC premises by NCC cadets in the presence of care taker Danie.C.Mathews and principal of MCC.There was a cleaning campaign in the college premises done by Naval NCC Cadets on October 2nd Gandhi Jayanti.On 27th december 2016,in connection with NCC Day celebrations.We conducted Run for Fun.On 26th December 2016 celebrated NCC day by visiting childhome vellimadikunnu along with our new care taker and PT staff Sumith Kamboj.All the cadets participated and distributed sweets and cloths**

**Dengue awareness programme;on 3rd july 2017,the Naval cadets of Malabar Christian College unit conducted an awareness programme on Dengue.The programme started with the presence of Care taker Shri.Danie C.Mathews and the principal of MCC and brochures on Dengue fever to the locality,many shopkeepers and the passangers co-operated with the programme.**




## NCC ACTIVITIES 2016-2017
## 9(K) GIRLS ArMY WING

We the NCC Army wing girls started the NCC activities for the academic year 2015-2016 by planting trees in the college surrounding on june 5th,Environment Day.Participated in the programme conduted by Health Department on June 14th at MCC,Calicut.On June 21st Yoga Day was celebrated.One cadet did the yoga practice at 7:30 a.m. in the auditorium of the college.NCC cadets "HOME OF LOVE" at Chevarambalam, Calicut and spend time with the inmates of "HOME OF LOVE"and distributed clothes and sweets on 23rd November.Indepedence Day and Republic Day was observed in the campus.This year 10 second year cadets appeared to the 'B' certificate and 14 Third year cadets appeared for the 'C' certificate exam.

Details of the cadets who done ext ra camps

| | NAME OF THE CADET | COURSE | CAMP |
|---|---|---|---|
| 1 | CDT. Aishwarya.K | 3rd sem | All India Trekking Camp, Ajmeer,Rajasthan |
| 2 | CDT. Shibna.K | 3rd sem Malayalam | NIC,(National Intergratim camp at Dhimapur) |
| 3 | CDT.Ananya S.B. | 3rd sem maths | NIC, at NIT Calicut |
| 4 | CDT. Neeraja | 3rd sem maths | NIC, at NIT Calicut |


നന്ദി

"മാനമാം കൽപത്തിനറ്റമില്ലിത്തരം
എത്രയെന്നുമിനിയെത്രയെന്നുമില്ല,
എത്രയെന്നാലുമിതുപോലിതിൽ നിന്നു
ഞാനെന്നുമെന്റെയെന്നുമെനിക്കെന്നതും
മാനം നടിച്ചു ദ്വൈതഭ്രമവാക്കിനാൽ
വാണു മരണവും വന്നു ഭവിക്കുന്നു"

പ്രതിരോധങ്ങളെ പാപമായി കാണുന്ന
പുതിയ നിയമങ്ങളെ തിരിച്ചറിയാൻ
പെറ്റമ്മയുടെ മടിക്കുത്തിൽ കയറിപ്പിടിച്ച
കൈകളെ അറുത്തുമാറ്റാൻ
ഇറച്ചി കഷണത്തിൽ
സ്വജീവൻ ത്യജിക്കേണ്ടി വന്നവന്റെ
കാവലാളാവാൻ
ദളിതന്റെ കഞ്ഞിയിൽ വാരിയിട്ട
കല്ലെടുത്തുകളയാൻ
നിശബ്ദതയുടെ കോട്ടയിൽ അടച്ചുകെട്ടപ്പെട്ട
ജീവനുകൾക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ
പണത്തിന്റെ ത്രാസിൽ തൂങ്ങിയാടിയപ്പോൾ
അക്ഷരം നഷ്ടപ്പെട്ടവന് കനം നൽകാൻ
ജനനം തന്നെ മരണകാരണമെന്നെഴുതിയ
യുവത്വങ്ങളിനിമേൽ ജനിക്കാതിരിക്കാൻ
തിന്മകളുടെ മാലിന്യം പറിച്ചെറിഞ്ഞ്
നന്മയെ പുനഃസ്ഥാപിക്കാൻ
അവതാരങ്ങൾ പിറവികൊള്ളേണ്ടതുണ്ട്
പുരാണത്തിലെ അരൂപമായ ബിംബമായല്ല
നമ്മിലെ മാറ്റത്തിന്റെ പുതിയ രൂപങ്ങളായി
തിന്മയെ തിരിച്ചറിയുന്ന വിവേചന ശക്തികളായി
എല്ലാത്തിനുമുപരി, ചൂണ്ടുവിരലുയർത്താൻ ഭയക്കാത്ത
മനുഷ്യാവതാരങ്ങളായി
നമുക്ക് നിലയുറയ്ക്കാം.

-എഡിറ്റർ

